പിഷാരോടി സമാജം പ്രസിദ്ധീകരണം

# തുളസീദളം

മാർച്ച് 2025



ഒല്ലൂർ എടക്കുന്നി സാരസ്വതത്തിൽ ജിതിനും വടക്കാഞ്ചേരി ഞാറക്കുളങ്ങര പുഷ്പകത്ത് ഗോപികയും തമ്മിൽ 2025 ഫെബ്രുവരി 02 ന് നടന്ന വിവാഹത്തോടനുബന്ധിച്ച് കുടുംബം ഈ ലക്കം സമർപ്പിക്കുന്നു.



## ചരിത്രത്തിന്റെയും ആത്മീയതയുടെയും കുംഭ മേളക്കൊരു കൈക്കുമ്പിൾ അമൃത തർപ്പണം



"കഴകത്തിന്റെ ആദരവുമായി" – തൃശൂർ ശാഖ കഴകക്കാരെ ആദരിച്ചപ്പോൾ.

# Pisharody's

CATERING | AUDITORIUM | HERITAGE
RESTAURANTS | EVENT MANAGEMENT




**Pisharody's Veg. Restaurant**
Near Toll Plaza, Paliyekkara
Mob : 9544276600



**Pisharody's Convention Centre**
Near SDAHS, Kanniyampuram,Ottapalam
Mob : 9744477766




**Pisharody's Veg. Restaurant**
Mele Manjalungal, Pattambi
Mob : 9544906600




**Pisharody's Veg. Restaurant**
Near Town Police Station, Guruvayur
Mob : 9544256600



**Pisharody's Heritage**
26th Mile, Kavalappara,
Mob : 9544796600




**Pisharody's Restaurant**
Centre Square Mall, M.G.Road,
Kochi, Mob : 9544456600




**Pisharody's Restaurant**
Kuruppam Road, Thrissur,
Mob : 9544466611

*Plan all your events under one roof !*

Kavalappara, Shornur
97 444 777 66, 95 446 06 600 pisharodyrsunu@gmail.com

# തുളസീദളം

പിഷാരോടി സമാജം പ്രസിദ്ധീകരണം


**2025 മാർച്ച്**

**പുഷ്പം 45 / ദളം 12**

**1200 കുംഭം–മീനം**


## പത്രാധിപസമിതി


ചീഫ് എഡിറ്റർ:
**ശ്രീമതി എ.പി. സരസ്വതി**

എഡിറ്റർ: **ശ്രീ. ഗോപൻ പഴുവിൽ**

സബ്ബ് എഡിറ്റർ:
**ശ്രീ. സുരേഷ് ബാബു വിളയിൽ**

പത്രാധിപസമിതിയംഗങ്ങൾ

**ശ്രീ. സി.പി. അച്ചുതൻ**
**ശ്രീ. മുരളി മാന്നന്നൂർ**
**ശ്രീ. കെ.എൻ. വിജയൻ**
**ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ**
**ശ്രീ. വി.പി. മുരളീധരൻ**

മാനേജർ: **ശ്രീ. ആർ.പി. രഘുനന്ദനൻ**

അസിസ്റ്റന്റ് മാനേജർ:
**ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം**

കവർ ഡിസൈനിംഗ്:
**ശ്രീ. രാജൻ രാഘവൻ**
**(സിത്താര, കൊടകര)**



Head Office : Udayanagar, Ayyanthole,
Thrissur-680 003, Kerala, India.
e-mail : mail@pisharodysamajam.com
mail.pisharodysamajam@gmail.com


Visit our website :
www.pisharodysamajam.com


വരിസംഖ്യ ഒരു വർഷത്തേക്ക് : 200 രൂപ


"അകലെ വസിയ്ക്കുമ്പോഴും
അകമലരിൽ കരുതേണം
അമ്പലമണിതൻ നാദം
'തുളസീദള' സൌരഭ്യം"

## ദളസുഗന്ധം


**പത്രാധിപക്കുറിപ്പ്**....................................4

**പ്രതിഫലനം – വൈപരീത്യം**..........................6
എ.പി. സരസ്വതി

**ലേഖനം – ചരിത്രത്തിന്റെയും ആത്മീയതയുടെയും മഹാകുംഭമേളയിലൂടെ**..............................7
രവീന്ദ്രൻ ടി.ജി.

**കവിത – പൊട്ടി**....................................12
അനിയൻ തിരുവേഗപ്പുറ

**റിപ്പോർട്ട് – ആദരവ് 2025**..........................17

**കേന്ദ്ര സംയുക്ത ഭരണസമിതി യോഗ റിപ്പോർട്ട്**.......20

**കവിത – സുർബഹാർ**..............................23
രമ പ്രസന്ന പിഷാരോടി

**നർമ്മം – പാത്രം മോറാൻ അമ്മിണി**..................25
ടി.ആർ. രഘുനന്ദനൻ

**കവിത – A Journey of Growth**.....................26
വേദ മഹേഷ്

**ലേഖനം – ഭാഷയിലെ കൊടുക്കൽ വാങ്ങലുകൾ ദി പോർത്തുഗീസ് കണക്ഷൻ**.......................31
അരവിന്ദാക്ഷൻ സേലം

**കവിത – പുഞ്ചിരി**..................................34
ശ്രീമൂലനഗരം ഗിരീഷ്

**ഭക്തി – ഗുരുവായൂരപ്പന് ഉദയാസ്തമനപൂജ**........37
ലീല ബാലകൃഷ്ണൻ

**യാത്ര – രജ്പുത്താന**..............................39
മുരളി ആനായത്ത്

**ലേഖനം – സംശയങ്ങൾ**............................45
വേണു വീട്ടിക്കുന്ന്

**വൈവാഹികം**.......................................47

**ശാഖാവാർത്തകൾ**.................................48

**ആദരാഞ്ജലികൾ**.................................54

പറഞ്ഞത് അറിഞ്ഞത് അറിയേണ്ടത്

# പേടിക്കണം.... പേടിയെ

**പു**തു തലമുറയുടെ ആശങ്കകളെ കുറിച്ച് ഈയിടെ വെറുതെ ചർച്ച ചെയ്തു കൊണ്ടിരിക്കെ ഡോക്ടർ പങ്ക് വെച്ച അനുഭവം (അനുഭവങ്ങൾ എന്നും പറയാം) ആണ് ഇവിടെ കുറിക്കുന്നത്. ഡോക്ടർക്ക് 72 വയസ്സ് പ്രായം. ആളൊരു സരസനാണ്. ഗവൺമെന്റ് ഡോക്ടറായിരുന്നു. റിട്ടയർമെന്റിനു ശേഷം വീട്ടിൽ വരുന്ന രോഗികളെ കാണും. വലിയ പ്രതിഫലമൊന്നും വാങ്ങില്ല. നാട്ടിൽ ആർക്കും എന്ത് അസുഖം വന്നാലും ആദ്യമെത്തുക ഈ ഡോക്ടറിന്റെ അടുത്താണ്. ഏത് പാതിരാത്രിക്ക് ചെന്നാലും ഡോക്ടർ നിരാശപ്പെടുത്തില്ല.

ഒരു ദിവസം രണ്ട് ചെറുപ്പക്കാർ അദ്ദേഹത്തെ കാണാൻ വന്നു. രണ്ട് പേർക്കും 22 വയസ്സ് കാണും. ഡോക്ടർ അവരുടെ അസുഖവിവരം അന്വേഷിച്ചു.

'അങ്ങനെ പ്രത്യേക അസുഖം എന്ന് പറയാൻ പറ്റില്ല സർ. ഭയങ്കര ക്ഷീണം. ഉറക്കമില്ല. ചിലപ്പോൾ നല്ല പനിയുണ്ടെന്ന് തോന്നും.

ഹാർട്ടിന്റെ പ്രവർത്തനം അബ്നോർമ്മലാണ്. പെട്ടെന്ന് വീണു മരിച്ചു പോകുമോ എന്ന് പേടി. കണ്ണുകൾക്ക് കാഴ്ച്ച കുറവ്. എപ്പോഴും വലിയ ടെൻഷൻ ആണ് സർ. കമ്പ്യൂട്ടറിൽ നോക്കുമ്പോൾ അധിക നേരം.......' ചെറുപ്പക്കാരന്റെ രോഗ വിവരണം അങ്ങനെ നീണ്ടു.

എല്ലാം കേട്ട ശേഷം ഡോക്ടർ ചോദിച്ചു. 'ടെസ്റ്റുകൾ എന്തെങ്കിലും നടത്തിയോ?'

'ഓരോ ആറു മാസം കൂടുമ്പോഴും ഫുൾ ബോഡി ചെക്കപ്പ് നടത്തുന്നുണ്ട്. അതിൽ എല്ലാം നോർമൽ എന്നാണ് കാണാറ്. ലാബുകൾക്ക് തെറ്റ് പറ്റിയതാവുമോ എന്ന് സംശയിച്ച് അതേ ടെസ്റ്റുകൾ വേറെ ലാബിലും ആവർത്തിക്കാറുണ്ട്.

'ഉം. പല ഡോക്ടമാരെയും കാണാറുണ്ടാകും...?'

'സത്യം. നമ്മുടെ ആരോഗ്യം നമ്മളല്ലേ നോക്കേണ്ടത് സർ? അവരൊക്കെ മെഡിസിൻ എഴുതാറുണ്ട്. അത് കഴിക്കുമ്പോൾ കുറയും. നിർത്തിയാൽ പിന്നെയും....ചിലപ്പോൾ തോന്നും ഇത് മെന്റൽ ആണ് എന്ന്.'

'മദ്യപിക്കാറുണ്ടോ?'

'ഇല്ല എന്ന് പറയാനാവില്ല. പക്ഷെ അഡിക്റ്റ് അല്ല'

'മയക്കു മരുന്ന്?'

'ഇതു വരെ ഇല്ല. പക്ഷെ ഉപയോഗിച്ചാലോ എന്ന് പലപ്പോഴും തോന്നാറുണ്ട് സാർ'.

'നിങ്ങളുടെ പ്രശ്നം എനിക്ക് മനസ്സിലാകുന്നുണ്ട്. ജീവിതത്തെ നേരിടേണ്ടി വരുന്ന സമയത്ത് യുവജനങ്ങൾ അനുഭവിക്കുന്ന ആശങ്ക, ഭയം, അരക്ഷിതത്വം. ഇതേ അവസ്ഥയിലൂടെ ഞാനും എന്റെ ചെറുപ്പത്തിൽ കടന്നു പോയിട്ടുണ്ട്. അന്ന് ഇന്നത്തെപ്പോലെ കമ്പ്യൂട്ടറോ മൊബൈൽ ഫോണൊ ഒന്നുമില്ല. അറിവിനെ അറിയാൻ ദിനപ്പത്രങ്ങൾ മാത്രം.

വലിയ പൂരങ്ങൾക്കും ഉത്സവങ്ങൾക്കും ഉണ്ടാകാറുള്ള എക്സിബിഷനിൽ മെഡിക്കൽ കോളേജ് പവിലിയനുകൾ ഉണ്ടാകും. അവിടെ ഒരുവിധം രോഗങ്ങളുടെയും ലക്ഷണങ്ങൾ വലിയ അക്ഷരങ്ങളിൽ എഴുതി വെക്കും. ഇതൊക്കെ വായിക്കുന്ന ഞാൻ പവിലിയനിൽ നിന്ന് പുറത്ത് കടക്കുമ്പോഴേക്കാം അവിടെ കണ്ട സകല ലക്ഷണങ്ങളും എനിക്കുണ്ടെന്ന തോന്നലാൽ ഒരു വിഷാദ രോഗിയാ

യി തീരും. ഇന്ന് അതിനു പകരം ഗൂഗിൾ ഉണ്ട്. യൂട്യൂബ് ഉണ്ട്. നമുക്ക് ഒരു പനി വരുമ്പോൾ ആദ്യം നോക്കുക ഗൂഗിൾ ഡോക്ടറെയാണ്. ഇന്ന് അറിവിന്റെ സാമ്രാജ്യത്തെ കീഴടക്കാൻ ഒരു വിരൽ സ്പർശം മതി. ഒരുപാട് പേർക്ക് നെഗറ്റീവ് അറിവുകളെ തേടി പോകാനാണിഷ്ടം. അത് അപകടമാണ്. സത്യത്തിൽ നിങ്ങൾക്ക് ശാരീരികമായി യാതൊരു അസുഖവുമില്ല. പക്ഷെ ഒരു ഡോക്ടർ പറഞ്ഞാലും നിങ്ങൾ അത് വിശ്വസിക്കാൻ തയ്യാറല്ല. മനസ്സ് സമ്മതിക്കില്ല. നിങ്ങളെ സമാധാനിപ്പിക്കാൻ വേണ്ടി എനിക്ക് ഏതെങ്കിലും ടാബ്ലറ്റുകൾ നിങ്ങൾക്ക് എഴുതി തരാൻ സാധിക്കും. പക്ഷെ അപ്പോൾ തന്നെ നിങ്ങൾ അവയുടെ കൺഡന്റ് തേടി ഗൂഗിളിൽ ഇറങ്ങും.'

'എല്ലാം ശരിയാണ് സാർ. പക്ഷെ എന്റെ ശരീര സ്ഥിതി ശരിയല്ല എന്ന് എനിക്കറിയാം. അതിനൊരു പരിഹാര മാർഗ്ഗം ഉണ്ടാവില്ലേ സർ...?'

പിന്നെയും ആ ചർച്ച നീണ്ടു. ചർച്ചയുടെ ഫലം എന്തായോ എന്തോ?

ഇന്നത്തെ ഏറ്റവും വലിയ ചർച്ചാ വിഷയം യുവജനങ്ങളിൽ വളർന്ന് വരുന്ന അക്രമ വാസനകളെ പറ്റിയാണ്. സ്കൂൾ കുട്ടികൾ തമ്മിൽ തല്ലി മരിക്കുന്നു. എംഡി.എമ്മും കഞ്ചാവുമൊക്കെ കുട്ടികൾക്ക് എളുപ്പം കിട്ടുന്നു. മയക്കു മരുന്നിന്റെ ലഹരിക്ക് യുവജനങ്ങളിൽ പലരും അടിമകളാണ് എന്നത് പരസ്യമായ രഹസ്യം. നാളത്തെ പ്രതീക്ഷകൾ എന്ന് കരുതിയവരിൽ പലരും ശാപങ്ങൾ ആയി മാറുന്നത് കടുത്ത വേദനയോടെ മാത്രമേ കാണാനാകൂ. യുവജനങ്ങളുടെ ഇടയിൽ വലിയ ബോധവൽക്കരണ യജ്ഞം തന്നെ നടക്കേണ്ടതുണ്ട്. അരക്ഷിതത്വ ചിന്തകളിൽ നിന്ന് ശുഭ പ്രതീക്ഷകളുടെ വഴിയിലേക്ക് അവരുടെ മനസ്സുകൾ മാറേണ്ടതുണ്ട്. അവരുടെ പേടികൾക്ക് ജീവിത സത്യങ്ങളുമായി ബന്ധമില്ലെന്ന് അവർ തിരിച്ചറിയേണ്ടതുണ്ട്.

ഭാരതത്തിൽ ഏറ്റവുമധികം ശ്രദ്ധാ വിഷയവും ചർച്ചാ വിഷയവുമായ കുംഭമേളക്ക് ശിവരാത്രിയോടെ സമാപനമായി. നൂറ്റി നാല്പത്തി നാല് വർഷങ്ങൾക്ക് ശേഷം മാത്രം സംഭവിക്കുന്ന പ്രയാഗ് രാജ് മഹാ കുംഭമേളക്ക് പങ്കെടുക്കാൻ കഴിഞ്ഞവർ മഹാഭാഗ്യവാന്മാരാണെന്ന് പറയാതെ വയ്യ. ഇത് ഈ തലമുറക്ക് ലഭിച്ച വരസിദ്ധി. പതിവ് പോലെ വിമർശനങ്ങളും കുറ്റങ്ങളും കണ്ടെത്തുന്ന ദോഷൈക ദൃക്കുകൾ ഇപ്പോഴും കച്ച കെട്ടിയിറങ്ങി. അർത്ഥമില്ലാത്ത വാചകകസർത്തുകളോടെ. അത് സാരമില്ല. എതിർപ്പുകൾ ശക്തി കൂട്ടുകയേ ഉള്ളൂ.

മാർച്ച് ഉത്സവങ്ങളുടെ മാസമാണ്. ഒപ്പം വിദ്യാർത്ഥികൾക്ക് പരീക്ഷക്കാലവും. നന്നായി ആഘോഷിക്കുക. നന്നായി പഠിക്കുക. സന്തോഷകരമായ മനസ്സുകൾക്ക് കരുത്തും സൗന്ദര്യവും ഏറും. ആശംസകളോടെ...

**പത്രാധിപ സമിതി.**

# കാലിക്കറ്റ് സർവകലാശാല A-Zone കലോത്സവത്തിൽ ആദിത്യകൃഷ്ണൻ കലാപ്രതിഭ



**കാ**ലിക്കറ്റ് സർവകലാശാല A~Zone കലോത്സവത്തിൽ ആദിത്യ കൃഷ്ണൻ കലാപ്രതിഭയായി. കഥാ പ്രസംഗം, മാപ്പിളപ്പാട്ട് (Male), കഥകളി സംഗീതം (Male), ദേശഭക്തി ഗാനം തുടങ്ങിയവയിൽ ഒന്നാം സ്ഥാനവും വട്ടപ്പാട്ട് മത്സരത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയാണ് പാലക്കാട് വിക്ടോറിയ കോളേജിലെ അവസാന വർഷ ബോട്ടണി വിദ്യാർത്ഥിയായ ആദിത്യൻ ഈ നേട്ടം കരസ്ഥമാക്കിയത്.

ആദിത്യൻ കോങ്ങാട് ശാഖാ വൈസ് പ്രസിഡണ്ട് ആണ്ടാംപിഷാരത്ത് അച്യുതാനന്ദന്റെയും ജ്യോതിയുടെയും മകനാണ്.

ആദിത്യന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

പ്രതിഫലനം

# വൈപരീത്യം



എ.പി. സരസ്വതി

**ലോ**കജീവിതത്തിൽ പരിശ്രമിച്ച് നേടേണ്ട തായ അഥവാ എല്ലാവരും നേടാനാഗ്രഹിക്കുന്ന മൂന്നു കാര്യങ്ങളാണ് അറിവും ധനവും ആരോ ഗ്യവും. വിവിധ വിഷയങ്ങളെക്കുറിച്ച് ആഴത്തി ലുള്ള അറിവു നേടാൻ പരിശ്രമിക്കുന്നവർ ഏറെ യുണ്ട്. കണക്കില്ലാതെ ധനം സമ്പാദിച്ച് മറ്റുള്ളവ രുടെ മുമ്പിലെത്തി ഡംഭുകാണിക്കാൻ അതിലുമ ധികം ആളുകളുണ്ട്. ശരീരശക്തി കൂട്ടാനുള്ള പല വഴികളും തേടി പരീക്ഷിക്കുന്ന വ്യക്തികളാകട്ടെ, അതിലുമെത്രയോ മടങ്ങ്! ഇതെല്ലാം വേണ്ടതുത ന്നെ. ഇവകൊണ്ടുള്ള പ്രയോജനത്തെക്കുറിച്ചു ചിന്തിക്കുന്നൊരു ശ്ലോകമുണ്ട്, സംസ്കൃതത്തിൽ.

വിദ്യാവിവാദായ ധനം മദായ
ശക്തിഃ പരേഷാം പരിപീഡനായ
ഖലസ്യ, സാധോർവിപരീതമേതദ്-
ജ്ഞാനായ ദാനായ ച രക്ഷണായ

ഖലന് അതായത് ദുർബുദ്ധിയായ ഒരാൾക്ക് വിദ്യ വിവാദത്തിനുള്ളതാണ്. മറ്റുള്ളവർ എന്തു പറ ഞ്ഞാലും അതിനെ ഖണ്ഡിക്കാനും ദോഷവശ ങ്ങളെ മാത്രം കണ്ടെത്തി എതിർക്കാനുമാണ വർക്കുത്സാഹം. അവർക്ക് സമ്പത്ത് മദത്തിനുള്ള താണ്. മറ്റുള്ളവരെയൊക്കെ അല്പന്മാരായിക്കണ്ട് അഹങ്കരിക്കാനുള്ളതാണ്. ശരീരശക്തിയാണെ ങ്കിൽ അന്യരെ പീഡിപ്പിക്കാൻ മാത്രമുള്ളതാണ്. തങ്ങളേക്കാൾ ശക്തി കുറഞ്ഞവരെ ഭീഷണിപ്പെ ടുത്തുകയോ അവർക്കുനേരെ ശക്തിപ്രയോഗം നട ത്തുകയോ ചെയ്യുന്നതിലാണവർക്കു സന്തോഷം.

സാധുവായ അതായത് സത്സ്വഭാവിയായ ഒരാളുടെ കാര്യത്തിലാകട്ടെ ഇതെല്ലാം വിപരീത മാണ്. സജ്ജനം വിദ്യ നേടുന്നത് സ്വന്തം അറിവു വർദ്ധിപ്പിക്കുക എന്ന ആഗ്രഹം കൊണ്ടുമാത്രമാ ണ്. ഓരോ പുതിയ അറിവും അവന് ആത്മസുഖം പകരുന്നു. ധനമാണെങ്കിൽ ഇല്ലാത്തവർക്ക് ദാനം ചെയ്യാനാണ്. സ്വയം വാടകവീട്ടിൽ താമസിച്ച് വീടില്ലാതെ ക്ലേശിക്കുന്ന ഒരാൾക്ക് വീടുനിർമ്മി ച്ചുകൊടുത്ത ഒരു ദമ്പതികളെക്കുറിച്ച് ഈയിടെ വാർത്ത വന്നത് ശ്രദ്ധിക്കാനിടയായി. അന്യരുടെ കഷ്ടപ്പാടറിഞ്ഞ് ദാനം ചെയ്യുന്ന പുണ്യാത്മാക്ക ളാണവർ. ദേഹശക്തിയാകട്ടെ മറ്റുള്ളവരെ ആപ ത്തിൽ നിന്ന് രക്ഷിക്കാനുമാണ്. പ്രകൃതിക്ഷോഭ ങ്ങളിൽപ്പെടുന്നവരെ കായികശക്തികൊണ്ട് രക്ഷി ക്കുന്ന കയ്യും മെയ്യും മറന്ന് പണിയെടുക്കുന്ന എത്രയോ ധന്യാത്മാക്കളെയും നമുക്കു കാണാ നാവും. "പരോപകാരാർത്ഥമിദം ശരീര"മെന്ന ഭാര തീയ തത്ത്വദീക്ഷയുടെ പ്രയോക്താക്കളായ അവരെ ഹൃദയമറിഞ്ഞനുമോദിക്കാം. ●

## ശ്രീഭദ്രക്ക് സംസ്ഥാന കലോത്സവത്തിൽ സമ്മാനങ്ങൾ



**കോ**ട്ടയം ശാഖയിലെ ശ്രീഭദ്ര കെ. പ്രസാദ് സബ് ജില്ലാ സ്കൂൾ ക ലോത്സവത്തിൽ മോഹിനിയാട്ടം, അഷ്ടപദി, ഒപ്പന, സംസ്കൃതം നാടകം തുടങ്ങിയ 4 മത്സരങ്ങളിൽ ഫസ്റ്റ് എ ഗ്രേഡോടെയും ജില്ലാ തലത്തിൽ മോഹിനിയാട്ടം, അഷ്ടപദി, ഒപ്പന എന്നിവ എ ഗ്രേഡോടെയും സംസ്ഥാന തല കലോത്സവത്തിൽ സംസ്കൃതം നാടകം ഫസ്റ്റ് എ ഗ്രേഡോടെയും വിജയിയായി.

കോട്ടയം ശാഖാ അംഗങ്ങളായ വിദ്യയുടെയും പ്രസാദിന്റെയും മക ളാണ് ശ്രീഭദ്ര.

ശ്രീഭദ്രക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

ലേഖനം

# ചരിത്രത്തിന്റെയും ആത്മീയതയുടെയും മഹാകുംഭമേളയിലൂടെ...



രവീന്ദ്രൻ ടി.ജി.

**ദേ**വി! സുരേശ്വരി! ഭഗവതി! ഗംഗേ ത്രിഭുവനതാരിണി തരളതരംഗേ |

ശങ്കര മൗലിവിഹാരിണി വിമലേ മമ മതിരാസ്താം തവ പദകമലേ ||

ചരിത്രത്തിന്റെയും ആത്മീയതയുടെയും സാംസ്കാരിക പൈതൃകത്തിന്റെയും ധാരകൾ ഇഴചേർത്ത് ഒരു വിശുദ്ധ ഇതിഹാസമായി വികസിച്ചുകൊണ്ടിരിക്കുന്ന, വിശ്വാസത്തിന്റെ കാലാതീതമായ ഒരു ചിത്രമായ മഹാ കുംഭമേള.

ആ കുംഭമേളയിൽ ഒരിക്കലെങ്കിലും പങ്കെടുക്കുകയെന്നതും ഗംഗാ സ്നാനം നടത്തുകയെന്നതും ഏതൊരു ഭാരതീയന്റെയും അഭിലാഷമാണ്. മുമ്പൊരിക്കൽ കാശിയിലും പ്രയാഗയിലും സ്നാനം ചെയ്തിട്ടുണ്ടെന്നാലും കുംഭമേളയുടെ മഹത്വം മനസിൽ കൊണ്ടു നടക്കുകയാൽ, കുംഭമേളയുടെ തിയതികൾ പ്രഖ്യാപിച്ചത് മുതൽ എങ്ങിനെയും പ്രയാഗ് രാജിലെത്തി ആ മഹാസ്നാനത്തിൽ പങ്കെടുക്കണമെന്ന ചിന്ത മനസ്സിനെ മഥിച്ചു കൊണ്ടിരുന്നു. പക്ഷെ അതെങ്ങിനെ നടപ്പാക്കണം എന്നറിയാതെ ഉഴറിയ ദിനങ്ങളിൽ ഒരു കാര്യമുറപ്പിച്ചു. നാട്ടിൽ അധികം സുഹൃത്ത് വലയമില്ലെങ്കിലും ഈ യാത്രക്ക് ഒരേ മാനസികാവസ്ഥയുള്ള ഒരു സുഹൃത്ത് വേണമെന്നാദ്യം തീരുമാനിച്ചു. അങ്ങിനെയാണ് ഒരു പാട് ദാനധർമ്മങ്ങളും മറ്റും ചെയ്യുന്ന കൈപ്പൻഞ്ചേരി ബാലേട്ടൻ എന്ന നാട്ടിൽ അറിയപ്പെടുന്ന സി. ഗോപാലകൃഷ്ണനോട് ഒന്നു ചോദിച്ചു നോക്കുന്നത്. അദ്ദേഹവും സമ്മതിച്ചതോടെ പിന്നെ എല്ലാം വളരെ ധൃതഗതിയിലായിരുന്നു. വേറെയും രണ്ടു പേർ കൂടി ചേർന്ന് നാലുപേരുടെ കൂട്ടായ്മയായി പുറപ്പെട്ടു. ഇൻഡിഗോയിൽ ബാഗ്ലൂർ വഴി 13-2-2025ന് പുറപ്പെട്ടു. വിമാനത്തിൽ പരിചയപ്പെട്ട ഒരു യുവതിയുമായി ഒരു ഹൃസ്വ സംഭാഷണത്തിൽ നിന്ന് അവരുടെ ടിക്കറ്റിന് മുപ്പത്തി അയ്യായിരം രൂപയാണ് ബാഗ്ലൂരിൽ നിന്ന് പ്രയാഗ് രാജിലേയ്ക്ക് എന്ന് മനസ്സിലായി. ഞങ്ങൾക്ക് കിട്ടിയതാവട്ടെ കേവലം ഒമ്പതിനായിരത്തിന് കൊച്ചിയിൽ നിന്നും പ്രയാഗ് രാജ് വരെ. മൂന്നു കുട്ടികളുടെ മാതാവായ അവർ വളരെ അദ്ധ്യാത്മചേതനയോടുകൂടി പറഞ്ഞു, ഏതൊരു കുടുംബത്തിൽ നിന്നും ഒരാളെങ്കിലും കുംഭമേളയിലെ ത്രിവേണിസഗമത്തിൽ സ്നാനം ചെയ്താൽ ആ കുടുംബത്തിന് ഗംഗാമാതാവിന്റെ അനുഗ്രഹവർഷം ചൊരിയപ്പെടുമെന്ന്. അടുത്ത സീറ്റിലിരുന്ന യുവാവ് പറഞ്ഞതാകട്ടെ, ഒരാഴ്ച്ച മുമ്പ് കുംഭമേളയിൽ സ്നാനം ചെയ്തതാണ്, വീണ്ടും അത്യാകർഷണമായ ഒരു പ്രചോദനത്താൽ (irresistible urge) ഞാനിതാ വീണ്ടും പോകുന്നു എന്നാണ്. ഇതിൽ നിന്നും കുംഭമേള സ്നാനം സാധകരുടെ മനസിൽ എത്രമാത്രം ഇഴുകിചേർന്നിരിക്കുന്നുവെന്ന് ബോധ്യമായിരിക്കുമല്ലോ. ഇരുവരും ഉത്തരേന്ത്യക്കാരായിരുന്നു, അവരെ സംബന്ധിച്ചിടത്തോളം കുംഭമേള ഒരു ജീവിതസാക്ഷാത്ക്കാരമാണ്.

ഉച്ചയ്ക്ക് രണ്ടേമുക്കാലോടെ പ്രയാഗ് രാജിലെത്തി. മുംബയിലെ സുഹൃത്ത് വലയത്തിൽ നിന്നും കിട്ടിയ ഡ്രൈവറെ ഏർപ്പാടു ചെയതിരുന്നതിനാൽ സുഗമമായി മുൻകൂട്ടി ബുക്കു ചെയ്തിരുന്ന ഹോട്ടലിൽ പ്രവേശിച്ച് ഉടനെ സ്നാനത്തിന് പുറപ്പെട്ടു. കുറച്ചു ദൂരം വാഹനത്തിൽ പോയി പിന്നീടങ്ങോട്ട് ഗൂഗിൾ മാപ്പ് മുഖേന വഴി തിര



ഞ്ഞ്, ഏഴ് കിലോമീറ്ററോളം നടന്ന് ഗംഗാ സ്നാനഘട്ടിലെത്തി ആ പുണ്യകർമ്മം നിർവ്വഹിച്ചു.

കുംഭമേള ഗംഗ, യമുന, സരസ്വതി എന്നിവയുടെ സംഗമസ്ഥാനമായ പ്രയാഗ് രാജിൽ (അലഹബാദ്) തുടങ്ങി ഇന്ത്യയിലെ നാല് പുണ്യ നദീതീരങ്ങളിൽ 12 വർഷത്തെ ഇടവേളകളിൽ ചാക്രികമായി നടക്കുന്ന മഹത്തായ തീർത്ഥാടനമാണ്. ഹരിദ്വാറിൽ ഗംഗാതീരത്ത്; നാസിക്കിൽ ഗോദാവരി തീരത്ത്; ഉജ്ജയിനിയിൽ ശിപ്ര നദിക്കരയിൽ. ഇത് വെറുമൊരു സമകാലിക കെട്ടുകാഴ്ച മാത്രമല്ല, ചരിത്രപരമായ പ്രാധാന്യമുള്ള ഒരു പാരമ്പര്യാനുഷ്ഠാനത്തിന്റെ തുടർച്ചയാണ്. കാലാതീതമായി തുടരുന്ന ഒരു യാത്രയുടെ പൊരുൾ തേടി പോകുമ്പോൾ കുംഭമേളയുടെ പവിത്രതയും പ്രാധാന്യവും രൂപപ്പെടുത്തിയ ചരിത്രത്തിന്റെ ഏടുകളിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം.

കഥയിങ്ങനെ, ബ്രഹ്മാവിന്റെ ഉപദേശ പ്രകാരം ദേവന്മാർ അസുരന്മാരുമായി ചേർന്ന് പാലാഴിമഥനത്തെത്തുടർന്ന് അമൃത് കടഞ്ഞെടുത്തു. അമൃത് കടഞ്ഞെടുത്തു കഴിഞ്ഞാൽ അസുരന്മാരുമായി പങ്കുവയ്ക്കാതെ സ്വന്തമായി ഉപയോഗിക്കാനായിരുന്നു ദേവന്മാരുടെ തീരുമാനം. ലഭിച്ച അമൃതകുംഭവുമായി മോഹിനീ വേഷം ധരിച്ച മഹാവിഷ്ണു അസുരന്മാരെ പറ്റിച്ച് ധന്വന്തരിക്ക് കൊടുക്കുന്നു. ദേവരാജാവായ ഇന്ദ്രന്റെ മകൻ ജയന്തൻ ധന്വന്തരിയുടെ കയ്യിൽനിന്ന് അമൃത് തട്ടിപ്പറിച്ച് ഓടിമറഞ്ഞു. 12 ദേവ ദിവസങ്ങൾ, അതായത് പന്ത്രണ്ട് മനുഷ്യ വർഷങ്ങളാണ് ജയന്തൻ അമൃതുമായി ഓടിയത്. തട്ടിപ്പറിച്ച അമൃതുമായി ജയന്തൻ വസിച്ചത് നാല് സ്ഥലങ്ങളിലാണെന്ന് പറയപ്പെടുന്നു. ഹരിദ്വാർ, നാസിക്ക്, പ്രായാഗ് രാജ്, ഉജ്ജൈൻ എന്നിവയാണ് ആ നാല് സ്ഥലങ്ങൾ. ജയന്തൻ ഓരോ സ്ഥലത്ത് വിശ്രമിച്ചപ്പോളും അമൃത കുംഭത്തിൽ നിന്ന് ഓരോ തുള്ളി അമൃത് വീതം ഭൂമിയിലേക്ക് പതിച്ചു. അമൃത് വീണ ഈ നാല് പുണ്യസ്ഥലങ്ങളിലാണ് കുംഭമേള നടക്കുന്നത്.

വ്യാഴം ഒരുവട്ടം സൂര്യനെ പ്രദിക്ഷണം ചെയ്യാൻ എടുക്കുന്ന സമയമാണ് 12 വർഷം. ഒരു വ്യാഴവട്ടം. ജനുവരി 14 മുതൽ ഫെബ്രുവരി 26 വരെയാണ് കുംഭമേള നടക്കുന്നത്. മകര സംക്രാന്തി മുതൽ ശിവരാത്രി വരെയാണിത്. ഇക്കഴിഞ്ഞ മകര സംക്രാന്തി പുതിയൊരു വ്യാഴവട്ടത്തിന്റെ തുടക്കമായിരുന്നു. ഇക്കുറി മഹാ കുംഭമേളയായി തന്നെയാണ് പൂർണ്ണ കുംഭമേള നടന്നത്. 12 പൂർണ്ണ കുംഭമേളയ്ക്ക് ശേഷം 144 വർഷത്തിലൊരിക്കലാണ് ഒരു മഹാകുംഭമേള നടക്കുക. 6 വർഷത്തിലൊരിക്കൽ നടക്കുന്നതാണ് അർദ്ധ കുംഭമേള. 2019ൽ ആയിരുന്നു അവസാന അർദ്ധ കുംഭമേള. ഒരു മനുഷ്യായുസിൽ ഒരു വട്ടമെങ്കിലും അനുഭവിക്കേണ്ട അനുഭൂതിയാണ് കുംഭമേള. ഇത്തവണത്തെ പൂർണ്ണ കുംഭമേളയ്ക്ക് മറ്റൊരു സവിശേഷതയുമുണ്ട്. സൂര്യ, ചന്ദ്ര, വ്യാഴ ഗ്രഹങ്ങൾ പ്രത്യേക രാശിയിൽ എത്തുന്ന, 144 വർഷത്തിലൊരിക്കൽ മാത്രമുണ്ടാകുന്ന അപൂർവ്വതയുടെ വേളയിലാണിത് നടക്കുന്നത്.

പുണ്യ നദികളിൽ, പ്രത്യേകിച്ച് ഗംഗ, യമുന, സരസ്വതി എന്നിവിടങ്ങളിൽ പുണ്യസ്നാനം നടത്തുന്ന ആചാരപരമായ ചടങ്ങാണ് കുംഭമേളയുടെ ആത്മാവ്. ഈ സ്നാനങ്ങൾ വെറുമൊരു മുങ്ങിക്കുളിക്കപ്പുറം ആത്മീയ ശുദ്ധീകരണമാണ്. പരിശുദ്ധിയുടെയും ജീവന്റെയും സാർവ്വത്രിക ചിഹ്നമായ ജലത്തിന്റെ പരിവർത്തന ശക്തിയുടെ തെളിവാണ് വിശുദ്ധ സ്നാനം. നിമജ്ജനത്തിൽ, തീർത്ഥാടകർ ശാരീരിക ശുദ്ധീകരണം മാത്രമല്ല, ആത്മാവിന്റെ അഗാധമായ നവീകരണവും ഉള്ളിലെ ദൈവിക സ്ഫുരണത്തിന്റെ പുനരുജ്ജീവനവും തേടുന്നു. നൂറ്റാണ്ടുകളുടെ പാരമ്പര്യത്തിന്റെയും ആത്മീയ പ്രാധാന്യത്തിന്റെയും മാഹാത്മ്യം നിറച്ചുവെച്ചൊഴുകുന്ന നദികൾ അന്വേഷകർക്ക് ആത്മീയ സത്തയുമായി വീണ്ടും ബന്ധപ്പെടാനുള്ള ഒരു മാർഗ്ഗമായി ഭവിക്കുന്നു.

വൈവിധ്യമാർന്ന സംസ്കാരങ്ങൾ, ഭാഷകൾ, പാരമ്പര്യങ്ങൾ എന്നിവയുടെ നൂലുകൾ ഇഴചേർന്നിരിക്കുന്ന ഒരു സവിശേഷ വസ്ത്രമായി കുംഭമേള നിലകൊള്ളുന്നു. നാനാത്വത്തിൽ ഏകത്വം എന്ന തത്വത്തിന്റെ പവിത്രരേഖയായത് നിലകൊള്ളുന്നു. തീർത്ഥാടകർ, അവരുടെ പശ്ചാത്തലം കണക്കിലെടുക്കാതെ, പങ്കിട്ട ആത്മീയതയുടെ ആഘോഷത്തിൽ ഒത്തുചേരുന്നു, സാമൂഹിക അതിർവരമ്പുകൾക്കതീതമായ സാഹോദര്യ ബോധം വളർത്തുന്നു.

പ്രസിദ്ധ ചൈനീസ് യാത്രികൻ ഹുവാൻ സാങ് കുംഭമേളയെക്കുറിച്ച് അന്ന് കാലത്ത് തന്റെ കൃതികളിൽ പരാമർശിച്ചിട്ടുണ്ടത്രെ. ആദിശങ്കരാചാര്യരാണ് പിന്നീട് എട്ടാം നൂറ്റാണ്ടിൽ 10 സന്യാസി അഖാഡകൾ സ്ഥാപിച്ചതെന്നും അർദ്ധ, പൂർണ്ണ കുംഭമേളകൾ ഇന്നത്തെ രീതിയിൽ നിജപ്പെടുത്തിയതെന്നും പറയപ്പെടുന്നു. മകരസംക്രാന്തി, പൗഷ് പൂർണ്ണിമ, മൗനി അമാവാസി, ബസന്ത് പഞ്ചമി, മാഘ പൂർണ്ണിമ, മഹാശിവരാത്രി എന്നിങ്ങനെ ആണ് കുംഭമേളയെ തിരിച്ചിരിക്കുന്നത്. ആ ദിവസങ്ങളിൽ നടത്തുന്ന ഷാഹി സ്നാനങ്ങളാണ് കുംഭമേളയിലെ ഏറ്റവും സവിശേഷവും ജനശ്രദ്ധയാകർഷിക്കുന്ന ചടങ്ങുകൾ.

# ഷാഹി സ്നാന ദിനങ്ങൾ

## 1. പൗഷ പൂർണ്ണിമ

പൗഷ മാസത്തിലെ ശുക്ല പക്ഷത്തിന്റെ പതിനഞ്ചാം ദിവസമാണ് പൗഷ പൂർണ്ണിമ. മഹാ കുംഭമേളയുടെ തുടക്കം. മഹാ കുംഭമേളയ്ക്കിടെ തീർത്ഥാടകർ ആചരിക്കുന്ന തീവ്രമായ ആത്മീയ പരിശീലനത്തിന്റെയും ഭക്തിയുടെയും കാലഘട്ടമായ കല്പവാസത്തിന്റെ തുടക്കവും പൗഷ പൂർണ്ണിമ മുതലാണ്.

കുംഭമേള സന്ന്യാസികൾക്കുള്ളതാണെങ്കിൽ, കല്പവാസം യഥാർത്ഥത്തിൽ ഗൃഹസ്ഥർക്കുള്ളതാണ്.

ഉത്തരേന്ത്യയിലെ ഗൃഹസ്ഥർ, പൗഷമാസത്തിലെ പൗർണ്ണമിതൊട്ട് മാഘമാസത്തിലെ പൗർണ്ണമിവരെ, ഗംഗാതീരത്ത്, പ്രാർത്ഥനകളും ജപവും പൂജകളുമായി കഴിയും. ഇതിന്, 'കല്പവാസം ചെയ്യുക' എന്നാണ് പറയുക. കുടുംബത്തിൽ നിന്നും ജോലികളിൽനിന്നുമെല്ലാം വിട്ട്, മനസ്സും ശരീരവും പൂർണ്ണമായി, ആത്മീയപാതയിൽ ഉറപ്പിച്ചുള്ള കുറച്ചു നാളുകൾ. ഗംഗാതീരത്ത് താമസിച്ച്, പുലർച്ചെ എഴുന്നേറ്റ് ഗംഗാമാതാവിനെ വണങ്ങി, ഗംഗാസ്നാനം നടത്തി ഇവർ പ്രാർത്ഥനകളിലേയ്ക്കും ജപത്തിലേയ്ക്കും പ്രവേശിക്കുന്നു. ഗംഗാജലമാണ് കുടിക്കുക. ഒരു നേരം മാത്രമേ ഇവർ ആഹാരം കഴിയ്ക്കൂ. ആദ്ധ്യാത്മിക പ്രഭാഷണങ്ങൾ കേട്ടും സത്സംഗങ്ങളിൽ പങ്കെടുത്തും ഒരു മാസം ഗംഗാതീരത്ത് കഴിയും ഇവർ. ഇങ്ങനെ, കല്പവാസം ചെയ്യാനെത്തുന്നവർക്കായി എല്ലാ വർഷവും ഗംഗാതീരത്ത് പ്രയാഗ് രാജിൽ താത്ക്കാലിക ഷെഡ്ഡുകൾ ഉയരും. അഞ്ച് ലക്ഷത്തിലധികം ആൾക്കാരാണ് എല്ലാ വർഷവും കല്പവാസം അനുഷ്ഠിക്കാൻ എത്തുന്നത്. കല്പവാസം എന്ന പേർ വന്നതെങ്ങനെയെന്ന് നോക്കാം. ബ്രഹ്മാവിന്റെ ഒരു ദിവസമാണ് ഒരു കല്പം എന്നത്. 1008 യുഗങ്ങൾക്ക് തുല്യം. അതായത്, മനുഷ്യന്റെ 432 കോടി വർഷത്തിന് തുല്യമാണ് ഒരു കല്പം. ഒരു കല്പകാലം തപസ്സു ചെയ്താലുള്ള ഫലം ഈ ഒരൊറ്റ മാസത്തെ ജപംകൊണ്ടും ആത്മീയയാത്രകൊണ്ടും ലഭിക്കും എന്നാണ് വിശ്വാസം. ഒരു കല്പത്തിലെ തപസ്സിന്റെ ഫലം തരുന്നതിനാൽ ഇത് കല്പവാസം എന്നറിയപ്പെടുന്നു.

## 2. മകരസംക്രാന്തി

സൂര്യൻ മകരം രാശിയിലേക്ക് എത്തുന്ന മംഗള മുഹൂർത്തമാണ് മകരസംക്രാന്തി. ഉത്തരായനത്തിന് തുടക്കം കുറിക്കുന്ന ദിനം. ജീവജാലങ്ങളുടെ നിലനിൽപ്പിന് ആധാരവും നിലയ്ക്കാത്ത ഊർജ്ജസ്രോതസ്സും കൺമുന്നിലെ ദൈവ തേജസ്സുമായ സൂര്യ ഭഗവാനെ ആരാധിക്കുന്നതിന് ഏറ്റവും നല്ല ദിവസമാണ് മകര സംക്രാന്തി.

## 3. മൗനി അമാവാസി

മാഘ മാസത്തിന്റെ മധ്യത്തോടെ വരുന്ന മൗനി അമാവാസി മാഘി അമാവാസിയെന്നും പറയപ്പെടുന്നു. അന്നേ ദിവസം ഗംഗാ നദിയിലെ ജലം അമൃതായി മാറുന്നുവെന്നും ഭക്തർക്ക് അവരുടെ പാപങ്ങളിൽ നിന്ന് മോചനം നേടാനും അനുഗ്രഹങ്ങൾ തേടാനും ഏറ്റവും അനുയോജ്യമായ സമയമാണിതെന്നും വിശ്വസിക്കപ്പെടുന്നു. മൗനവ്രതമെടുത്ത് ധ്യാനം ചെയ്യുന്നതും പ്രധാന ആചാരമാണ്. മനസ്സിനെ ശുദ്ധീകരിക്കുന്നതിനും ദൈവവുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു മാർഗ്ഗമായി ഈ മൗനാനുഷ്ഠാനം കണക്കാക്കപ്പെടുന്നു.

## 4. വസന്ത പഞ്ചമി

ഇതിന് ശ്രീപഞ്ചമി എന്നും പേരുണ്ട്. മാഘമാസത്തിലെ വെളുത്തപക്ഷത്തിലെ അഞ്ചാം നാൾ, പഞ്ചമി, ആണ് ശ്രീപഞ്ചമിയായും വസന്ത പഞ്ചമിയായും സരസ്വതി പഞ്ചമിയായും ആഘോഷിക്കുന്നത്. വിദ്യാരംഭത്തിന്റെ, സരസ്വതീ പൂജയുടെ ദിവസം കൂടിയാണ് വസന്ത പഞ്ചമി. ചിലയിടങ്ങളിൽ പതംഗങ്ങളുടെ ഉത്സവമായും ഇത് കൊണ്ടാടാറുണ്ട്. ശകവർഷത്തിലെ മാഘമാസത്തോടെയാണ് ശിശിര ഋതുവിന്റെ തുടക്കം. ജനുവരി അവസാനമാണ് ഋതു പരിവർത്തനം. ശിശിരാരംഭത്തിലെ ശുക്ലപക്ഷ പഞ്ചമി നാളാണ് വസന്തപഞ്ചമി എന്നറിയപ്പെടുന്നത്. അന്നു നടത്തുന്ന സ്നാനത്തിനു ശേഷം കൽപവാസികൾ ഊർജ്ജസ്വലമായ മഞ്ഞ വസ്ത്രം ധരിച്ച് ഈ ശുഭകരമായ അവസരത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നു.

## 5. മാഘപൗർണ്ണമി

ചന്ദ്രൻ കർക്കിടകം രാശിയിൽ നിന്ന് ചിങ്ങം രാശിയിലേക്ക് പ്രവേശിക്കുന്ന ദിനം. അതുപോലെ തന്നെ സൂര്യൻ മകരം രാശിയിൽ നിന്ന് കുംഭം രാശിയിലേക്ക് പ്രവേശിക്കും. മാഘപൂർണ്ണിമയും കുംഭസംക്രാന്തിയും ഒരുമിച്ച് വരുന്ന ഈ ദിനത്തിലെ ഷാഹി സ്നാനത്തിന് പ്രത്യേകതയുണ്ട്. മാഘ മാസത്തിൽ ദേവന്മാർ ഭൂമിയിലേക്ക് ഇറങ്ങി മനുഷ്യരൂപം സ്വീകരിക്കുമെന്ന് വിശ്വസിക്കപ്പെടുന്നു. അവർ പുണ്യനദികളിൽ കുളിക്കുകയും ആരാധിക്കുകയും മനുഷ്യരൂപത്തിൽ ദാനം ചെയ്യുകയും ചെയ്യുന്നു എന്നാണ് വിശ്വാസം. മഹാവിഷ്ണു തന്നെ വിശുദ്ധ ഗംഗയിൽ കുളിക്കുന്നു

എന്നതിനാൽ ഈ ദിവസം മഹാവിഷ്ണുവിനെ ആരാധിക്കുന്നു.

## 6. ശിവരാത്രി

കൽപവസികൾ തങ്ങളുടെ വ്രതം അവസാനിപ്പിക്കുന്ന ദിനം കൂടിയാണ് മഹാശിവരാത്രി ദിനം. കുംഭമേളക്കും ഇതോടെ അവസാനമാകും.

കുംഭമേള സന്യാസിമാരുടെ സമ്മേളനം കൂടിയാണ്. സന്ന്യാസത്തിന് പല ഭാവങ്ങളുണ്ട്. കുടികളിൽ താമസിക്കുന്ന സന്ന്യാസിമാരെ കുടീചകൻമാർ എന്ന് പറയും. സ്ഥിരമായൊരിടത്തും നിൽക്കാതെ, കറങ്ങി നടക്കുന്നവരെ ബഹൂതകൻമാർ എന്നാണ് പറയുക. ജ്ഞാനികളെ ഹംസർ എന്ന് വിശേഷിപ്പിക്കുന്നു. പരമമായ സത്യമറിഞ്ഞവരെ പരമഹംസർ എന്ന് പറയുന്നു. ആ പരമസത്യത്തിനുമപ്പുറം കടന്നുപോയവർക്ക് തുരീയാതീതൻമാർ എന്നാണ് വിശേഷണം. എല്ലാ നിയമങ്ങൾക്കും അറിവുകൾക്കും അപ്പുറത്തുള്ളവരാണ് അവധൂതൻമാർ. ഇപ്രകാരമുള്ള എല്ലാ സന്ന്യാസഭാവങ്ങളും കുംഭമേളയിൽ എത്തുന്നു എന്നതാണ് ഈ ഉത്സവത്തിന്റെ ഏറ്റവും വലിയ വിശേഷം. 13 അഖാഡകളിലുള്ള വിവിധ സന്യാസി സമൂഹങ്ങൾ ഇവിടെ സ്നാനത്തിനും പൂജകൾക്കുമായി ഒത്തു ചേരുന്നു. 13 അഖാഡകളെ ഭക്തി കേന്ദ്രീകരിച്ച് നാല് ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു ശൈവ-വൈഷ്ണവ-ഉദാസീന-സിഖ് അഖാഡകൾ ആയാണ് ഇവയെ തിരിച്ചിരിക്കുന്നത്. പരമശിവനെ അനുഗമിക്കുകയും നെറ്റിയിൽ തിരശ്ചീനമായ ത്രിപുണ്ഡ്രം ധരിക്കുകയും ചെയ്യുന്ന സാധുക്കൾ ചേർന്നതാണ് ശൈവ അഖാഡകൾ (ജൂന, മഹാനിർവാനി, അടൽ, നിരഞ്ജനി). വാരണാസി ആസ്ഥാനമാക്കി, പ്രയാഗ്‌രാജ്, ഹരിദ്വാർ, നാസിക്, ഉജ്ജയിൻ എന്നിവയുൾപ്പെടെ ഇന്ത്യയിലുടനീളം ഇവയ്ക്ക് കേന്ദ്രങ്ങളുണ്ട്. പുരുഷന്മാരെ മാത്രം പ്രവേശിപ്പിക്കുന്നു. വൈഷ്ണവ അഖാഡകളുടെ ഉത്ഭവം പതിനെട്ടാം നൂറ്റാണ്ടിലാണ്. ഏഴ് അഖാഡകൾ ഉൾക്കൊള്ളുന്ന അവ പിന്നീട് നിർവാണി, ദിഗംബര, നിർമോഹി എന്നിങ്ങനെ മൂന്നായി പുനഃക്രമീകരിക്കപ്പെട്ടു. ഓരോ വൈഷ്ണവ അഖാഡയും പതാകയിൽ ഭഗവാൻ ഹനുമാന്റെ ചിത്രം ഉള്ളതാണ്. സ്നാന ഘോഷയാത്രകളിൽ ശൈവ അഖാഡകൾക്ക് പിന്നാലെയാണ് ഇവർ നീങ്ങുന്നത്. ദിഗംബര അഖാഡയാണ് ഏറ്റവും വലിയ വൈഷ്ണവ അഗാഡ. സീത, ശ്രീരാമൻ, ഹനുമാൻ എന്നിവരെ ആരാധിക്കുന്നു. 'നിഷ്പക്ഷത' എന്നർത്ഥം വരുന്ന ഉദാസീന എന്ന സംസ്കൃത പദത്തിൽ നിന്നാണ് ഉദാസീന അഖാഡകൾ ഉരുത്തിരിഞ്ഞത്. ഉദാസീന അഖാഡകൾ ശൈവ-വൈഷ്ണവ-സിഖ് അഖാഡകളുമായി പൂർണ്ണമായി യോജിക്കാത്തവയാണ്. ഗുരു നാനാക്കിനെ പിന്തുടരുകയും സിഖ് മതഗ്രന്ഥമായ ഗുരു ഗ്രന്ഥ സാഹിബ് ഉയർത്തിപ്പിടിച്ച് മുന്നോട്ടുപോകുന്നതുമാണ് സിഖ് അഖാഡകൾ. സിഖ് അഖാഡയാണ് ആചാരപരമായ സ്നാന ഘോഷയാത്രയിൽ അവസാനമായി പങ്കെടുക്കുന്നത്. ഇതിൽ ഏറ്റവും ശ്രദ്ധ നേടുന്ന വിഭാഗം ശൈവ വിഭാഗത്തിലെ ശസ്ത്രധാരി വിഭാഗമായ നാഗ സന്യാസിമാരാണ്. ദേഹമാസകലം വിഭൂതിയിൽ പൊതിഞ്ഞ നഗ്ന സന്ന്യാസിമാരാണ് അവർ. ലൗകിക ജീവിതത്തിന്റെ സമ്പൂർണ്ണ ത്യാഗത്തിന്റെ പ്രതീകമായാണ് ഇവരെ അറിയപ്പെടുന്നത്. വിദൂര ഗുഹകളിലും വനങ്ങളിലും താമസിച്ച്, കുറഞ്ഞ ഭക്ഷണം കഴിച്ച് കഠിനമായ തപസ്സ് പരിശീലിക്കുന്നു. പലരും ഉയർന്ന പരിശീലനം ലഭിച്ച യോദ്ധാക്കളാണ്, വിദേശ ആക്രമണങ്ങളിൽ നിന്ന് ക്ഷേത്രങ്ങളും ധർമ്മവും സംരക്ഷിക്കാനായാണ് ആദ്യം പരിശീലനം നേടിയത്. 'ഹർ ഹർ മഹാദേവ്' എന്ന മന്ത്രോച്ചാരണത്തോടെ അവർ നദിയിലേക്ക് കൂട്ടത്തോടെ നടന്നു നീങ്ങുമ്പോൾ ഷാഹി സ്നാനിലെ അവരുടെ പങ്കാളിത്തം കുംഭമേളയിലെ ഏറ്റവും മനോഹരമായ കാഴ്ചയായി മാറുന്നു.

വീണ്ടും മേളയുടെ യാഥാർഥ്യങ്ങളിലേക്ക് തിരിച്ചെത്താം.

കുംഭ സ്നാന ശേഷം അവിടെയുള്ള ഒരു ഹനുമാൻ ക്ഷേത്രത്തിലേക്ക് ദർശനത്തിനായി പോയി. മലർന്നു കിടക്കുന്ന ഹനുമാൻ പ്രതിഷ്ഠയാണ് ആ ക്ഷേത്രത്തിന്റെ പ്രത്യേകത. ദർശനത്തിനായി മൂന്ന് മണിക്കൂർ വരിയിൽ നിൽക്കേണ്ടി വന്നെങ്കിലും ഒടുവിൽ ദർശനം സാദ്ധ്യമായി.

മഹാകുംഭമേളയിൽ ഇതുവരെ 66 കോടി തീർത്ഥാടകരെത്തി മുങ്ങി നിവർന്നിട്ടും യാതൊരു വിധ പകർച്ചവ്യാധിയും പടർന്നിട്ടില്ല എന്നത് ഒരു അത്ഭുതമായി തോന്നുന്നു. ആണവ സാങ്കേതികവിദ്യയാണ് ഇതിന് സഹായിച്ചത്. എവിടെ നിന്നും വൃത്തി ഹീനതയുടെ പരാതികളോ പകർച്ച വ്യാധികൾ സംബന്ധമായ പ്രതിസന്ധികളോ ഉയർന്നുവന്നില്ല. മുംബയിലെ ഭാഭ ആറ്റോമിക് റിസർച്ച് സെന്റർ, കൽപ്പാക്കത്തെ ഇന്ദിരാഗാന്ധി സെന്റർ ഫോർ അറ്റോമിക് റിസർച്ച് എന്നിവയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മലിനജല ശുദ്ധീകരണ പ്ലാന്റുകളുടെ വിന്യാസത്തിലൂടെയാണ് ഈ അതുല്യ നേട്ടം സാദ്ധ്യമായത്. ആണവോർജ്ജ വകുപ്പിന്റെ അംഗീകാരത്തോടെയാണ് രണ്ട് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. 'ഹൈബ്രിഡ് ഗ്രാനുലാർ സീക്വൻസിംഗ് ബാച്ച് റിയാക്ടേഴ്സ്' (HgSBR) എന്ന മലിനജല ശുദ്ധീകരണ സംവിധാ

നമാണ് കുംഭമേളയിൽ സ്ഥാപിച്ചിരിക്കുന്നത്. കുംഭമേളയിൽ 11 സ്ഥിരം മാലിന്യ സംസ്കരണ പ്ലാന്റുകളും മൂന്ന് താത്കാലിക മാലിന്യ സംസ്കരണ പ്ലാന്റുകളുമാണ് സ്ഥാപിച്ചിട്ടുള്ളത്. മലിനജലം സംസ്കരിക്കാൻ സൂക്ഷ്മാണുക്കളെയാണ് (microbial bio beads) പ്ളാന്റുകൾ ഉപയോഗിക്കുന്നത്. 'ഫീക്കൽ സ്ളഡ്ജ് ട്രീറ്റ്മെന്റ് പ്ളാന്റ്' എന്നറിയപ്പെടുന്ന ഈ സംവിധാനം ആണവോർജ്ജ വകുപ്പിലെ ഡോ. വെങ്കട് നഞ്ചരയ്യ ആണ് വികസിപ്പിച്ചത്. മഹാകുംഭ മേളയിൽ ഗംഗാ നദിക്കരയിൽ സ്ഥാപിച്ചിരിക്കുന്ന പ്ളാന്റുകൾക്ക് ദിവസത്തിൽ 1.5 ലക്ഷം ലിറ്റർ മലിനജലം സംസ്കരിക്കാൻ സാധിക്കും. ഇത് കേന്ദ്ര ഗവർമെന്റിന്റെ 'നമാമി ഗംഗേ' പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതാണ്. ഇത് പ്രവർത്തിപ്പിക്കുന്നത് സ്റ്റെല്ലാറിൻ വെൻച്വർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ്. ഇതിന്റെ സാങ്കേതിക വിദ്യാ കൈമാറ്റം (Transfer of technology) ചെയ്തിരിക്കുന്നത് മുംബൈയിലെ ഭാഭാ ആറ്റോമിക് റിസർച്ച് സെന്റർ ആണ്.

കേരള ജനസംഖ്യയുടെ മൂന്നിൽ രണ്ടോളം പേർ പതിവായി ഒത്തുകൂടിയിട്ടും ഒരു തിക്കും തിരക്കുമില്ലാതെ സ്നാനം ചെയ്യുവാൻ കഴിയുമെന്നുള്ളതാണ് മറ്റൊരത്ഭുതം. പോലീസിന്റെയും സന്നദ്ധ പ്രവർത്തകരുടേയും സൗമ്യമായ പെരുമാറ്റം പ്രത്യേകം എടുത്തു പറയേണ്ട ഒന്നാണ്. രണ്ടു ദിവസത്തെ പ്രയാഗ് രാജ് താമസത്തിനിടക്ക് ആദ്യ ദിവസം 18 കിലോമീറ്ററും രണ്ടാം ദിനം 24 കിലോമീറ്ററും നടക്കേണ്ടതായി വന്നു. അടുത്തുള്ള ക്ഷേത്ര ദർശനങ്ങൾ കൂടി സാദ്ധ്യമാക്കാനായിരുന്നു അത്. കാഞ്ചി കാമ കോടി ശങ്കരാചാര്യ മഠത്തിന്റെ നേതൃത്ത്വത്തിലുള്ള ഒരു ക്ഷേത്രം പ്രയാഗരാജിലുണ്ട്. താഴത്തെ നിലയിൽ കാഞ്ചി കാമാക്ഷിയും മുകളിലത്തെ നിലയിൽ വെങ്കിടേശ്വര സാമിയും എറ്റവും മുകളിൽ സഹസ്രലിംഗ പ്രതിഷ്ഠയുമാണ്. എറ്റവും മുകളിലത്തെ നിലയിൽ നിന്ന് നോക്കിയാൽ പ്രയാഗരാജിന്റെ നയനാനന്ദകരമായ മുഴുനീള ദൃശ്യത്താൽ മനസ്സിനെ ധന്യമാക്കാം. മറ്റൊരു പ്രധാനക്ഷേത്രം നാഗവാസുകി ക്ഷേത്രമാണ്. പ്രധാന പ്രതിഷ്ഠ വാസുകിയും ഉപ പ്രതിഷ്ഠയായി മഹാദേവനുമാണ്. സ്നാനഘട്ടിൽ നിന്നും കുറച്ചു ദൂരെയായി വേറൊരു ക്ഷേത്രമുള്ളത് ശക്തിപീഠമായ അലോപി ദേവി ക്ഷേത്രമാണ്. ദക്ഷയാഗവുമായി ബന്ധപ്പെട്ട കഥയിൽ സതീദേവിയുടെ വലതു ഹസ്തത്തിലെ പെരുവിരൽ വീണ സ്ഥലമെന്നു വിശ്വസിക്കുന്നു. കൂടാതെ സരസ്വതി കൂപ്, പാതാൾ പുരി ക്ഷേത്രം, പ്രയാഗ് രാജ്ഫോർട്ട് എന്നിവയുമുണ്ട്. മുഗൾ രാജവംശത്തിന്റെ സ്വാധീനം ശക്തിപ്പെടുത്തുവാനായി അക്ബർ ചക്രവർത്തി നിർമ്മിച്ചതാണ് പ്രയാഗരാജ് ഫോർട്ട്. ഇതിന്റെ പൂർവ്വനാമം അലഹബാദ് ഫോർട്ട് എന്നായിരുന്നു. മറ്റൊരു പ്രധാന ആകർഷണം ഡിജിറ്റൽ ഷോയാണ്. കുംഭമേളയുടെ പ്രാധാന്യവും ഐതിഹ്യവും ഉൾകൊള്ളിച്ചുള്ള ഡിജിറ്റൽ ഷോ. കാണികളെ ഏറ്റവും ആകർഷിക്കുന്നതും ഇത് തന്നെ.

കുംഭമേള തിർത്ഥാടനം പരിപൂർണ്ണമാകണമെങ്കിൽ പ്രാചീൻ വേണി മാധവ് ക്ഷേത്രം കൂടി സന്ദർശിക്കണമത്രെ. ഇത് പ്രയാഗ് രാജിന്റെ അധിഷ്ഠാന ദേവതയായി കണക്കാക്കപ്പെടുന്നു. എല്ലാ തീർത്ഥാടനത്തിന്റേയും പ്രഭവസ്ഥാനം പ്രയാഗ് രാജായി കണക്കാക്കപ്പെടുന്നു. ബ്രഹ്മാവ് പ്രപഞ്ചസൃഷ്ടിക്കു ശേഷം ആദ്യമായി ഒരു യജ്ഞം നടത്തിയ സ്ഥലമാണ് പ്രയാഗ് രാജ്. പ്രയാഗ് രാജിൽ പന്ത്രണ്ടു രൂപങ്ങളിലായി ഭഗവാൻ വിഷ്ണു കുടികൊള്ളുന്നുവെന്നാണ് സങ്കല്പം. അതിൽ പ്രധാനമായ ഒന്നാണ് ഈ ക്ഷേത്രം. 15-02-2025ലെ പ്രഭാതത്തിൽ അവിടയും ദർശനം നടത്തി ഞങ്ങൾ കാശിയിലേക്കു യാത്രയായി. ഞങ്ങൾ സന്ദർശിച്ച സമയത്ത് പ്രയാഗരാജിൽ ഒരു അഘോരിയോ നാഗാസന്യാസിമാരോ ഉണ്ടായിരുന്നില്ല. പലരും അവരുടെ ധാമങ്ങളിലേക്കും ചിലർ കാശിയിലേക്കും പോയെന്നാണ് അറിയാൻ കഴിഞ്ഞത്.

പ്രയാഗരാജിൽ നിന്നും കാശിയിലേക്ക് കേവലം 124 കിലോമീറ്ററെ ഉള്ളുവെങ്കിലും റോഡ് മാർഗ്ഗം യാത്ര ചെയ്യുവാൻ ടാക്സിക്കാർ ഈടാക്കുന്നത് 8000 മുതൽ 15000 രൂപ വരെയാണ്. പക്ഷെ വന്ദേഭാരതിൽ തത്ക്കാൽ ടിക്കറ്റു തരപ്പെട്ടതിനാൽ 2 മണിക്കൂറിൽ കുറഞ്ഞ സമയം കൊണ്ട് കാശിയിൽ എത്തിച്ചേരുവാൻ സാധിച്ചു. കാശിയിൽ ഗംഗാസ്നാനം, വിശ്വനാഥ ക്ഷേത്രം, കാലഭൈരവ ക്ഷേത്രം, മറ്റു ക്ഷേത്രങ്ങൾ എന്നിവ സന്ദർശിക്കുവാനുള്ള ഭാഗ്യം കൂടി സിദ്ധിച്ചു. കൂടാതെ രാംനഗർ ഫോർട്ടു സന്ദർശിച്ച് മടങ്ങുന്ന വഴിയിൽ ഗംഗയിലൂടെ സുദീർഘമായ ഒരു യന്ത്രവൽകൃത തോണി യാത്രയും തരപ്പെടുത്തി. ഗംഗയിലെ പ്രധാന ഘാട്ടുകൾ സന്ദർശിക്കുവാനുള്ള ഒരു അവസരമാണ് ഇതിലൂടെ ലഭിച്ചത്. കാശിയിലെ ജനക്കൂട്ടത്തിൽ നിരവധി നഗ്നരായ നാഗസന്യാസികളെ കാണാനായി. പ്രമുഖ ബുദ്ധിസ്റ്റ് കേന്ദ്രമായ സാരനാഥും അടുത്തുള്ള ക്ഷേത്രങ്ങളും കൂടി സന്ദർശിച്ച്, ഒരു പുരുഷായുസ്സിലൊരിക്കൽ മാത്രം സാദ്ധ്യമാവുന്ന മഹാകുഭമേളയിൽ പങ്കെടുക്കാനായെന്ന ധന്യതയോടെ തിരിച്ച് നാട്ടിലേക്ക് മടങ്ങി.

**(ഗവേഷണ, സംശോധന സഹായം – മുരളി വട്ടേനാട്ട്)** ●

കവിത



# പൊട്ടി

അനിയൻ തിരുവേഗപ്പുറ

**ഇ**ന്നലെ
അന്തിക്കൊരു കൂട്ടർ,
വലിയൊരു സഞ്ചിയുമായ് വന്നു
മക്കളെത്തിയേപ്പിന്നെയെല്ലാം
ഫ്ളിപ്കാർട്ടും, ആമസോണുമാണ്.
മക്കളങ്ങക്കരയാണ്.
ഞങ്ങടെ സുഖാന്വേഷണം,
അതാണു വരവിന്നാധാരം.
വന്നവർ വീട്ടിൽക്കയറി വേഷം മാറി.
സഞ്ചിയിൽ നിന്നും കീറമുറവും, കുറ്റിച്ചൂലം,
ചൂട്ടുമെടുത്തു.
ചൂട്ടു കത്തിച്ച് വീടിനു ചുറ്റും കറങ്ങി
അറിയാ ഭാഷയിൽ എന്തെല്ലാമോ പുലമ്പി.
ഒരു മണ്ണുരുളയിൽ ചേമ്പും,
ദശപുഷ്പങ്ങളും പൊതിഞ്ഞ്
ഓടില്ലാത്ത വീടായതിനാൽ പിന്നിലെ
വിറകുപുരക്ക് മുകളിലെറിഞ്ഞു.
എന്നിട്ടുറക്കെ പറഞ്ഞു
ചേട്ടാ ഭഗോതി പുറത്ത്
ശ്രീഭഗോതി അകത്ത്.
അതു കഴിഞ്ഞു
കുട്ടികൾ വാതിൽ കൊട്ടിയടച്ചു.
അവർ കെട്ടും ബേഗുകളുമായി
പുറത്തിറങ്ങി വാതിൽപൂട്ടി.
ഞങ്ങളെ കൂട്ടി പുറത്തിറങ്ങി.
കാശു കിട്ടിയ ഉടനെ
എണ്ണി നോക്കി വന്ന കൂട്ടർ പോയി.
ഇവന്റ് മേനേജ്മെന്റ്
അത് മാത്രമല്ല അന്യസംസ്ഥാനക്കാർ.
എവിടേക്കെന്നറിയാതെ
അല്പം അന്ധാളിച്ചു.
കുറച്ചു നീങ്ങിയപ്പോൾ
മനസ്സിലായി വൃദ്ധസദനത്തിലേക്കാവന്ന്
മാസത്തിലൊരിക്കൽ
പോണുണ്ട്, ഒരു ദിവസം അവിടെയും
അവരിലൊരാളായി കൂടും.
ഒരു ദിവസം വേണ്ടീരന്ന് കരുതീർന്നു.
ഞങ്ങളെ അവിടാക്കി മക്കൾ രാത്രി തന്നെ സ്വന്തം
നാടുകളിലേക്ക് തിരിച്ചു.
ഞങ്ങളുടെ വീട്ടിലെ ചേട്ടാ ഭഗോതികൾ
വൃദ്ധസനദത്തിനകത്തായി തെല്ലാശ്വാസം ഇവിടെ
ഞങ്ങൾ ശ്രീഭഗോതിയാണല്ലോ? ●

*With best compliments from*

LL 04872320835
Mob: 9633898468
Mob: 9744187674

**GK GROUP**

(owned by C.G. Kutty/Ratnam Kattoor/Biju G Kutty/Binu G Kutty)

**ADVISORS, CONSULTANTS, COMMISSION AGENCY, BUSINESS ASSOCIATES**


C-1 Pearl Gardens, Near Co-op Society, Viyyur, Thrissur - 680 010, Kerala, India.
E-mail: gopalankutty48@gmail.com

# വിവാഹമംഗളാശംസകൾ



## ജിതിൻ ❤ ഗോപിക

തൃശൂർ ഒല്ലൂർ എടക്കുന്നി സാരസ്വതത്തിൽ ശ്രീ. ഗോപൻ പഴുവിലിന്റെയും (ഗോപാലകൃഷ്ണൻ, പഴുവിൽ തെക്കേ പിഷാരം) ശ്രീമതി രതി ഗോപന്റെയും (മഹാദേവമംഗലം പിഷാരം, ഷൊർണ്ണൂർ) മകൻ **ജിതിനും** വടക്കാഞ്ചേരി പടിഞ്ഞാറ്റുമുറി ഞാറക്കുളങ്ങര പുഷ്പകത്ത് ശ്രീ നന്ദകുമാറിന്റെയും ശ്രീമതി രേഖ നന്ദകുമാറിന്റെയും മകൾ **ഗോപികയും** തമ്മിലുള്ള വിവാഹം 2025 ഫെബ്രുവരി 2 ഞായറാഴ്ച്ച രാവിലെ 9.19 ന് ഞാറക്കുളങ്ങര ശ്രീകൃഷ്ണ ക്ഷേത്രത്തിൽ വെച്ച് താലികെട്ടും തുടർ ചടങ്ങുകൾ വടക്കാഞ്ചേരി അകമല എസ്.വി ഓഡിറ്റോറിയം, തൃശൂർ എം.ജി റോഡ് ശ്രീശങ്കര ഹാൾ എന്നിവിടങ്ങളിൽ വെച്ചും സമംഗളം നടന്നു.




ജിതിന്റെ മാതാപിതാക്കളായ ശ്രീമതി രതി ഗോപന്റെയും ശ്രീ. ഗോപൻ പഴുവിലിന്റെയും ഒപ്പം വധൂവരന്മാർ.

# വിവാഹമംഗളാശംസകൾ

## ജിതിൻ ❤ ഗോപിക




ഗോപികയുടെ മാതാപിതാക്കളായ ശ്രീമതി രേഖാ നന്ദകുമാറിന്റെയും ശ്രീ നന്ദകുമാറിന്റെയും സഹോദരൻ ശ്രീ ശ്രീരാഗിന്റെയുമൊപ്പം വധൂവരന്മാർ.









# വിവാഹമംഗളാശംസകൾ

## ജിതിൻ ❤ ഗോപിക

കുടുംബാംഗങ്ങൾക്കൊപ്പം വധുവരന്മാർ.



# ആദരവ് 2025

## കഴകക്കാർക്ക് ആദരം










# THALIYOGAM

## MATRIMONY GROUP

**FOR ALL AMBALAVASI / BRAHMIN / KSHATHRIYA / SAMANTHA / NAIR COMMUNITIES**

**TO JOIN IN THALIYOGAM**

**PLEASE CONTACT**

**MOHANAN R V - 93239 89944 / 77219 89944**

റിപ്പോർട്ട്

# ആദരവ് 2025

# തൃശൂർ ശാഖ കഴകക്കാരെ ആദരിച്ചു

**16-02-2025** ഞായറാഴ്ച്ച പിഷാരോടി സമാജം ആസ്ഥാനമന്ദിരത്തിൽ വെച്ച് കുലത്തൊഴിലായ കഴക പ്രവർത്തി ചെയ്ത് ജീവിക്കുന്ന സമുദായാംഗങ്ങളെ ആദരിച്ചു. 'ആദരവ് 2025' എന്ന് പേരിട്ട ആദരണ പരിപാടി ഉദ്ഘാടനം ചെയ്തത് പ്രശസ്ത മേള വിദ്വാനായ പത്മശ്രീ ശ്രീ. പെരുവനം കുട്ടൻ മാരാരാണ്. സിനിമാതാരം കുമാരി ശ്രവണ മുഖ്യാതിഥിയായിരുന്നു.

ശ്രീബാല, ശ്രീഭദ്ര എന്നീ ബാലികമാരുടെ പ്രാർത്ഥനയോടെ ആരംഭിച്ച ആദരവ് 2025 പരിപാടിയിൽ പ്രസിഡണ്ട് ശ്രീ. വിനോദ് കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. കെ.പി. ഹരികൃഷ്ണൻ സ്വാഗതം പറഞ്ഞു.

നീണ്ട കാലത്തെ നമ്മുടെ വലിയൊരു സ്വപ്നമാണ് ഇന്ന് ഇവിടെ സഫലമാകുന്നത് എന്ന് സ്വാഗത വാക്കുകളിൽ ശ്രീ. ഹരികൃഷ്ണൻ പറഞ്ഞു. കുലത്തൊഴിലായ കഴക പ്രവർത്തിയെ ജീവിത മാർഗ്ഗമാക്കി മാതൃക സൃഷ്ടിച്ച നമ്മുടെ കുടുംബാംഗങ്ങളെ ആദരിക്കുക, അതിലൂടെ നമ്മുടെ സമുദായം തന്നെ ആദരിക്കപ്പെടുക എന്ന സ്വപ്നം ഇവിടെ സാക്ഷാൽക്കരിക്കപ്പെടുകയാണ്. പിഷാരോടി സമാജത്തിന്റെ തന്നെ ചരിത്രത്തിൽ ആദ്യമാണ് ഒരു ശാഖയുടെ നേതൃത്വത്തിൽ ഇത്രയേറെ കഴകക്കാരെ ആദരിക്കുന്നുവെന്നത്. കഴകം എന്ന വാക്കിനർത്ഥം ഭരണം അല്ലെങ്കിൽ ഭരണ സമിതി എന്നാണ്.ഓരോ ക്ഷേത്രത്തിന്റെയും ദൈനം ദിന ചടങ്ങുകളെ പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയും വ്യക്തമായി ധാരണയുള്ളത് അവിടത്തെ കാരായ്മ കഴകക്കാർക്കാണ്. പണ്ട് കാലത്ത് കഴകക്കാർക്കും അവരുടെയൊപ്പം ക്ഷേത്ര ഭരണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്കും മാത്രമാണ് ക്ഷേത്ര പരിസരത്തു തന്നെ താമസിക്കുവാൻ സ്ഥലങ്ങൾ ലഭിച്ചിട്ടുള്ളത്.തന്ത്രിക്കോ ശാന്തിക്കാർക്കോ പോലും ധാരണയില്ലാത്ത ക്ഷേത്ര കാര്യങ്ങൾ വ്യക്തമായി അറിയുന്ന കഴകക്കാർക്ക് പക്ഷെ അവരുടെ മൂല്യം തിരിച്ചറിയാൻ സാധിച്ചില്ല. ഫലം, ഭരണ സംവിധാനത്തിൽ നിന്നും അവർ പുറത്തായി. ദേവസ്വം ബോർഡുകളുടെ തസ്തിക രൂപീകരണത്തിൽ കഴകക്കാർ വെറും സ്വീപ്പർമാരായി. നമ്മൾ നമ്മുടെ സ്വത്വം മറന്നു പോയി.ക്ഷേത്ര ഭരണത്തിൽ നമ്മുടെ പ്രാധാന്യമറിഞ്ഞു നമുക്ക് ലഭിച്ച ക്ഷേത്ര സ്വത്തുക്കൾ എല്ലാം നാം നഷ്ടപ്പെടുത്തി. കാലക്രമത്തിൽ നമ്മൾ നിർധനരും നിസ്സഹായരുമായി. അതിനൊരു പരിഹാരം കൂടി കാണുക എന്ന ഉദ്ദേശം കൂടി ഈ ആദരവ് 2025 ന്റെ പിറകിൽ ഉണ്ട്. കഴക പ്രവർത്തിയുടെ വിശാല സാധ്യതകളെ കുറിച്ച് ഒരു ബോധവൽക്കരണ പ്രോഗ്രാം അനിവാര്യമാണ്. ക്ഷേത്രങ്ങളിലെ ഓരോ അടിയന്തിര പ്രവർത്തികളുടെയും പ്രധാന്യത്തെ കുറിച്ച് സമൂഹം ബോധവാന്മാരാണ്. താന്ത്രികരുടെയും ശാന്തിക്കാരുടെയും മേളക്കാരുടെയുമെല്ലാം മൂല്യം സമൂഹത്തിനു നന്നായി അറിയാം. എന്നാൽ കഴക പ്രവർത്തിയെ പറ്റി വലിയ ധാരണയില്ല. അത് നൽകാൻ നമ്മൾ ശ്രമിച്ചില്ല എന്നതാണ് വാസ്തവം. അതിനൊരു മാറ്റമുണ്ടാക്കേണ്ടിയിരിക്കുന്നു. ആ ശ്രമം നമുക്ക് ഇവിടെ നിന്ന് ആരംഭിക്കേണ്ടതുണ്ട് എന്നും ശ്രീ ഹരികൃഷ്ണൻ പറഞ്ഞു.

ഉദ്ഘാടന ഭാഷണത്തിൽ പത്മശ്രീ ശ്രീ. പെരുവനം കുട്ടൻമാരാർ ക്ഷേത്ര കഴക പ്രവർത്തി എന്നത് സത്യത്തിൽ ആത്മ സമർപ്പണമാണ് എന്ന് സൂചിപ്പിച്ചു. ക്ഷേത്രത്തിൽ കഴക പ്രവർത്തിയായാലും വാദ്യ അടിയന്തിരമായാലും അവ അനുവർത്തിക്കുന്നവർ തികച്ചും ആത്മാർത്ഥമായിട്ടാണ് ആ ചുമതലകൾ നിറവേറ്റുന്നത്. അവിടെ നമ്മുടെ മുന്നിൽ ഏതെങ്കിലും പ്രതിഫലേച്ഛകളോ സ്ഥാനമാനങ്ങളോ പരിഗണനീയമല്ല. മാത്രവുമല്ല മാലകെട്ട് പോലുള്ള കഴക പ്രവർത്തികൾ ശുദ്ധമായ കല തന്നെയാണ്. വിഗ്രഹത്തിൽ ചാർത്തുന്ന വലിയ ഉണ്ട മാലയായാലും ചെറിയ തിരുമുടി മാലയായാലും ചെത്തിയും തുളസിയും മറ്റു അനുവദനീയമായ നിറങ്ങളിലുള്ള പൂക്കളും കൃത്യമായ വലിപ്പത്തിലും നിറ ഭേദങ്ങളിലും സമ രൂപത്തിൽ ചേർത്ത് നിർമ്മിക്കുക എന്നത് തികച്ചും ഭാവനാ സമ്പന്നമായ കലയുടെ നേർക്കാഴ്ചയാണ്. അതുകൊണ്ട് തന്നെ അവ വളരെ എളുപ്പ

ത്തിൽ തീർത്ത് ഭക്തിയോടൊപ്പം മനോഹരവുമായ ദൃശ്യ വിരുന്നു കൂടി നൽകുന്ന കഴക പ്രവർത്തിക്കാർ മുന്നേ പറഞ്ഞത് പോലെ യഥാർത്ഥ കലോപാസകൻ തന്നെയാണ്. കഴകക്കാരെ സംബന്ധിച്ചേടത്തോളം അവർ കെട്ടുന്ന മാലകളുടെ പൂർണ്ണത എന്നത് അവരുടെ ആത്മസംതൃപ്തിയാണ്. അവിടെ അവർ സ്വയം ആസ്വദിക്കുകയാണ്. മാലകൾ കാണുന്നവരുടെ ആസ്വാദനങ്ങൾ അവരെ ഒട്ടും ബാധിക്കുന്നില്ല. അങ്ങനെ ഭാവനാപൂർണ്ണരായ, ശുദ്ധമായ കലോപാസകരായ കഴക പ്രവർത്തിക്കാരെ ആദരിക്കാൻ പിഷാരോടി സമാജം മുന്നോട്ട് വന്നതിനു സമാജത്തെ അഭിനന്ദിക്കുന്നതോടൊപ്പം അതിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുന്നതിനു വേണ്ടി എന്നെ ചുമതലപ്പെടുത്തിയതിനു നന്ദിയും അറിയിക്കുന്നു. കുലത്തൊഴിലിന്റെ മഹത്വം തിരിച്ചറിഞ്ഞു അതിനെ നെഞ്ചോട് ചേർത്ത് ജീവിക്കുന്നവർ സത്യത്തിൽ സമ്പന്നമായ നമ്മുടെ സംസ്കാരം കൂടിയാണ് വളർത്തുന്നത്. ആറ്റൂർ കൃഷ്ണ പിഷാരോടിയെ പോലുള്ള മഹാന്മാർ ജനിച്ച സമുദായമാണിത്. ഇന്ന് വാദ്യ കലാരംഗത്ത് ധാരാളം മിടുക്കരായ പിഷാരടിമാർ ഉണ്ട്. ഇപ്പോൾ വാദ്യകല അഭ്യസിക്കാൻ വളരെയധികം പെൺകുട്ടികളും വരുന്നുണ്ട്. തീർച്ചയായും പിഷാരോടി സമുദായത്തിലെ പെൺകുട്ടികൾക്കും വാദ്യ കലാഭ്യാസ രംഗത്തേക്ക് സ്വാഗതം. പിഷാരോടി സമാജം അക്കാര്യത്തിലും ശ്രദ്ധിക്കണമെന്നും ശ്രീ പെരുവനം കുട്ടൻമാരാർ പറഞ്ഞു.

കഴക പ്രവർത്തിയുടെ പ്രാധാന്യത്തെ കുറിച്ച് മുഖ്യാതിഥി കുമാരി ശ്രവണയും സംസാരിച്ചു. സമാജത്തിന്റെ കലാ വേദികളിൽ കുട്ടിക്കാലം തൊട്ടെ പങ്കെടുത്തു വളർന്നവളാണ് ഞാൻ. അച്ഛൻ നല്ലൊരു കഴകക്കാരൻ കൂടി ആയിരുന്നു. ലോകമറിയുന്ന വലിയ വാദ്യ കലാകാരനായ പത്മശ്രീ പെരുവനം കുട്ടൻമാരാരുടെ ഒപ്പം ഈ വേദിയിൽ പങ്കെടുക്കാൻ സാധിച്ചത് വലിയ ഭാഗ്യമായി കരുതുന്നു. ആദരിക്കപ്പെടുന്നവർക്കെല്ലാം അഭിനന്ദനങ്ങളും ആശംസകളും അറിയിച്ചു.

സമാജം ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ ആശംസാ പ്രസംഗത്തിൽ താനും പഴുവിൽ ക്ഷേത്രത്തിൽ ഒരുപാട് വർഷം കഴക പ്രവർത്തി നടത്തിയതിന്റെ അനുഭവങ്ങൾ വികാരാധീനനായി സദസ്സിനോട് പങ്ക് വെച്ചു. ശാഖ വൈസ് പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്ര പിഷാരോടിയും കഴക പ്രവർത്തിയിൽ സ്വന്തം അമ്മ അനുഷ്ഠിച്ചിരുന്ന ആത്മാർത്ഥമായ സേവനങ്ങളും അതിൽ അവർ അനുഭവിച്ചിരുന്ന ബുദ്ധിമുട്ടുകളും വിവരിച്ചു. നന്നേ കുട്ടിക്കാലത്ത് ചെമ്പൂക്കാവ് ക്ഷേത്രത്തിൽ കഴക പ്രവർത്തി നടത്തി അതിൽ നിന്നും കിട്ടിയ വരുമാനം കൊണ്ടായിരുന്നു എന്റെ അമ്മ എന്നെ വളർത്തിയെടുത്തത്. ഇന്ന് പിഷാരോടിമാർ ഒരുപാട് പേർ വളരെ ഉന്നത സ്ഥാനങ്ങളിലും ജീവിത സാഹചര്യങ്ങളിലും ഉണ്ട്. പക്ഷെ അവരുടെയെല്ലാം മുൻ തലമുറക്കാർ പലരും കഴക പ്രവർത്തിയെ ആശ്രയിച്ചവരാണ്. ഇന്നും ബുദ്ധിമുട്ടുകൾ സഹിച്ച് അതേ പോലുള്ള കഴക പ്രവർത്തി ചെയ്യുന്നവരാണ് ഇവിടെ ഉള്ളത്. കുലത്തൊഴിലായ കഴക പ്രവർത്തിയെ ജീവിത മാർഗ്ഗമായി തെരഞ്ഞെടുത്തിട്ടുള്ളവരെ ആദരിക്കണം എന്നത് നമ്മുടെ ലക്ഷ്യമാണെങ്കിലും അത് ഉടനെ നടപ്പിലാക്കാൻ പഴുവിൽ പിഷാരത്തുള്ള ശ്രീ. രാജന്റെ നിർദ്ദേശം ഏറെ സഹായം ചെയ്തിട്ടുണ്ട് എന്ന് പറയേണ്ടതുണ്ട്. ശ്രീ. രാജന്റെ അഭിപ്രായം അതിന്റെ പൂർണമായ ഗൗരവത്തിൽ തന്നെ എടുത്ത് പെട്ടെന്ന് തന്നെ നടപ്പിലാക്കുവാൻ തീരുമാനിക്കുകയായിരുന്നു. ഈ സന്ദർഭത്തിൽ ചില കാര്യങ്ങൾ ഓർക്കേണ്ടതുണ്ട്. സർക്കാർ രേഖകളിൽ പിഷാരോടി എന്ന ഒരു സമുദായം കൂടി ഉണ്ടെന്ന്. ഈയിടെയാണ് സർക്കാർ രേഖാമൂലം അംഗീകരിച്ചത്. അത് പോലെ മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കമുള്ളവർക്ക് പത്ത് ശതമാനം അംഗീകാരം ലഭിച്ചതും അടുത്ത കാലത്താണ്. ഈ നേട്ടമെല്ലാം നമ്മുടെ കൂടി പരിശ്രമം മൂലം ലഭിച്ചതാണ്.

മുപ്പത്തി അഞ്ചോളം കഴക പ്രവർത്തിക്കാരെ ചടങ്ങിൽ വെച്ച് ആദരിച്ചു. ശ്രീ. പെരുവനം കുട്ടൻമാരാരെ വൈസ് പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്ര പിഷാരോടിയും കുമാരി ശ്രവണയെ തുളസീദളം ചീഫ് എഡിറ്റർ ശ്രീമതി എ. സരസ്വതിയും ആദരിച്ചു

ശാഖ സെക്രട്ടറി ശ്രീ. എ. ജയദേവൻ ഏവർക്കും നന്ദി പറഞ്ഞു.

## ശാഖ ആദരിച്ച കഴകക്കാർ

ഗംഗ രാമകൃഷ്ണൻ, ആനായത്ത് പിഷാരം, തൃശൂർ, രാമചന്ദ്രൻ, പടിഞ്ഞാറെ പിഷാരം, മുളകുന്നത്ത്കാവ്, കെ.കെ. വിജയലക്ഷ്മി, മുക്കോട്ടിൽ കിഴക്കേ പിഷാരം, എ.പി. ജയദേവൻ, മാങ്ങാട്ടുകര പിഷാരം, കൃഷ്ണകുമാർ, തെക്കേ പിഷാരം, പെരുവനം, അംബിക കൃഷ്ണകുമാർ, ആറേശ്വരം പിഷാരം, മിനി ഓമനക്കുട്ടൻ, കുട്ടമശ്ശേരി പിഷാരം, രാധ കെ.ജി., ഒളരിക്കര പിഷാരം, സരള രാധാകൃഷ്ണൻ, അഞ്ചേരി പിഷാരം, ഉഷ

നന്ദകുമാർ, അഞ്ചേരി പിഷാരം, വത്സല രാജൻ, കിഴക്കേ പിഷാരം പഴുവിൽ, മാലതി പിഷാരസ്യാർ, തെക്കേ പിഷാരം, പഴുവിൽ, വേണുഗോപാൽ, കിഴക്കേ പിഷാരം, പഴുവിൽ, രാമൻകുട്ടി പിഷാരോടി, പരയ്ക്കാട് പിഷാരം, വേണുഗോപാൽ, കാരമുക്ക് പിഷാരം, രജീഷ, കാരമുക്ക് പിഷാരം, ചിയ്യാരം, രാജേശ്വരി, കൊരങ്ങനാത്ത് പിഷാരം, ശ്രീകാന്ത് പിഷാരോടി, തെക്കേ പിഷാരം, മുളകുന്നത്ത്കാവ്, ശോഭ പിഷാരസ്യാർ, പടിഞ്ഞാറേ പിഷാരം, മുളകുന്നത്ത്കാവ്, രുഗ്മിണി പിഷാരസ്യാർ, പടിഞ്ഞാറേ പിഷാരം, മുളകുന്നത്ത്കാവ്, രാമചന്ദ്രൻ, പടിഞ്ഞാറേ പിഷാരം, മുളകുന്നത്ത്കാവ്, ശ്രീകുമാർ, കിഴക്കേ പിഷാരം, മുളകുന്നത്ത്കാവ്, ആതിര, ആനായത്ത് പിഷാരം, വെളപ്പായ, രജിത പ്രകാശ്, ആനായത്ത് പിഷാരം, വെളപ്പായ, ആശ കൃഷ്ണകുമാർ, മുക്കോട്ടിൽ പിഷാരം, കൂട്ടാല, അരിമ്പൂർ, രാംകുമാർ, വടക്കേ പിഷാരം, പെരുവനം, ഹരിദാസ് എം.പി., കാരമുക്കിൽ പിഷാരം, പുലക്കാട്ടുകര, ആർ. രാമനാഥ്, രാമപുരം പിഷാരം, ഇന്ദിര കെ.പി., കിഴക്കേ പിഷാരം, കോളങ്ങാട്ടുകര, പ്രകാശ്, പടിഞ്ഞാറെ പിഷാരം, മുളകുന്നത്ത്കാവ്, രാജൻ പിഷാരോടി, ആനായത്ത് പിഷാരം, വിജയൻ, കാരമുക്ക്. ●

## ശ്രീമതി ഉഷ ചന്ദ്രന് സപ്തതി



**പി**ഷാരോടി സമാജം മുൻ പ്രസിഡണ്ടും തൃശൂർ ശാഖയുടെ വൈസ് പ്രസിഡണ്ടുമായ ശ്രീ. എ. രാമചന്ദ്രപിഷാരോടിയുടെ പത്നി ശ്രീമതി ഉഷാചന്ദ്രന്റെ എഴുപതാം പിറന്നാൾ 19-02-2025 ന് രാവിലെ 10ന് തൃശൂർ ഹോട്ടൽ എലൈറ്റ് ഇന്റർനാഷനലിൽ വെച്ച് കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും സാന്നിദ്ധ്യത്തിൽ സമുചിതമായി ആഘോഷിച്ചു.

ഡോക്ടർ പത്മജൻ, ശ്രീ. ജി.പി. നാരായണൻകുട്ടി, ശ്രീ. സി.പി. അച്യുതൻ, ശ്രീമതി വാസന്തി ഗോപാലൻ, ശ്രീമതി എ.പി. സരസ്വതി എന്നിവരുടെ നേതൃത്വത്തിൽ നാൽപ്പതിലധികം പേർ പങ്കെടുത്ത നാരായണീയ പാരായണത്തോടെ ആരംഭിച്ച സപ്തതി ആഘോഷത്തിൽ പിഷാരോടി സമാജം ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ, കേണൽ ഡോക്ടർ ശ്രീ. വി.പി. ഗോപിനാഥൻ, ശ്രീ. കെ.പി. ബാലകൃഷ്ണപിഷാരോടി, ശ്രീ. വാകയിൽ നന്ദൻ, ശ്രീ. മാനംപിള്ളി രവി നമ്പൂതിരി, ശ്രീമതി എ.പി. സരസ്വതി എന്നിവർ പിറന്നാളാശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. ശ്രീമതി രഞ്ജിനി ഗോപിയുടെയും സംഘത്തിന്റെയും നേതൃത്വത്തിൽ നടന്ന തിരുവാതിരക്കളിയും ശ്രീമതി സൗമ്യ നിശാന്തിന്റെ മംഗളഗാനവും ശ്രീ. രവികുമാർ നീലാംബരി തയ്യാറാക്കികൊണ്ട് വന്നു വായിച്ച മംഗളപത്രവും ഏറെ ശ്രദ്ധ പിടിച്ചു പറ്റി. ശ്രീ. എ. രാമചന്ദ്ര പിഷാരോടി ഏവർക്കും നന്ദി പറഞ്ഞു. ശ്രീമതി ജ്യോതി ബാബു പിറന്നാൾ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

ശ്രീമതി ഉഷ ചന്ദ്രന് പിഷാരോടി സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ് സൈറ്റിന്റെയും സപ്തതി ആശംസകൾ.

## തിരുത്ത്

ഫെബ്രുവരിമാസ തുളസീദളത്തിൽ 'തറവാടുകളുടെ ചരിത്രം - കാറളം കൈനില പിഷാരം' എന്ന പംക്തിയിൽ, പേജ് നമ്പർ 15ൽ മദ്ധ്യ ഭാഗത്ത് കൈനില പിഷാരത്ത് 'ഗോവിന്ദ' പിഷാരോടിയുടെ മക്കൾ തൃപ്രയാർ രാമൻകുട്ടി, ഗോപി, ദാമോദരൻ എന്ന് കൊടുത്തിരിക്കുന്നത് കൈനില പിഷാരത്ത് 'രാഘവ' പിഷാരോടിയുടെ മക്കൾ തൃപ്രയാർ രാമൻകുട്ടി, ഗോപി, ദാമോദരൻ എന്ന് തിരുത്തി വായിക്കാൻ അപേക്ഷിക്കുന്നു. ഇങ്ങനെ ഒരു തെറ്റ് വന്നതിൽ ഖേദിക്കുന്നു. **-എഡിറ്റർ**

# കേന്ദ്ര സംയുക്ത ഭരണസമിതി യോഗ റിപ്പോർട്ട്

**കേ**ന്ദ്ര സംയുക്ത ഭരണസമിതിയുടെ യോഗം 09-02-2025നു 10 AMനു പ്രസിഡണ്ട് ശ്രീ. ആർ. ഹരികൃഷ്ണപിഷാരോടിയുടെ അദ്ധ്യതയിൽ തൃശൂർ കേന്ദ്ര ആസ്ഥാന മന്ദിരത്തിൽ വെച്ച് കൂടി. ഡോ. പി.ബി. രാംകുമാർ പ്രാർത്ഥന ചൊല്ലി, ജന. സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ സ്വാഗതമാശംസിച്ചു. അദ്ധ്യക്ഷ ഭാഷണത്തിൽ ഭാരവാഹികളുടെ പങ്കാളിത്തക്കുറവിനെക്കുറിച്ച് ചൂണ്ടിക്കാട്ടിയതിനോടൊപ്പം ശാഖാ യോഗങ്ങളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതിനെക്കുറിച്ചും കഴിവുള്ളവരെ പ്രവർത്തക സമിതിയിൽ ഉൾപ്പെടുത്തേണ്ടതിനെക്കുറിച്ചും, പുത്തൻ ടെക്നോളോജികൾ മുഖേനയുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തേണ്ടതിനെപ്പറ്റിയും പറഞ്ഞു. കൂടാതെ സമാജം ഇന്ന് നികുതി നൽകുന്ന നിലയിലേക്കെത്തിയെന്നും അതിന്റെ ഗുണവശങ്ങളെക്കുറിച്ചും പറഞ്ഞു. അതെ പോലെ യുവതലമുറയിലെ പ്രൊഫസണൽസിന്റെ ലിസ്റ്റ് ഉണ്ടാക്കി അവരെക്കൂടി സമാജപ്രവർത്തനങ്ങളിലേക്ക് കൊണ്ടുവരേണ്ടതിനെക്കുറിച്ചും പറഞ്ഞു. ജന. സെക്രട്ടറി അവതപ്പിച്ച മുൻ യോഗ റിപ്പോർട്ട് സഭ അംഗീകരിച്ചു.

ഈ വർഷത്തെ പ്രതിനിധി സഭാ യോഗം 2025 ഏപ്രിൽ 27 ഞായറാഴ്ച തൃശൂർ സമാജം ആസ്ഥാനമന്ദിരത്തിൽ വെച്ച് രാവിലെ 10 മണി മുതൽ നടത്തുവാൻ തീരുമാനിച്ചു. എല്ലാ ശാഖകളും മാർച്ച് 31നു മുമ്പായി പ്രതിനിധി സഭാ ലിസ്റ്റ് ജന. സെക്രട്ടറിക്ക് എത്തിക്കണമെന്നും അഭ്യർത്ഥിച്ചു.

ഇരിഞ്ഞാലക്കുട ശാഖാ സെക്രട്ടറി അടുത്ത കേന്ദ്ര വാർഷികത്തെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവെച്ചു. എല്ലാ ശാഖാക്കളോടും സജീവമായി പങ്കെടുക്കുവാനും സഹകരിക്കുവാനും അഭ്യർത്ഥിച്ചു. ഇത്തരുണത്തിൽ കേന്ദ്രത്തിൽ നിന്നും വാർഷിക നടത്തിപ്പ് ചിലവിലേക്ക് കൂടുതൽ തുക അനുവദിക്കണമെന്നും അപേക്ഷിച്ചു. PP&TDT യോടും സഹായം അഭ്യർത്ഥിച്ചതായി അറിയിച്ചു.

## PE&WS

സെക്രട്ടറി ഡോ. പി.ബി. രാംകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ചികിത്സാ സഹായ വിവരങ്ങൾ അറിയിച്ചു. ജ്യോതിർഗമയക്ക് തൃശൂർ ശാഖക്ക് 25,000 രൂപ PE&WSൽ നിന്നും നൽകുവാൻ തീരുമാനിച്ചു. കോങ്ങാട് ശാഖയിൽ നിന്നുമുള്ള ഒരു ചികിത്സാ സഹായാഭ്യർത്ഥനയും അംഗീകരിച്ചു. പുതിയ ചികിത്സാ സഹായ അഭ്യർത്ഥനകൾ ശാഖാ തലത്തിൽ പൂർണ്ണ രൂപത്തിൽ പരിശോധിച്ച് അവർക്ക് നൽകാവുന്ന തുക നൽകിയ ശേഷം കേന്ദ്രത്തിന് ശാഖ അഭ്യർത്ഥന നൽകിയാൽ PE&WS മുഖേന 10,000 രൂപ വരെ നൽകുവാൻ തീരുമാനിച്ചു. സമാജം ആസ്ഥാന മന്ദിരത്തിലെ ഒന്നാം നിലയിലെ മുറി പുതുക്കിപ്പണിയുവാൻ തീരുമാനിച്ചു. ഓഫീസ് നിർവ്വഹണത്തിനായി ഒരു ജീവനക്കാരനെ നിയമിക്കാൻ അപേക്ഷ ക്ഷണിക്കുവാൻ തീരുമാനിച്ചു.റിപ്പോർട്ടും കണക്കും അംഗീകരിച്ചു.

## PP&TDT

സെക്രട്ടറി കെ.പി. രവി റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ശ്രീ. ഗോപി കണക്ക് അവതരിപ്പിച്ചു. പുതുതായി ഏർപ്പെടുത്തിയ സൗകര്യങ്ങളെക്കുറിച്ചു അറിയിച്ചു. ഗസ്റ്റ് ഹസ്സിലുള്ള കോഫീ ഷോപ്പും AC ഹാളും അടിസ്ഥാന ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി അറിഞ്ഞെന്നും ഇതിനാൽ തന്നെ തുടർന്ന് ഇത് ഇപ്പോഴത്തെ നടത്തിപ്പുകാരന് നൽകേണ്ടതില്ലെന്നും യോഗം ചർച്ച ചെയ്ത് തീരുമാനിച്ചു. കരാറുകാരന് ഇക്കാര്യത്തിൽ വേണ്ട നോട്ടീസ് നൽകുവാൻ പ്രസിഡണ്ടിനെ ചുമതലപ്പെടുത്തി.

ശ്രീ. രവിയുടെ നന്ദി പ്രകാശനത്തോടെ യോഗം 2 മണിക്ക് പര്യവസാനിച്ചു. ●

## പ്രതിനിധി സഭാ യോഗം

പിഷാരോടി സമാജം പ്രതിനിധി സഭ അംഗങ്ങളുടെ യോഗം 2025 ഏപ്രിൽ 27 ഞയറാഴ്ച്ച രാവിലെ 10 നു തൃശൂരിൽ സമാജം ആസ്ഥാനമന്ദിരത്തിൽ വച്ച് പ്രസിഡണ്ട് ശ്രീ. ആർ. ഹരികൃഷ്ണ പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്. എല്ലാ ശാഖകളും അവരുടെ പ്രതിനിധി സഭാംഗങ്ങളുടെ പേരുവിവരങ്ങൾ നിശ്ചിത രൂപത്തിൽ 31- 03 - 2025നു മുമ്പായി ജന. സെക്രട്ടറിക്ക് എത്തിക്കേണ്ടതാണ്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് മാത്രമായിരിക്കും പ്രതിനിധി സഭാ യോഗത്തിൽ പങ്കെടുക്കുവാൻ സാധിക്കുക. തിരഞ്ഞെടുത്ത പ്രതിനിധികൾ വരിസംഖ്യാ കുടിശ്ശിക ഇല്ലാത്തവരാണെന്ന് ശാഖകൾ ഉറപ്പു വരുത്തേണ്ടതുണ്ട്.

**ജന. സെക്രട്ടറി**

# സപ്തതി ആശംസകൾ

## 19.02.2025





## ശ്രീമതി ഉഷ ചന്ദ്രൻ

### ഉഷസ്സ്, ചെമ്പൂക്കാവ്, തൃശൂർ

### ആശംസകളോടെ

ഭർത്താവ്: ശ്രീ. എ. രാമചന്ദ്ര പിഷാരോടി
ചെമ്പൂക്കാവ് ആനായത്ത് പിഷാരത്ത് (ഉഷസ്സ്), തൃശൂർ

മക്കൾ : ശ്രീകാന്ത് പിഷാരോടി, നിശാന്ത് പിഷാരോടി
മരുമക്കൾ : അനിത പിഷാരോടി, സൗമ്യ പിഷാരോടി
പേരക്കുട്ടികൾ : ഗോവിന്ദ് പിഷാരോടി, അദ്വൈത് പിഷാരോടി

# വിവാഹ മംഗളാശംസകൾ







## ജിഷ്ണു ❤ സഞ്ജന

കോയമ്പത്തൂരിൽ ('ഹരിശ്രീ' ഭാരതിനഗർ കെ വി പാളയം) താമസിക്കുന്ന, തൃപ്രയാർ പടിഞ്ഞാറെ പിഷാരത്ത് നന്ദകുമാറിന്റെയും, കുത്തനൂർ ദക്ഷിണാമൂർത്തി പിഷാരത്ത് സാവിത്രി നന്ദകുമാറിന്റെയും മകൾ **സഞ്ജനയും** 'സൗപർണിക', വടക്കെ പിഷാരം പാലൂർ കിഴക്കേക്കരയിൽ താമസിക്കുന്ന കോട്ടയം കാടമുറി കുഴിഞ്ഞാലിൽ പിഷാരത്ത് ജയകൃഷ്ണന്റെയും, ഷൊർണ്ണൂർ മഹാദേവമംഗലത്ത് പിഷാരത്ത് രജനിയുടെയും മകൻ **ജിഷ്ണുവും** തമ്മിലുള്ള വിവാഹം 08–02–2025 ശനിയാഴ്ച തൃശ്ശൂർ പുഴയോരം കൺവെൻഷൻ ഹാളിൽ വെച്ച് ബന്ധുമിത്രാദി കളുടെ സാന്നിദ്ധ്യത്തിൽ സമംഗളം നടന്നു.

കവിത

# സുർബഹാർ



രമ പ്രസന്ന പിഷാരോടി

(വേദികൾ ലഭിക്കുവാൻ തിരക്ക് കൂട്ടിയോടുന്ന സാധാരണത്വത്തിനിടയിൽ നിശ്ശബ്ദമായിരുന്ന് സുർബഹാർ വായിച്ച് ലോകത്തെ അത്ഭുതപ്പെടുത്തിയ മെയ്ഹർ ഘരാനയുടെ അന്നപൂർണ്ണദേവിയ്ക്ക്)

**എ**ത്രനാൾ തിരഞ്ഞു ഞാൻ-
നിന്റെ സുർബഹാർ കേൾക്കാൻ
എത്രനാളന്വേഷിച്ചു-
നിന്റെ സാധകം കേൾക്കാൻ
ചുറ്റിലും പ്രകാശിത സൂര്യ-
ബിംബത്തിൻ താഴെയെത്ര-
യപ്രകാശിതം നിന്റെ-
സുർബഹാർ നാദം!
എങ്കിലും കേൾക്കാമത്-
ഹൃദയത്തിനുള്ളിലായ്
മന്ത്രമായ്, സംശുദ്ധമാം-
സംഗീതസർഗ്ഗം പോലെ..
നിനക്ക് മൗനം തന്നെ നിന്റെ-
സംഗീതം കേട്ട്
പ്രപഞ്ചം നിശ്ചേഷ്ടമായ്
ശിരസ്സ് താഴ്ത്തുന്നുണ്ട്
പ്രകൃതിക്കതേ മഴ-
ത്തുള്ളിയിൽ, സമുദ്രത്തിൻ
ജലഗാന്ധാരങ്ങളിൽ
നിന്നെ ഞാൻ കേൾക്കുന്നുണ്ട്
വിരൽത്തുമ്പിലായ് നാദ-
ബ്രഹ്മങ്ങളുണ്ടെങ്കിലും
മിഴിക്കുള്ളിലായ്
ശാന്തസാഗരം സൂക്ഷിപ്പോളേ
നിന്റെ കൺപീലിയ്ക്കുള്ളിൽ
തിളങ്ങും നക്ഷത്രങ്ങൾ
നിന്റെ കൈക്കുടന്നയിൽ
സ്വരങ്ങൾ, ഖയാലുകൾ
നിന്റെ ജാലകങ്ങളെ
മൂടുന്നു മുല്ലപ്പൂവ്
നിന്റെ വീടുൾത്താളത്തിൽ
ശുദ്ധദൈവതം കേൾക്കാം
നിന്റെ പർണ്ണശാലയിൽ
*മെയ്ഹറിൻ ഘരാനകൾ
നിനക്ക് ചുറ്റും പുല്ലാങ്കുഴലും
സരോദുമായവിടെ കേൾക്കുന്നത്
വിശുദ്ധമഹാഗീതം..
ആളനക്കങ്ങൾ മഹാരവങ്ങൾ-
കേൾക്കാൻ പോയൊരാളാതാ-
മറന്നിട്ട ഭൂമിമണ്ഡപത്തിലായ്
നീയിരിക്കുന്നു സ്വസ്ഥസാധകം
ചെയ്തീടുന്നു
കാലവും ഋതുക്കളും
സ്തബ്ധമായ് നിന്നീടുന്നു
നിന്റെ സംഗീതം കേട്ട്
വിരിയുന്നാമ്പൽ ജല-
കന്യകളതും കേട്ട്
താളമിട്ടൊഴുകുന്നു
നിനക്ക് ചൂടാനിതാ
നക്ഷത്രദലപ്പൂവ്
നിനക്ക് പ്രാർത്ഥിക്കുവാൻ
പ്രപഞ്ചഹൃദ്മണ്ഡപം
നിനക്ക് കാവൽ
ഗ്രഹതാരങ്ങൾ
സപ്തർഷികൾ
നിനക്ക് കൂട്ടായുണ്ട്
ധ്രുവനക്ഷത്രം നിന്റെ
മിഴിയിൽ തൊടുന്നുണ്ട്

സാഗരം, ചിദാകാശം..
ചുറ്റിലും തിരക്കിട്ട് പോകുന്ന
ലോകത്തിന്റെ
അർദ്ധവൃത്തങ്ങൾക്കുള്ളിൽ
മയങ്ങിക്കിടക്കാതെ

നിനക്ക് വായിക്കാമീ-
സുർബഹാർ വീണ്ടും വീണ്ടും
നിനക്ക് ഹൃദയം തൊട്ടിവിടെ
പാടാം വീണ്ടും...

●

**അന്നപൂർണ്ണദേവി ഇന്ത്യൻ സുർബഹാർ, സിത്താർ, മുഖശംഖ് എന്നിവ ഉൾപ്പെടെ ഇരുപത്തിനാലോളം വാദ്യോപകരണങ്ങളിൽ പ്രാവീണ്യം നേടിയ, ഇന്ത്യ കണ്ട ഏറ്റവും വലിയ സംഗീതപ്രതിഭയായിരുന്നു. വിവാഹശേഷമുള്ള നിർഭാഗ്യകരമായ ചില അവസ്ഥകൾ, പൊതുവേദികളിലെ സംഗീതത്തിൽ നിന്ന് അന്നപൂർണ്ണയെ അകറ്റി. മെയ്ഹാർ ഖരാനയുടെ നാദം ബാംസുരിയിലൂടെ ഹരിപ്രസാദും നിത്യാനന്ദുമൊക്കെ ലോകത്തിനു കേൾപ്പിക്കുമ്പോൾ ഗുരുനാഥയായ അന്നപൂർണ്ണയെ സ്മരിക്കാതിരിക്കാൻ യഥാർത്ഥ സംഗീതസ്നേഹികൾക്കാവില്ല.**

**ഹിന്ദുസ്ഥാനി സംഗീതത്തിലെ ഉന്നതമായ പാരമ്പര്യമാണ് അന്നപൂർണ്ണദേവി പ്രതിനിധീകരിക്കുന്നത്. സേനിയ മെയ്ഹാർഖരാനയിലെ വിഖ്യാത സംഗീതജ്ഞനായ ഉസ്താദ് അലാവുദ്ദീൻ ഖാൻ രാജകൊട്ടാരത്തിലെ സംഗീതജ്ഞനായിരുന്നു. 1927 ഏപ്രിൽ 23 ന് ഉസ്താദ് അലാവുദ്ദീൻ ഖാന്റെ മകളായി റോഷനാര എന്ന പേരിൽ മെയ്ഹാറിൽ ജനിച്ച് ഉസ്താദിന്റെ ശിഷ്യനായ രവിശങ്കറിന്റെ ഭാര്യയായി അന്നപൂർണ്ണയായി. തന്നെക്കാൾ പ്രതിഭയുള്ള ഭാര്യ അതായിരുന്നു അന്നപൂർണ്ണയ്ക്ക് നേരിടേണ്ടിവന്ന ഏറ്റവും വലിയ പ്രതിസന്ധി. നിശ്ശബ്ദയായി പൊതുവേദികൾ നിന്നകന്ന അന്നപൂർണ്ണയുടെ സംഗീതത്തിന്റെ പ്രകാശം ആൾക്കൂട്ടത്തിന്റെ ആരവമെന്ന അകമ്പടിയില്ലെങ്കിലും ശുദ്ധസംഗീതപ്രേമികളുടെ ഹൃദയത്തിൽ ഇന്നും മുഴങ്ങിക്കേൾക്കുന്നുണ്ട്.**

## STATEMENT OF OWNERSHIP & OTHER PARTICULARS OF THULASEEDALAM MONTHLY

**(Form IV See Rule 8)**

| | | | |
|---|---|---|---|
| 1. | Place of Publication | : | Thrissur |
| 2. | Periodicity of Publication | : | Monthly |
| 3. | Printer's Name | : | K.P. Gopakumar |
| 4. | Nationality | : | Indian |
| 5. | Address | : | K.P. Gopakumar<br>General Secretary, Pisharody Samajam<br>Udaya Nagar, Ayyanthole, Thrissur-3. |
| 6. | Publisher's Name | : | K.P. Gopakumar |
| 7. | Nationality | : | Indian |
| 8. | Address | : | Pisharody Samajam<br>Udaya Nagar, Ayyanthole, Thrissur-3. |
| 9. | Editor's Name | : | A.P. Saraswathy |
| 10. | Nationality | : | Indian |
| 11. | Address | : | Pisharody Samajam<br>Udaya Nagar, Ayyanthole, Thrissur-3. |
| 12. | Name and address of Individuals who own the newspapers and partners or share holders holding more than one percent of the total capital. | : | Pisharody Samajam<br>H.O. Thrissur, Kerala. |

I, K.P. Gopakumar (General Secretary, Pisharody Samajam) hereby declare that the particulars furnished above are true to the best of any knowledge and belief.

Sd/-

Date : 01-03-2025 Signature of Publisher

നർമ്മം



# പാത്രം മോറാൻ അമ്മിണി...

**ടി.ആർ. രഘുനന്ദനൻ**
ഫോൺ: 9847169725

**വേ**ലിയ്ക്കപ്പുറത്തു നിന്നും അമ്മിണി വിളിച്ചു പറഞ്ഞു. 'തങ്ക ഷാരസ്യാരെ പാത്രം മോറാൻ ഞാൻ വരാം'.... 'മോറൽ' എന്ന മലയാള പദം പഴയകൊച്ചി ശീമയിൽ പ്രയോഗത്തിലുള്ള പദമാണെന്ന് 'ഭാഷാന്തര വ്യത്യാസങ്ങൾ' എന്ന തന്റെ ലേഖനത്തിലൂടെ മാരാർ മാഷ് (കുട്ടികൃഷ്ണമാരാർ) വ്യക്തമാക്കിയിട്ടുണ്ട്. കാലത്തിന്റെ കുത്തൊഴുക്കിൽ ഭാഷയിലുണ്ടായ സങ്കലനത്തിൽ പല പ്രയോഗങ്ങൾ നഷ്ടപ്പെടുകയും പുതിയ ചില പ്രയോഗങ്ങൾ പ്രാബല്യത്തിൽ വരുകയും ചെയ്തുവല്ലോ. ഉദാ: അടിപൊളി... ഇവിടെ ഇന്നത്തെ വിഷയത്തിലേയ്ക്ക് ഞാൻ വരാം.

ഷാരത്തെ പാത്രം കഴുകുന്ന ജോലി ചെയ്യുന്ന രാധ മൂന്നാലു ദിവസമായി വരുന്നില്ല. എന്തോ അസുഖമാണത്രെ. ഷാരത്തെ ഈ ജോലി അമ്മിണി ഏറ്റെടുത്തു നടത്തുന്നത് ഒരു പ്രത്യേക താത്പര്യത്തോടെയായിരുന്നു. അമ്പലത്തിൽ നിന്നും കൊണ്ടുവരാറുള്ള പോഷക സമൃദ്ധമായ ഉണക്കച്ചോറാണ് ആ താത്പര്യത്തിനു പിന്നിൽ. അതിനുപരി അയൽപക്കങ്ങളിലെ ഘ്രാണശക്തികളെ കീഴടക്കി വാഴുന്ന ഷാരത്തെ 'സാമ്പാറിനും' നല്ല പങ്കുണ്ട്. നല്ല ഒന്നാം തരം 'കടുകുമാങ്ങ', പശുക്കറവയുള്ളതിനാൽ ഉണ്ടാക്കപ്പെടുന്ന നല്ല ഹോം മേഡ് മോര്....... ചുരുക്കത്തിൽ പറഞ്ഞാൽ അമ്മിണിയുടെ ത്യാഗ സന്നദ്ധതയുടെ പുറകിൽ ഈ വക ഘടകങ്ങൾ കൂടിയുണ്ട്. കാഴ്ച ശക്തിയും, ഘ്രാണശക്തിയും കാശിക്കു പോയ അയൽപക്കത്തെ ഗോവിന്നായരുടെ ഇന്ദ്രിയങ്ങൾ പഴയന്നൂർക്ക് റിട്ടേൺ ടിക്കറ്റ് എടുത്തു വന്നിട്ടു അമ്മിണിയോട് പറഞ്ഞു. 'ഷാരത്ത്ന്ന് സാമ്പാറാണെന്ന് തോന്ന്ണു, അമ്മിണ്യേ... നീയിത്തിരി വാങ്ങിക്കൊണ്ട്വാ....'. ഷാരത്ത് പണീണ്ട് എന്നു പറഞ്ഞാൽ ജോലിക്കാരെല്ലാം റെഡി. വേലി കെട്ടുന്ന കൂരനും, ചാത്തിയും, ആശാരിപ്പണി ചെയ്യുന്ന അച്ചുതനും, വേലുവും, ശങ്കുവും, മുറ്റത്ത് ചാണകം മെഴുകുന്ന കാളിയും കോതയും. 'ഇവരിൽ എനിക്ക് എറേ പ്രിയം അച്ചുവിനോടാണ്. പണിയ്ക്കു വന്നാൽ ആദ്യം തന്നെ കുട്ടന് അതായത് എനിക്ക്, ഒരു വണ്ടിയുണ്ടാക്കിത്തന്നാണ് അച്ചു, ഗണപതിയെ സ്മരിക്കുന്നത്. അങ്ങിനെ എന്റെ കുട്ടിക്കാലത്ത് എന്നെ ഒരു വണ്ടി മുതലാളിയാക്കിയത് അച്ചുവാണ്. ഒരോ മരവണ്ടിക്കും എന്റെ മനസ്സിൽ ലാൻഡ് മാസ്റ്റർ, മോറീസ്, അമ്പാസിഡർ എന്നിവയുടെ സ്ഥാനമാണുള്ളത്. തന്റെ ഏക പണിയായുധമായ മഴുവുമായി ചേട്ടൻമാർക്കൊപ്പം വയനാട്ടിൽ പണിക്കു പോയ രാമനെ ഈ അവസരത്തിൽ ഓർമ്മ വരുന്നു. വയനാട്ടിൽ നിന്നും ഒരു സുപ്രഭാതത്തിൽ മടങ്ങിയെത്തിയ രാമനെ ഡബിൾ മുണ്ടും ഫുൾ കൈ ഷർട്ടും, കൂളിംഗ് ഗ്ലാസും, പാസ്സിങ് ഷോ സിഗരറ്റ് കൂടും കൈയ്യിലേന്തി, അമ്പലനടയിൽ TVS (തെക്കുവടക്കു സർവ്വീസു) മായി കണ്ടപ്പോൾ അതിശയത്തോടെ നോക്കി നിന്നതും ഇന്നലെയെന്നോണം ഓർക്കുന്നു. 'നമ്മളു പണിക്കു വിളിക്കുമ്പോ ഒരൊറ്റയെണ്ണം വരില്ല. ഷാരത്ത് പണീണ്ടെന്ന് പറയുമ്പോ എല്ലാം ക്യൂവാ. നമ്മളും പൈസ തന്നെല്ലേ കൊടുക്കണേ'..... ഗോവിന്നായരുടെ പല്ലില്ലാത്ത മോണയിലൂടെ വാക്കുകൾ പുറത്തേയ്ക്ക് തെറിച്ചപ്പോൾ മറുപടി പറഞ്ഞത് യ

**ആവശ്യമുണ്ട്**

ആലുവ - ചൊവ്വരയിൽ, സസ്യാഹാരം (വെജിറ്റേറിയൻ ഭക്ഷണം) പാചകം ചെയ്യാൻ 40നും 60നും ഇടയിൽ പ്രായമുള്ള സ്ത്രീ/പുരുഷനെ ആവശ്യമുണ്ട്. താമസസൗകര്യം ലഭ്യമാണ്. താല്പര്യമുള്ളവർ താഴെ കൊടുത്ത നമ്പറിൽ ബന്ധപ്പെടുക.

**Mob No. 98800 06971**

കവിത

# A Journey of Growth



**Veda Mahesh**
11 years, class-6th

Where darkness seems a void so deep
when light is far from sight
You may believe you’ve been buried
but there’s a truth you’ve yet to know
You’re a gem hidden beneath the earth
Awaiting light to find its worth.

With time your roots will grow
with patience and with care,
you’ll slowly grow a sprout
And blossom in the air.

As time flies by through days and nights
You grow and blossom blissfully
through stormy nights, through wind and rain
you persevere; your heart stays pure.

Your branches reach where skies are blue
In every leaf, a story told
Of strength and dreams, of hearts so bold
And of the journey to your peak.

And thus, this tale of seed and growth
Reflects the journey of us both
In darkness, we are not confined
But planted firm, with strength inside.

Remember, in your darkest hours
You’re poised to bloom, just like the flowers
For every challenge, every strain
Is a step to light, and life regained.

---

ശോദമ്മയാണ്. ‘അവരു കൊടുക്കണത് നെല്ലാ....മാഷ്ടേല് എവിടെ കാശുകൊടുക്കാൻ’. അവർക്കൊക്കെ നെല്ലു മതി. അവരത് യൂസപ്പിന്റെ കടയിൽ കൊടുത്ത് അവശ്യസാധനങ്ങൾ വാങ്ങും. യഥാർത്ഥത്തിൽ സുഭിക്ഷമായ ഉണക്കലരിച്ചോറാണ് വില്ലനായി വന്നിരുന്നത്. ബാർട്ടർ സമ്പ്രദായം എന്റെ കുട്ടിക്കാലത്തും നിലനിന്നിരുന്നുവെന്നുള്ള ഈ എളിയ എഴുത്തുകാരന്റെ സാക്ഷ്യപ്പെടുത്തലായി മാത്രം ഈ പ്രക്രിയയെ കണ്ടാൽ മതി.

പറഞ്ഞു കൊണ്ടുവരുന്നത് ഇതൊന്നുമല്ല. എത്ര പേരു ഉപയോഗിച്ചാലും തീരാത്ത അക്ഷയ പാത്രത്തിൽ കൊണ്ടുവരുന്ന അമ്പലച്ചോറിന്റെ പുണ്യം. സാക്ഷാൽ അന്നപൂർണ്ണേശ്വരിയുടെ അനുഗ്രഹം. അമ്മിണി പാത്രം മോറാൻ വരുമ്പോൾ യഥേഷ്ടം ഉണക്കച്ചോറും (അക്ഷയ പാത്രത്തിന്റെ കാൽഭാഗവും), പിന്നെ കായത്തിന്റെ സുഗന്ധമാർന്ന സാമ്പാറും (അന്ന് ശീതീകരണ സംവിധാനമില്ലാട്ടോ), രുചിക്കു പേരു കേട്ട കടുകുമാങ്ങയും, മൺഭരണിയിൽ സൂക്ഷിച്ച നല്ല മോരും, ചിലപ്പോൾ കയ്പക്ക കൊണ്ടാട്ടവുമുണ്ടാകും. ശാപ്പാടു കഴിഞ്ഞ് അക്ഷയപാത്രം ഉൾപ്പെടെയുള്ള പാത്രങ്ങൾ കണ്ണാടി പോലെ കഴുകി വെച്ചതിനു ശേഷം അമ്മിണി വി കെ എൻ ശൈലിയിൽ പറഞ്ഞാൽ, മൂക്കുമുട്ടെ ഉണ്ടു തളർന്ന് പടിഞ്ഞാറെ വരാന്തയിൽ ഇട്ടിരിക്കുന്ന പുൽപ്പായിൽ ഇരുന്ന ഇരുപ്പിൽ ചായും. ഘടികാരത്തിൽ നാലുമണിയുടെ പ്രതിധ്വനി മുഴങ്ങുമ്പോൾ ചാടിയെഴുന്നേറ്റ് നഷ്ടബോധം തിരിച്ചു പിടിച്ച്, അതായത് താൻ അയൽപക്കത്തെ പണിക്കാരിയാണല്ലോയെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടു കൊണ്ട് പതുക്കെ പതുക്കെ വേലിക്കരികിലേക്ക് നടന്നുനീങ്ങും. വയനാട്ടിൽ നിന്നും മടങ്ങിയെത്തിയ രാമനും ഷാരത്തെ ഉണക്കച്ചോറിന്റെ മഹത്വം തന്റെ ആരോഗ്യ രഹസ്യമായി കൊട്ടിഘോഷിക്കാറുണ്ട്. ഇന്ന് ആ ചുവന്ന ഉണക്കലരിച്ചോർ ഉത്സവവേളകളിൽ മാത്രമായി ചുരുങ്ങി. പതിവായി ഭഗവതിയും വെറും പച്ചരി ചോറാണ് കഴിക്കുന്നത്.

കലികാലം...

# വിവാഹമംഗളാശംസകൾ



## അദ്വൈത് ♥ മെഹക്

വെന്നിമല പിഷാരത്ത് പരേതനായ സി.ആർ.എൻ. പിഷാരോടിയുടെയും മഞ്ജീരി പിഷാരത്ത് സുശീല പിഷാരസ്യാരുടെയും മകൻ അനിൽ പിഷാരോടിയുടെയും എ.വി. ശ്രീദേവിയുടെയും മകൻ **അദ്വൈത് പിഷാരോടിയും** അനിത സഹ്ഗൽ മനോജ് സഹ്ഗൽ ദമ്പതിമാരുടെ മകൾ **മെഹകും** തമ്മിലുള്ള വിവാഹം മുംബൈ കാന്തിവലി ആരസ് ബാൻക്വറ്റ് ഹാളിൽ വെച്ച് 22-02-2025നു ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ സമംഗളം നടന്നു.

# ആദരാഞ്ജലികൾ



## അലനല്ലൂർ അയ്യപ്പൻകാവിൽ പിഷാരത്ത്

# കരുണാകര പിഷാരോടി

ജനനം: 25 – 04 – 1937 മരണം 18 – 02 – 2025

**ദുഃഖസ്മരണകളോടെ**

ഭാര്യ: കോങ്ങാട് കാവിൽ പിഷാരത്ത് വിജയലക്ഷ്മി പിഷാരസ്യാർ

മക്കൾ: കെ. പി. ഗോവിന്ദൻകുട്ടി (മണി), കെ. പി. രഘു, കെ. പി. ഗീത, കെ. പി. ബാബു

മരുമക്കൾ: കെ. പി. സിന്ധു, എ. രേഖ, എൻ. കൃഷ്ണമോഹൻ, പി. സൗമ്യ

പേരക്കുട്ടികൾ: സജിത്ത്, രാഖി, റിതുപർണ്ണ, പാർവതി



# ആദരാഞ്ജലികൾ

## എസ്. കേശവ പിഷാരോടി (92)

(1108 – 1200)
(റിട്ട. റെയിൽവേ ജീവനക്കാരൻ,ബംഗളൂരു)

**പൂത്രിക്കൽ പിഷാരം, അമ്പലമുകൾ**
**തൃപ്പൂണിത്തുറ**

ദുഃഖാർത്തരായ

ഭാര്യ: കോട്ടയം കാടമുറി കുഴിഞ്ഞാലിൽ പിഷാരത്ത് കെ. ലക്ഷ്മിക്കുട്ടി
മക്കൾ: കെ. ജയകൃഷ്ണൻ, കെ. ഹരികൃഷ്ണൻ
മരുമക്കൾ: രജനി എം.പി., കവിത ടി.പി.
പേരക്കുട്ടികൾ: ജിഷ്ണു, ജിതിൻ – ഹരിത, ഹൃദ്യ
സഹോദരങ്ങൾ: അമ്മിണി പിഷാരസ്യാർ, RLV ദാമോദരപിഷാരോടി

# ആദരാഞ്ജലികൾ



## മോഹനൻ കെ.പി. (65)

**കീഴഡൂർ പിഷാരം, മേലഡൂർ, തൃശ്ശൂർ**
മരണം: 07.02.2025

സ്നേഹസ്മരണകളോടെ...
ഭാര്യ: സുമ
മക്കൾ: മഞ്ജു, മനു
മരുമകൻ: സന്ദീപ്
പേരക്കുട്ടി: ധ്രുവ്
സഹോദരങ്ങൾ: രഘു, ബാബുരാജ്, സുധ

# വിവാഹമംഗളാശംസകൾ



## ശ്രീകാന്ത് ♥ അനഘ

കുളപ്പുള്ളി തെക്കേപ്പാട്ട് പിഷാരത്ത് രജനിയുടെയും കുനിശ്ശേരി പൂക്കുളങ്ങര പിഷാരത്ത് സുരേഷിന്റെയും മകൾ **അനഘയും** (JS1, Garden Park Apartments, Elamakkara, Kochi - 682026) കാരാക്കുറിശ്ശി തച്ചങ്കോട് കളം പിഷാരത്ത് സ്മിതയുടെയും തൃശ്ശൂർ തേനാരി പിഷാരത്ത് ശശിധരന്റെയും മകൻ **ശ്രീകാന്തും** (B 603, Rajhans Seasons -Summer CHS, Vasai - 401202) തമ്മിലുള്ള വിവാഹം 2025 ജനുവരി 26 ഞായറാഴ്ച എറണാകുളം TDM ഹാളിൽ വച്ച് ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ സമംഗളം നടന്നു.

ലേഖനം

# ഭാഷയിലെ കൊടുക്കൽ വാങ്ങലുകൾ
# ദി പോർത്തുഗീസ് കണക്ഷൻ



**അരവിന്ദാക്ഷൻ സേലം**
ഫോൺ: 6374162276

**ഭാ**രതത്തിൽ ഏറ്റവും ആദ്യം വരുകയും ഏറ്റവും അവസാനം പോവുകയും ചെയ്ത വിദേശീയരാണ് പോർത്തുഗീസുകാർ. അവർ ഗോവ, ദാദ്ര, ദാമൻ, ബോംബെ (ചില ഭാഗങ്ങൾ) എന്നീ പ്രദേശങ്ങളിലൊഴിച്ച് ഭാരതത്തിലെവിടെയും ഭരണരംഗം കൈയാളിയില്ല. പോർത്തുഗീസുകാർ കച്ചവടത്തിനായി യുദ്ധം ചെയ്യുകയും കൊച്ചിയിലും തിരുവിതാംകൂറിലും മലഞ്ചരക്കുകൾ സംഭരിച്ചു വെയ്ക്കാൻ പണ്ടകശാലകൾ (ഗോഡൗൺ) തുറക്കുകയും അവയുടെ രക്ഷക്കായി കോട്ടകൾ കെട്ടുകയും ചെയ്തു. കൊച്ചിയിലും കോഴിക്കോട്ടും കണ്ണൂരിലും മാറി മാറി കച്ചവടബന്ധം സ്ഥാപിക്കുകയും വേർപ്പെടുത്തുകയും ആതിഥേയരാജാക്കന്മാരെ ഓർക്കാപ്പുറത്ത് ആക്രമിക്കുകയുമായിരുന്നു പോർത്തുഗീസുകാരുടെ രാജതന്ത്രം.

കേരളത്തിൽ വിരുന്നു വന്ന വിദേശികളിൽ ഏറ്റവും നിഷ്ഠൂരന്മാർ പോർത്തുഗീസുകാർ അഥവാ പറങ്കികളായിരുന്നു. ആദ്യം വന്ന വാസ്കോഡിഗാമയാണ് അതിൽ ഒന്നാമൻ. “തടവിൽ പിടിച്ചവരുടെ കൈയും മൂക്കും കൊത്തിനുറുക്കി. അതിനുശേഷം കാലുകൾ കൂട്ടിക്കെട്ടി. ഇരുമ്പുദണ്ഡുകൊണ്ട് പല്ലുകൾ തട്ടിക്കൊഴിച്ചു. എന്നിട്ട് ആ ജീവച്ഛവങ്ങളെ കപ്പൽതട്ടിൽ കൂട്ടിയിട്ട് ഓലകൊണ്ടു മൂടി. കരയെ ലക്ഷ്യമാക്കി കപ്പൽപ്പായ അഴിച്ചു വിട്ട് വഞ്ചികൾക്ക് തീ കൊടുത്തു.” “വെന്തെരിയുന്ന മനുഷ്യരുടെ മരണപരാക്രമങ്ങൾ കപ്പലിലെ നിരീക്ഷണകവാടത്തിലൂടെ നോക്കിക്കൊണ്ട് ഗാമ മതിമറന്നാഹ്ലാദിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും നിലവിളി ഉയരുന്നതോടൊപ്പം അദ്ദേഹത്തിന്റെ ചിരി ഉച്ചത്തിലുച്ചത്തിലുയർന്നു” ഇതാണ് സാമ്പിൾ. ദൂതന്മാരെ ഉപദ്രവിക്കരുത് എന്നാണ് പണ്ടേയുള്ള നിയമം. അതും പറങ്കികൾക്ക് ബാധകമല്ല. സാമൂതിരിയുടെ ദൂതനായ തലപ്പണ്ണ നമ്പൂതിരിയുടെ ചുണ്ടുകളും ചെവിയും മുറിച്ചെടുത്ത് അവയുടെ സ്ഥാനത്ത് നായയുടെ ചെവി തുന്നിച്ചേർത്ത് സാമൂതിരിയുടെ അടുത്തേക്കയച്ചു.

കേരളത്തിൽ കൊച്ചിയിലും മറ്റുമായി സ്ഥിതി ചെയ്യുന്ന രണ്ടുമൂന്നു കോട്ടകൾ മാത്രമാണ് പോർത്തുഗീസ് ആഗമനത്തിന് ഇപ്പോൾ പ്രത്യക്ഷമായി കാണാവുന്ന ലക്ഷ്യങ്ങൾ. എന്നാൽ മലയാളത്തിൽ നമ്മൾ നിത്യേന ഉപയോഗിക്കുന്ന, അന്യഭാഷാപദം എന്നു തോന്നിക്കാത്ത വിധം നമ്മുടെ ഭാഷയിൽ അലിഞ്ഞു ചേർന്ന ചില വാക്കുകൾ പോർത്തുഗീസുകാരുടെ സംഭാവനയാണ്. അതാണ് ഈ ലേഖനത്തിന്റെ പ്രമേയം.

അന്യഭാഷകളിൽനിന്നു പദങ്ങൾ കടമെടുത്ത് സ്വന്തമാക്കുന്ന പ്രതിഭാസം എല്ലാ ജീവദ്ഭാഷയുടെയും പ്രമുഖലക്ഷണങ്ങളിലൊന്നാണ്. പ്രത്യേകിച്ചും വിദേശീയരുമായി പുരാതനകാലം മുതലേ കച്ചവടത്തിലേർപ്പെട്ടിരുന്ന കേരളീയർക്ക് അനേകം അന്യഭാഷകളുമായി സമ്പർക്കത്തിലേർപ്പെടാൻ സൗകര്യമുണ്ടായി. മലയാളം ഒരു ഭാഷയായി ഉറക്കൂടുന്നതിനു മുമ്പു തന്നെ കേരളം റോമക്കാരും ഗ്രീക്കുകാരും ചീനരുമായി കച്ചവടം നടത്തിയിരുന്നു. എന്നാൽ ഏതാനും നൂറ്റാണ്ടുകൾക്കു മുമ്പ് മലയാളഭാഷയുടെ വികാസം ഏതാണ്ട് ഉറച്ച കാലത്താണ് യൂറോപ്യൻ കച്ചവടക്കാർ കിഴക്കോട്ട് തങ്ങളുടെ സാഹസികയാത്രകൾ ആരംഭിച്ചത്. ഇവർക്കെല്ലാം വഴികാട്ടിയായി തീർന്നത് പോർത്തുഗീസുകാരും അതിൽ തന്നെ മുഖ്യൻ വാസ്കോഡിഗാമയുമായിരുന്നു. പോർത്തുഗീസുകാരുടെ ആഗമനത്തെ തുടർന്ന് പോർത്തുഗീസു ഭാഷയിലെ അനേകം പദങ്ങൾ മലയാളത്തിലേക്കും സംക്രമിക്കാൻ തുടങ്ങി. പിന്നീടു വന്ന ഡച്ചുകാരും ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും ആദ്യകാലങ്ങളിൽ പോർത്തുഗീസ് ഭാഷയെത്തന്നെയാണ് ബന്ധഭാഷയായി ഉപയോഗിച്ചു പോന്നത്. അതുകൊണ്ട് ഇംഗ്ലീഷുകാരുടെ ആധിപത്യം സ്ഥിരപ്പെടുന്നതു വരെ പോർത്തുഗീസ് ഭാഷയിലെ പദങ്ങൾ നമുക്കു കിട്ടിക്കൊണ്ടിരുന്നു.

നമുക്ക് പരിചയമില്ലാത്ത പല പുതിയ വസ്തുക്കളും അവർ ഇവിടെ കൊണ്ടുവന്നു തന്നിട്ട് ഇവിടുത്തെ ചരക്കുകൾ പകരം കൊണ്ടുപോയി. പല പുതിയ സസ്യങ്ങളുമായി നാം പരിചയപ്പെട്ടു. അവയുടെ പേരുകൾ നമ്മുടെ ഭാഷയിലെ അംഗങ്ങളായി. വ്യാപാരത്തിൽ പുതിയ രീതികൾ അവർ നടപ്പാക്കി. പുതിയ തൂക്കങ്ങളും അളവുകളുമായി നാം പരിചയപ്പെട്ടു. അവയുടെ പേരുകളും നമ്മുടെ ഭാഷയിലെ അംഗങ്ങളായി. വ്യാപാരത്തിൽ പുതിയ രീതികൾ അവർ നടപ്പാക്കി. അവരുടെ പല നാണയങ്ങളും നാം സ്വീകരിച്ചു. അവരുടെ പ്രവർത്തനം ചിലടത്ത് വ്യാപാരത്തിൽനിന്നു സാമ്രാജ്യസ്ഥാപനത്തിലേക്കു നീങ്ങിയപ്പോൾ പട്ടാളസംബന്ധമായും ഭരണസംബന്ധമായുമുള്ള പദങ്ങളും ഭാരതീയ ഭാഷകളിലേക്കു പകർന്നു. പോർത്തുഗീസുകാരുടെ മറ്റൊരു പ്രവർത്തനരംഗം ക്രിസ്തുമത പ്രചാരണമായിരുന്നു. ആ വഴിക്കും പല വാക്കുകൾ നമുക്കു ലഭിച്ചിട്ടുണ്ട്.

സി.എൽ. ആന്റണി എന്ന ഒരു ഭാഷാപണ്ഡിതൻ മലയാളത്തിലെ പരകീയപദങ്ങൾ എന്ന പുസ്തകത്തിൽ പോർത്തുഗീസടക്കമുള്ള അന്യഭാഷാ പദങ്ങളെ കുറിച്ചു പറയുന്നുണ്ട്. അതിൽപിന്നെ ഇതിനെപ്പറ്റി പരാമർശം കാണുന്നത് മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ (1972 നവംബർ 12) എൻ.എൻ. നമ്പൂതിരി എഴുതിയ പറങ്കികളും മലയാളഭാഷയും എന്ന ലേഖനത്തിലാണ്.

ഇനി നമുക്ക് മലയാളത്തിലെ പോർത്തുഗീസ് പദങ്ങളെ പരിശോധിക്കാം. "അന്നവിചാരം മുന്നവിചാരം" - ഭക്ഷണത്തെ കുറിച്ചാകാം ആദ്യം ചർച്ച. കഞ്ഞിയിലും നാലുകറിയിലും ഒതുങ്ങിനിന്ന നമുക്ക് യീസ്റ്റു ചേർത്ത പലഹാരങ്ങളും സ്റ്റ്യൂ തുടങ്ങിയ കറികളും പരിചയപ്പെടുത്തിയത് പോർത്തുഗീസുകാരാണ്. കപ്പൽ കിഴങ്ങാണ് കപ്പക്കിഴങ്ങായതെന്നും കടൽച്ചക്കയാണ് കടച്ചക്കയായതെന്നും പുതിയ അറിവു തന്നെയായിരിക്കും. ഇതു രണ്ടും പോർത്തുഗലിൽ നിന്നുള്ള ഇറക്കുമതികളാണ്. അതുപോലെ കപ്പൽ മുളകെന്ന അങ്ങാടി മുളകും. ഈ മുളകിന് പറങ്കി മുളക് എന്നും പറയും. കണ്ണൂർ ഭാഗത്ത് പറങ്കി മുളക് എന്നു പറയേണ്ടതില്ല. പറങ്കി എന്നു പറഞ്ഞാൽതന്നെ അതു ആ മുളകാണ്. കാന്താരിമുളക് ചൈനയിൽനിന്നു വന്ന ചീനിമുളകാണ്. ഇവ വരുന്നതിനുമുമ്പ് നമ്മുടെ സ്വന്തം കുരുമുളകുമാത്രമാണ് നമ്മുടെ കറികളെ എരിവു കൂട്ടിയിരുന്നത്. നാലുകറികളിൽ എരിശ്ശേരിയിലും കാളനിലും ചേർക്കുന്നത് ഇപ്പോളും കുരുമുളകാണല്ലോ?

## സസ്യനാമങ്ങൾ

പോർത്തുഗീസുകാർ കേരളത്തിൽ കൊണ്ടുവന്നു നട്ട പല സസ്യങ്ങളും ബ്രസീൽ, പെറു തുടങ്ങിയ ഭൂമദ്ധ്യരേഖാപ്രദേശത്തു വളർന്നിരുന്നവയാണ്. നമ്മുടെ ഭൂപ്രകൃതിയും കാലാവസ്ഥയും അവയ്ക്ക് ഇണക്കമുള്ളതായിരുന്നു. പോർത്തുഗീസു ഭാഷയിലെ കാജു ബ്രസീലിലെ ഭാഷയിൽ അകാജു എന്ന പദത്തിൽ നിന്നു വന്നതാണ്. മിക്ക ഭാരതീയ ഭാഷകളിലും കാജു എന്നു തന്നെയാണ് പറഞ്ഞു വരുന്നത്. നമ്മൾ അതിനെ കശു-മാങ്ങ എന്നു മാറ്റിയെന്നു മാത്രം. കശുമാങ്ങയുടെ പര്യായമാണല്ലോ പറങ്കിമാങ്ങ?

പോർത്തുഗീസുകാരുടെ മറ്റൊരു സംഭാവനയാണ് കൈതച്ചക്ക (പൃത്തിച്ചക്ക, അന്നാരച്ചക്ക) 'നാനാസ്' എന്ന തെക്കേ അമേരിക്കൻ വാക്കിൽ നിന്നാണ് 'അനാനാസ്' എന്ന പോർത്തുഗീസു വാക്കിന്റെ വ്യുൽപ്പത്തി. ഹിന്ദിയിലും മറ്റു ഭാഷകളിലും ഇതിനു 'അനാനാസ്' എന്നു തന്നെയാണ് പേർ. മലയാളത്തിലെ അന്നാരച്ചക്കയും ഈ വാക്കിൽനിന്നുണ്ടായതാണ്. നമ്മുടെ പായയുണ്ടാക്കുന്ന കൈതയുമായി സാമ്യമുള്ളതുകൊണ്ടാവാം, ആ ഫലം കണ്ട ഉടനെ അതിന് കൈതച്ചക്ക എന്നു പണ്ടുള്ളവർ പേരിട്ടത്. ഇംഗ്ലീഷുകാർ പൈൻ മരത്തിന്റെ കായോടുള്ള ആകൃതിസാമ്യം മൂലം പൈൻ ആപ്പിൾ എന്നു പേരിട്ടതു പോലെയാവും ഇതിനു കൈതയോടുള്ള സാമ്യം നാം കണ്ടെത്തിയത്.

കപ്പയ്ക്ക, കപ്പങ്ങ, കപ്പളങ്ങ, കൊപ്പക്കായ്, ഓമക്കായ, പപ്പായ എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്ന പഴം ക്യൂബയിൽനിന്നു പോർത്തുഗീസുകാർ ഇവിടെ കൊണ്ടുവന്നതാണ്. ക്യൂബൻ ഭാഷയിലെ പപ്പെയ എന്ന പേരുതന്നെയാണ് പോർത്തുഗീസുകാരും ഉപയോഗിക്കുന്നത്. മറ്റിന്ത്യൻ ഭാഷകളിലും ഈ വാക്കിനോടു സദൃശമായ പേരുകൾ നിലനിൽക്കുന്നു. പേര ഒരു വിദേശീയ പദമാണെന്നു തോന്നാനിടയില്ല. എന്നാൽ പേര എന്നുതന്നെയാണ് ഇതിന്റെ പോർത്തുഗീസു പേര്.

ആത്തച്ചക്കയ്ക്കും പോർത്തുഗീസു ഭാഷയിൽ ആത്ത എന്നാണ് പേർ. ക്യാബേജിന്റെ ഉത്ഭവം പോർത്തുഗീസ് ഭാഷയിലെ കോവെ എന്ന വക്കിൽ നിന്നാണ്. തണ്ണിമത്തങ്ങയുടെ പര്യായമായ വത്തക്ക പോർത്തുഗീസ് ഭാഷയിലെ പറ്റേക്ക ആണ്.

ഭക്ഷണശേഷം വല്ലതും എഴുതാനിരിക്കുകയാണെങ്കിൽ ശ്രദ്ധിക്കുക, എല്ലാ എഴുത്തു സാമ

ഗ്രികളും പോർത്തുഗീസാണ്. അലമാരി പോർത്തു ഗീസു പദമാണ്. അതുപോലെ പേനയും. കാർ ടാസ് (Cartaz) എന്ന പോർത്തുഗീസ്പദത്തിൽ നി ന്നാണ് കടുദാസ് അല്ലെങ്കിൽ കടലാസ് ഉരുത്തി രിഞ്ഞത്. കസേരയും (Caderira) മേശ (Mesa) യും പോർത്തുഗീസുകാർ വന്നതിനു ശേഷമേ നാം ഉ പയോഗിച്ചിരുന്നിരിക്കയുള്ളു.

പോർത്തുഗീസുകാർ 'പറങ്കികൾ' എന്ന പേ രിലാണ് കേരളത്തിൽ അറിയപ്പെട്ടിരുന്നത്. പേഴ് സ്യൻ ഭാഷയിലെ 'ഫിറംഗി' എന്ന വാക്കിൽ നി ന്നാണ് ഈ പദം വന്നത്. 'ഫ്രാങ്കുകളുടെ പ്രദേ ശം' എന്ന അർത്ഥത്തിലാണ് 'ഫിരംഗ്' ആദ്യമാ യി പ്രയോഗത്തിൽ വന്നതെങ്കിലും ഹിന്ദിയിൽ വെ ള്ളക്കാരൻ എന്ന അർത്ഥത്തിലാണ് 'ഫിരംഗി' എ ന്ന പദം ഉപയോഗിക്കുന്നത്. പറങ്കിപ്പുണ്ണ് (സിഫി ലിസ്) ഇവിടെ പരത്തിയത് പറങ്കികളാണ് എന്ന് വിശേഷിച്ചു പറയേണ്ടതില്ല, പേരിൽ തന്നെ ഉണ്ട്. 'പീരങ്കി ഫിരംഗിയിൽ നിന്ന് വന്നതാണ്. അതു പോലെ തടവറ എന്ന അർത്ഥത്തിൽ തുറങ്കും. തു റുങ്കിന്റെ പോർത്തുഗീസ് രൂപം Tronco ആണ്.

നമ്മുടെ ലേലവും ഷോടതിയും പോർത്തു ഗീസുകാരുടെ സംഭാവനയാണ്. പോർത്തുഗീസ് ഭാഷയിലെ ലെയ്ലോ (Leilao) ആണ് നമ്മുടെ ലേ ലം. സോർട്ടേ (sorte) എന്ന പോർത്തുഗീസ് പദം ഷോടതിയായി.

ചാക്ക് (പോർ-saco) പീഞ്ഞ(പ്പെട്ടി)-(പോർ- pinho) പീപ്പ (പോർ-pipa) എന്നീ വാക്കുകൾ പോർത്തുഗീസ് വ്യാപാരികളിൽ നിന്നാണ് മലയാ ളത്തിനു ലഭിച്ചത്. വാര (പോർ-vara), റാത്തൽ (പോർ-arnatel) തുടങ്ങിയ അളവുകളും അവരാ ണ് കൊണ്ടുവന്നത്. താരിപ്പും പോർത്തുഗീസു ത ന്നെ. (പോർ-tarifa). തമ്പേർ പോർത്തുഗീസ് Atamborൽ നിന്നു വന്നതാണെന്നു കരുതണം.

തൂവാല (പോർ-toalha), വില്ലീസ് (പോ- veludo) എന്നിങ്ങനെ വസ്ത്രധാരണസംബന്ധമാ യ പല വാക്കുകളും പോർത്തുഗീസുകാരിൽ നി ന്നു കിട്ടിയിട്ടുണ്ട്. ട്രൗസേഴ്സ് എന്ന അർത്ഥത്തി ലുള്ള കാൽസ്രായ് എന്ന മലയാള വാക്ക് പോർ ത്തുഗീസാണ്. തുണികൾ ഇസ്തിരിയിടുന്നതും (പോർ-estirar), തോൽ ഊറയ്ക്കിടുന്നതും (പോർ- curar), പോർത്തുഗീസുകാരിൽനിന്നാണ് നമ്മൾ പഠിച്ചത്. കുതിരച്ചമ്മട്ടിയെന്നർത്ഥമുള്ള കൊരടാ വും കൊർഡാവ് എന്ന പോർത്തുഗീസു വാക്കിൽ നിന്നു വന്നതാണ്. അതുപോലെ റേന്തയും പോർ ത്തുഗീസാണ്.

വീഞ്ഞും (പോ-Vinho) അതു കുടിക്കാനു ള്ള കോപ്പ (copo)യും ആഹാരം കഴിക്കാനുള്ള വസ്സി-കിണ്ണം (പോ-Bacio)വും പോർത്തുഗീസു ഭാഷയുടെ സംഭാവനകൾ തന്നെ. വിനാഗരി (പോ- Vinagre) യും പോർത്തുഗീസുകാർ കൊണ്ടുവ ന്നതു തന്നെ.

കിളിവാതിലിന്റെ സ്ഥാനത്ത് ജനൽ അഥവാ ജനാല എന്ന പദം പ്രചാരത്തിൽ വന്നതും പോർ ത്തുഗീസുകാരുടെ janal എന്ന വാക്കുമായി പരി ചയപ്പെട്ടതിനു ശേഷമാവണം. വിജാഗരിയും ഗ്രാ തിയും (കട്ടിലിൽ തലയണ വീണുപോകാതെ ത ടയുന്ന, കലാപരമായുണ്ടാക്കുന്ന ചട്ടം) യഥാക്ര മം പോർത്തുഗീസുവാക്കുകളായ Visagara. Grade എന്നീ വാക്കുകളിൽ നിന്നുണ്ടായതാണ്. വീടുക ളിൽ റാന്തൽ (ലാന്തർ) (പോ. lanterma) കൊളു ത്തിത്തുടങ്ങിയതും പോർട്ടുഗീസുകാർ വന്നതിനു ശേഷമായിരിക്കണം. മലയാളത്തിലും പല ഭാഷ കളിലും പ്രയോഗത്തിലുള്ള ചാവി എന്ന ശബ്ദം പോർത്തുഗീസ് chaveയിൽ നിന്നു വന്നതാണ്. ചിന്തേർ (പോ-Cinzel), ചീപ്പുളി (പോ-Cipelho) ഇലവാങ്ക് (പോ-Alavanca) എന്നീ വാക്കുകളുടെ യും തറവാട് പോർട്ടുഗൽ തന്നെ. മരാമത്തുപണി ക്കാരുടെ മേൽനോട്ടം വഹിക്കുന്നയാൾ മേസ്തി രി (പോ-Mestre) എന്ന വിദേശപദത്താൽ സം ബോധിതനാവാൻ ഇഷ്ടപ്പെട്ടിരിക്കണം.

തുടരും...



**Krishnajit A P**
Annassery Pisharam, Kotayi.

കവിത

# പുഞ്ചിരി

ശ്രീമൂലനഗരം ഗിരീഷ്



**മാ**യാതിരിക്കട്ടെ ഈ പുഞ്ചിരി,
തേൻ നിലാവൊഴുകുമീ പൂപ്പുഞ്ചിരി
അനുരാഗികളാം ആരാധകന്മാരെ
സ്വർഗ്ഗത്തിലാക്കുന്ന നല്ല ചിരി
കുംഭമേളയിലുയർന്ന ചിരി
ലോകമാകെ പുണർന്ന ചിരി
വർണ്ണവെറിയെ വെല്ലും നിഷ്കളങ്കച്ചിരി
തൊഴിലിൻ മഹത്വം വിളിച്ചോതും ചിരി
കളങ്കമിയന്ന നിലാവിൽ ചിരി
മാനവഹൃത്തുകൾ കവർന്ന ചിരി
മായ്ക്കുവാനാവാതെ നിൽക്കട്ടെ ഈ ചിരി
ഹന്തക്ക് പരിഹാരമാവട്ടെ ഈ ചിരി....

# മറ്റത്തൂർ മട്ടയുടെ പെരുമയ്ക്ക് പിന്നിൽ ഒരു പിഷാരോടി



**മ**റ്റത്തൂർ കൃഷിഭവന്റെ നേതൃത്വത്തിൽ നെല്ല് ഉല്പാദന രംഗത്ത് സ്വയം പര്യാപ്തതയുടെ മാതൃകയായി മാറിയ മറ്റത്തൂർ മട്ട എന്ന പ്രാദേശിക ബ്രാൻഡിന്റെ പിന്നിൽ ഒരു പിഷാരോടി സാന്നിദ്ധ്യമുണ്ട്. മാങ്കുറ്റിപ്പാടത്ത് പിഷാരത്ത് കമല പിഷാരസ്യാരുടെയും കൊടകര പഴയേടത്ത് പിഷാരത്ത് നാരായണ പിഷാരോടിയുടെയും മകൻ ഉണ്ണികൃഷ്ണൻ. മറ്റത്തൂർ കൃഷി ഭവനിലെ കൃഷി ഓഫീസറായിരുന്ന ഉണ്ണികൃഷ്ണൻ അദ്ദേഹം കൃഷി ഓഫിസറായിരുന്ന സമയത്ത് പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ നെൽകൃഷിയുടെ ഒന്നാം ഘട്ടം വിജയകരമായി പൂർത്തിയാക്കുകയുണ്ടായി. 350 ഏക്കറിൽ 900 കൃഷിക്കാരെ കോർത്തിണക്കി നടത്തിയ മട്ട കൃഷി ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംഭരിച്ച് കുത്തി അരിയാക്കി പ്രാദേശികമായി വിറ്റഴിക്കുക എന്നതാണ് മറ്റത്തൂർ മട്ട പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. പാലക്കാടൻ മട്ടയോട് കിടപിടിക്കുന്ന സ്വാദും ഗുണമേന്മയും മറ്റത്തൂർ മട്ടയെ വേറിട്ടതാക്കുന്നു.

കൃഷി ഭവന്റെ നേതൃത്വത്തിൽ മണ്ണ് പരിശോധന, ജൈവ വിത്തിനങ്ങൾ നൽകൽ, സബ്സിഡി അനുവദിക്കൽ, പുത്തൻ കാർഷികോപകരണങ്ങൾ ലഭ്യമാക്കൽ തുടങ്ങിയവയിലൂടെയാണ് ഇത്തരമൊരു പദ്ധതി നടപ്പിലാക്കിയത്.

ഉണ്ണികൃഷ്ണൻ ഇപ്പോൾ മറ്റത്തൂരിൽ നിന്നും മാറ്റമായി നെടുമ്പാശ്ശേരിയിൽ കൃഷി ഓഫിസറായി ജോലി ചെയ്യുന്നു. കോട്ടയം ഓണംതുരുത്ത് പിഷാരത്ത് അശ്വതിയാണ് പത്നി. മക്കൾ ഭഗത്തും അച്യുതും.

ഉണ്ണികൃഷ്ണന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റെയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

# ആദരാഞ്ജലികൾ



## ഋഷിനാരദമംഗലത്ത് പിഷാരത്ത്
## ആർ.പി. പുരുഷോത്തമൻ (90)

മരണം: 02 – 03 – 2025

**ഭാര്യ** : വല്ലപ്പുഴ മേലീട്ടിൽ പിഷാരത്ത് പരേതയായ അമ്മിണി പിഷാരസ്യാർ

**മക്കൾ** : എം.പി. ദേവേശൻ, എം.പി. ദിനേശ്

**മരുമക്കൾ** : ജയശ്രീ ദേവേശൻ, പി. കൃഷ്ണകുമാരി

**പേരക്കുട്ടികൾ** : സൂരജ് – നിസ്, വൈഷ്ണവി – അഖിൽ, വിനായക്, വൈഭവ്, അമേയ

**സഹോദരങ്ങൾ**: പരേതയായ നാരായണിക്കുട്ടി, പരേതനായ ആർ.പി. ഉണ്ണി, രാജം

# വേർപാടിന്റെ 12 – ാം വർഷം

16.03.2025



## ആനായത്ത് പിഷാരത്ത്
## രാധാകൃഷ്ണ പിഷാരോടി

ഭാര്യ പരേതയായ ടി.വി. ദേവിക്കുട്ടി പിഷാരസ്യാർ
(തെക്കെവീട്ടിൽ, ചെറുകുന്ന് )

### സ്നേഹസ്മരണകളോടെ

**മക്കൾ**
ടി.വി. ഹരിദാസ്
ടി.വി. ജയലക്ഷ്മി (Late)
ടി.വി. സ്വർണ്ണകുമാരി
ടി.വി. ശ്രീരാജൻ

**മരുമക്കൾ**
പി.പി. ഗിരിജാകുമാരി
കെ.പി. വിജയൻ
പി.പി. മുരളീധരൻ
വി. സിന്ധു

**പേരക്കുട്ടികൾ**
പി.പി. ഹേമ - വി.എസ്. ബിജു
ജലജകുമാരി - വിനോദ്, ജയകുമാർ - ശ്രീകല
നിധിൻ പ്രഭാകർ, സച്ചിൻ കൃഷ്ണൻ - ഗ്രീഷ്മ
സഞ്ജയ് ശ്രീരാജ്, സന്ദീപ് ശ്രീരാജ്

**പേരക്കുട്ടികളുടെ മക്കൾ:**
പ്രണവ്വിനോദ് & ദേവ് വിനോദ്
നിരഞ്ജൻ ദാസ്



# സ്വർഗ്ഗയാത്രയ്ക്ക് 11 വർഷം തികയുന്നു

പഴുവിൽ (പെരുവനം)
തെക്കെപിഷാരത്ത്

## ലക്ഷ്മിക്കുട്ടി പിഷാരസ്യാർ

മരണം: 29.03.2014

മക്കൾ ജീവിച്ചിരിക്കുന്ന കാലത്തോളം
അമ്മയ്ക്ക് മരണമില്ല

സങ്കടത്തോടെ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ



# സ്വർഗ്ഗയാത്രക്ക് 4 വർഷം തികയുന്നു

## അമ്മിണി പിഷാരസ്യാർ

മഹാദേവമംഗലം പിഷാരം, ഷൊർണൂർ
മരണം: 24/03/2021

ഭർത്താവ് : പരേതനായ ടി.പി. കൃഷ്ണപിഷാരോടി
(കോഴിക്കോട് ഗോവിന്ദപുരം മേലെ മഠം പിഷാരം)

മക്കൾ ജീവിച്ചിരിക്കുന്ന കാലത്തോളം
അമ്മയ്ക്ക് മരണമില്ല

സങ്കടത്തോടെ...
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

ഭക്തി

# ഗുരുവായൂരപ്പന് ഉദയാസ്തമനപൂജ

## മഹാഭാഗ്യം-അനുഗ്രഹം-സായൂജ്യം




**ലീല ബാലകൃഷ്ണൻ പിഷാരം**
**വെളപ്പായ, തൃശൂർ**




**കൊ**ല്ലങ്ങൾക്ക് മുമ്പ് ഗുരുവായൂരപ്പന് ഉദയാസ്തമന പൂജ നടത്തുന്നതിന് ആഗ്രഹം തോന്നി. അഡ്വാൻസ് അടച്ച് പൂജയുടെ തിയ്യതിയും കിട്ടി. ആ സുദിനം മനസ്സിൽ കണ്ടു. 14-16 വർഷം കാത്തിരിക്കണം.

അടുത്ത നിമിഷം അടുത്ത ദിവസം പോലും ഗ്യാരണ്ടിയില്ലാത്ത ജീവിത നാടകം - പൂജ നേർന്നു - അഡ്വാൻസ് അടച്ചു - നീണ്ട കാലയളവ് - വീട്ടിൽ എല്ലാവരോടും - അമ്മ, സഹോദരികൾ, മക്കൾ - എല്ലാവരോടും പറഞ്ഞു. ഞാൻ ഉദയാസ്തമന പൂജ ബുക്ക് ചെയ്തിട്ടുണ്ട്.

14-16 വർഷത്തോളം കാത്തിരിക്കണം. അന്ന് ആരൊക്കെയാണ് ജീവിച്ചിരിക്കുന്നത്, അവരെല്ലാം പോയി തൊഴുതോളൂ - അത്രയും പറഞ്ഞുവെച്ചു.

"ശ്രീ ഗുരുവായൂരപ്പൻ" മാസിക എല്ലാ മാസവും വന്നു തുടങ്ങി. അത് ദേവസ്വത്തിന്റെ കോംപ്ലിമെന്റ് ആയിരുന്നു. അതിൽ,

"നാരായണാക്ഷരം പുണ്യം
ജിഹ്വാഗ്രേ യസ്യ വർത്തതേ
നാരായണത്വ മന്യേദി
വത്സം ഗൗരിവ വത്സലാ-"

പുണ്യമായ നാരായണാക്ഷരം ആരുടെ നാവിൽ ഉണ്ടോ അവരെ നാരായണൻ - ഭഗവാൻ പശു, പശുക്കിടാവിനെ വാത്സല്യത്തോടെ സംരക്ഷിക്കുന്നതുപോലെ സംരക്ഷിക്കുന്നതാണ്. എന്ന മുകളിലെ ശ്ലോകം സ്ഥിരമായി പ്രസ്തുത ഗുരുവായൂരപ്പൻ മാസികയിൽ ഉണ്ടാകും. അമ്മ ആ മാസിക വന്നാൽ മുഖച്ചിത്രം വളരെ മനോഹരവും കാരുണ്യമൂർത്തിയായ ഭഗവാന്റെ ചെന്താമര പോലെ വിടർന്ന സുന്ദരമായ മുഖത്തോടുകൂടിയ പീതാംബര ധാരിയായ (സമ്പൂർണ്ണചിത്രം) ഉണ്ടാവാറുണ്ട്. അമ്മ അത് നിരവധി പ്രാവശ്യം തൊട്ടു തലയിൽ വെച്ച് ആദരപൂർവ്വം മറിച്ചു നോക്കി സൂക്ഷിച്ച് വയ്ക്കാറുണ്ട്. ഭഗവാന്റെ നിശ്ചയം അനുസരിച്ച് 2014 ജൂൺ 13-ാം തിയ്യതി ഉദയാസ്തമന പൂജക്കുള്ള തിയ്യതി കിട്ടി. ബാക്കി പണവും ദേവസ്വത്തിൽ അടച്ചു. ഞാൻ ശരിക്കും അത്ഭുതപ്പെട്ടു. മനസ്സിൽ ആഹ്ലാദവും തോന്നി. ങേ - എന്നോ ബുക്ക് ചെയ്ത ഈ പൂജ - ഞാൻ - എനിക്ക് - പോകാനുള്ള ഭാഗ്യം വന്നിരിക്കുന്നു. കൃഷ്ണാ.. ഗുരുവായൂരപ്പാ.. അങ്ങയുടെ കാരുണ്യത്തിന് അനന്തകോടി നമസ്കാരം.

അങ്ങനെ ദേവസ്വത്തിന്റെ നിർദ്ദേശപ്രകാരം 12-06-2014ന് വൈകുന്നേരം അപ്പുക്കുട്ടമേനോന്റെ (അങ്കിൾ എന്ന് എല്ലാവരും വിളിക്കുന്നു) ഗീത, ഇന്ദിര, വേശു അമ്മ, ഞാൻ - കാറിൽ ഗുരുവായൂർക്ക് പോയി. എല്ലാവരും വളരെ ഉത്സാഹത്തിലും ഭഗവാനോടുള്ള നിറഭക്തിയിലും - ആവേശത്തിലും ഗുരുവായൂരിൽ എത്തി. 'പാഞ്ചജന്യത്തിൽ 4-5 മുറികൾ കിട്ടി. രാത്രി ആയപ്പോൾ

കുമാർ, ഗീത, ജ്യോതി, തങ്കമണി എന്നിവരും ഗുരുവായൂരിൽ എത്തി. രാത്രി 10 മണി ആയപ്പോൾ ഷീലുവും ബാലുവും കൂടി ഗുരുവായൂരിൽ എത്തി ച്ചേർന്നു.

ദേവസ്വം മാനേജരെ കണ്ടു. ഞങ്ങൾ എത്തിയിട്ടുണ്ടെന്ന വിവരം അറിയിച്ചു. 'ബിജു' എന്നൊരാൾ ഞങ്ങളുടെ കൂടെ നിന്ന് തൊഴാനും മറ്റു സൗകര്യങ്ങളുമെല്ലാം ചെയ്തു തന്നു.

ദീപാരാധനക്കുശേഷം മണിക്കിണറിന്റെ മുന്നിൽ ഗണപതി പൂജയും അരിയളവും നടന്നു. 101 രൂപ ദക്ഷിണ കൊടുത്തു. അതിനുശേഷം അത്താഴപൂജ കഴിഞ്ഞ് പാഞ്ചജന്യത്തിൽ തിരിച്ചെത്തി. അവിടുത്തെ കാന്റിനിൽനിന്ന് ഭക്ഷണം കഴിച്ചു. അന്ന് വെളുത്ത വാവ് - ഒരിക്കൽ ഊണ് - ആയതിനാൽ അമ്പലത്തിൽ ഊണിനുപകരം അവൽ കുഴച്ച് ആയിരുന്നു. അത് കഴിച്ചു.

13-06-2014 നു രാവിലെ അമ്പലത്തിൽ എത്തി. നിർമ്മാല്യദർശനം, എണ്ണ ആടൽ, വാകച്ചാർത്ത് എന്നിവ കണ്ട് തൊഴുതു. പ്രാതൽ കഴിഞ്ഞ് വീണ്ടും ക്ഷേത്രത്തിൽ വന്നു. പത്തരമണി വരെ 18 പൂജകൾ ഉണ്ടായിരുന്നു. അതെല്ലാം മണ്ഡപത്തിന്റെ മുന്നിൽ നിന്ന് തൊഴാൻ സാധിച്ചു. ജയശ്രീ ഗോപകുമാർ, ജയ, വിഷ്ണു എന്നിവരും രാത്രിയിൽ തന്നെ എത്തി. അവർ തൊഴുത് രാത്രിയിൽ തന്നെ തിരിച്ചുപോയി.

പിന്നീട് സരോജിനി കുട്ടൻ, ബാലൻ വാര്യർ എന്നിവരും എത്തി. ഉച്ചപൂജയുടെ സമയത്ത് സതി ടീച്ചർ, മണി, രമ, അരവിന്ദൻമാരാർ, നിർമ്മല എന്നിവരും എത്തി. എല്ലാവർക്കും ക്യൂ നിൽക്കാതെ ഭക്ഷണം കഴിക്കാൻ സാധിച്ചു.

പാൽ അഭിഷേകം ചെയ്ത പാൽ, എണ്ണ, പായസം ഇവയൊക്കെയും കിട്ടി. വൈകുന്നേരം ദീപാരാധന തൊഴുതു. അത്താഴപൂജ, ശീവേലി എല്ലാം തൊഴുതു ചുറ്റുവിളക്കുകൾ കത്തിച്ചു. ഇന്ദിര, ഗീത, അപ്പുക്കുട്ടമേനോൻ എന്നിവർ ഉച്ചപൂജ കഴിഞ്ഞ് പോയി.

രാത്രി വിളക്ക് 3 പ്രദക്ഷിണശേഷം ചേങ്ങില ഭഗവാന്റെ മുന്നിൽ വച്ച് ദേവസ്വത്തിൽ നിന്നും തന്ന പൈസ (75 പൈസ) ദക്ഷിണ വച്ച് നമസ്കരിച്ചു. അതിനു ശേഷം ഇറക്കി എഴുന്നെള്ളിച്ച് അകത്തേക്കു പോയതിനുശേഷം നടയ്ക്കൽ ഞങ്ങളെ എല്ലാവരെയും ചമ്രം പടിഞ്ഞ് ഇരുത്തി തൊഴുവിച്ചു. ഭഗവാന്റെ നെയ്യ് സേവിക്കാൻ തന്നു.

അതോടുകൂടി ചടങ്ങുകൾ തീർന്നു. ബാലു 13-ാം തിയ്യതി രാത്രി എറണാകുളത്തേക്കു പോയി. 13-ാം തിയ്യതി രാവിലെ രാജിയും രാഹുലും വന്നിരുന്നു. അവർ ഉച്ചക്ക് തിരിച്ചുപോയി. തങ്കമണി 14-ാം തിയ്യതി ഉച്ചക്ക് പാലക്കാട്ടേക്കു പോയി.

13-ാം തിയ്യതി ഉച്ചക്ക് മേൽശാന്തി, 2 കീഴ്ശാന്തിക്കാർ എന്നിവർക്ക് മുണ്ടും പണവും ദക്ഷിണ കൊടുത്തു. തന്ത്രി സതീശൻ തിരുമേനിക്കും ദക്ഷിണ കൊടുത്തു. 6 കാവൽക്കാർക്ക് 600 രൂപയും വിളക്കു വയ്ക്കുന്നവർക്ക് 400 രൂപയും ബിജുവിന് 500 രൂപയും നാരായണാലയം മുരളിക്കും ദക്ഷിണ കൊടുത്തു.

ഞാൻ, വേശു, കുമാർ, ഷീലു, ഗീത, ജ്യോതി എന്നിവർ 1 മണി ആയപ്പോൾ തിരിച്ച് വെളപ്പായയിൽ എത്തി. അങ്ങനെ ഗുരുവായൂരപ്പന് ഉദയാസ്തമന പൂജയും കഴിപ്പാൻ സാധിച്ചു. ബന്ധുക്കൾക്കും കുറച്ച് നാട്ടുകാർ, സുഹൃത്തുക്കൾ എന്നിവർക്കും പൂജക്ക് പങ്കെടുക്കാൻ സാധിച്ചു. എല്ലാം ഗുരുവായൂരപ്പന്റെ കാരുണ്യവും അനുഗ്രഹവും - ഭഗവാനെ - ഭക്തവത്സലാ അങ്ങയുടെ കൃപ എന്നും ഉണ്ടാവണേ - ഇന്നും അങ്ങയുടെ മുന്നിൽ നമസ്കരിക്കുന്നു. ഇനി ഒരാഗ്രഹം കൂടി - ഭഗവാനേ - പരസാഹം കൂടാതെ ജന്മം ഒടുക്കിത്തരണേ - ബുദ്ധിമുണ്ടിക്കാതെ കഷ്ടപ്പെടുത്താതെ - ആർക്കും ഭാരമാവാതെ - കൃഷ്ണാ... ഗുരുവായൂരപ്പാ... അങ്ങേയ്ക്ക് ശതകോടി പ്രണാമങ്ങൾ.


*With best compliments from :*

**P. KARUNAKARAN**

**Forging & Process Aids**

No. 27, Kalyani Industrial Estate,
Vanagaram Road, Athipet,
CHENNAI - 600 058

Phone : (Factory) 044-26245992, Fax: 044-26245993
E-mail: steelforgings@hotmail.com
Phone : (Residence): 044-26161519, Mob: +919962581210

യാത്ര

ഭാഗം 8

# രജ്പുത്താന



**മുരളി ആനായത്ത്**
ഫോൺ: 9495708403

### നക്കി തടാകം

നക്കി തടാകത്തിന്റെ ഉല്പത്തിയെക്കുറിച്ചുള്ള ഏറ്റവും പ്രചാരമുള്ളതും പ്രണയാർദ്രവുമായ ഐതിഹ്യം ഇങ്ങനെയാണ്. രാജപുത്രിയായ കുന്വാരികന്യയും, സിദ്ധയോഗിയും ശില്പിയുമായ രസിയബാലവും തമ്മിൽ പ്രണയത്തിലായി. കുമാരിയുടെ രണ്ടാനമ്മയായ രാജ്ഞിക്ക് ഈ ബന്ധം ഒട്ടും രസിച്ചില്ല. അവർ ഈ ബന്ധം തകർക്കാൻ അവരാലാവതൊക്കെ ചെയ്തു. എന്നിട്ടും അവരുടെ പ്രണയം വളർന്നു. ഒടുവിൽ ബാലത്തിനെ ഒഴിവാക്കാൻ അവർ ഒരു അസാദ്ധ്യമായ മത്സരം വെച്ച് അതിൽ ജയിക്കുന്ന ആൾക്ക് മാത്രമേ കുമാരിയെ വിവാഹം ചെയ്തുകൊടുക്കൂ എന്ന് രാജാവിനെക്കൊണ്ട് വിളംബരം ചെയ്യിപ്പിച്ചു. മത്സരം ഇതായിരുന്നു. പറഞ്ഞയിടത്ത് പറഞ്ഞ വിസ്തൃതിയിൽ കൈവിരൽ നഖം കൊണ്ട് ഒരു തടാകം കുഴിച്ചുണ്ടാക്കണം. അതും ഒരൊറ്റ രാത്രി കൊണ്ട്. സൂര്യാസ്തമയത്തിന് ശേഷം തുടങ്ങി കോഴി കൂവുന്നത് വരെയുള്ള സമയത്തിനിടക്ക് മാത്രമേ ജോലി ചെയ്യാവൂ. ഈ വ്യവസ്ഥ കേട്ടവരാരും ആ വഴിക്ക് വന്നില്ല. നാട്ടിൽ എല്ലാവരും സങ്കടത്തോടെ പറഞ്ഞു, സുന്ദരിയും സുശീലയുമായ രാജകുമാരി ആ അന്തപ്പുരത്തിലിരുന്ന് സുമംഗലിയാവാതെ വൃദ്ധയായി മരിക്കേണ്ടിവരും. ഇത് രാജ്ഞിയുടെ (കുമാരിയുടെ ദുഷ്ടയായ രണ്ടാനമ്മയുടെ) കുതന്ത്രമാണ് എന്നൊക്കെ ആളുകൾ വ്യസനത്തോടെ അടക്കം പറഞ്ഞു. എന്തായാലും, സിദ്ധയോഗിയും ശില്പിയുമായ രസിയ ബാലം പന്തയം ഏറ്റെടുത്തു. ദേവതാപ്രീതിയൊക്കെ സമ്പാദിച്ച് ബാലം പണി തുടങ്ങി. തങ്ങളുടെ പ്രണയത്തിൽ സത്യമുണ്ടെങ്കിൽ തനിക്ക് ഇത് ചെയ്യാനാവുമെന്ന് ഉത്തമ വിശ്വാസമുണ്ടായിരുന്നു ബാലത്തിന്. പണി തകൃതിയായി നടന്നു കൊണ്ടിരുന്നു. പണിയെങ്ങനെ നടക്കുന്നു എന്നറിവാൻ, രാജ്ഞി ചാരന്മാരെ നിയോഗിച്ചിരുന്നു. അർദ്ധരാത്രി കഴിഞ്ഞതോടെ ബാലം പന്തയം വിജയിക്കാൻ പോകയാണെന്ന് രാജ്ഞിക്ക് മനസ്സിലായി. തോൽക്കാൻ മനസ്സില്ലാത്തത്കൊണ്ട് ഏത് ഹീന മാർഗ്ഗമുപയോഗിച്ചും ബാലത്തിനെ പരാജയപ്പെടുത്താൻ അവർ തീർച്ചപ്പെടുത്തി. പുലരുന്നതിന് വളരെ മുമ്പ് തന്നെ റാണി വേഷപ്രച്ഛന്നയായി വന്ന് ബാലം കേൾക്കുന്ന ദൂരത്തിൽനിന്ന്, കോഴിയുടെ ശബ്ദത്തിൽ കൂവി. പണിയിൽ മുഴുകിയിരുന്ന ബാലം അതു കേട്ടു. നിരാശനും വിഷണ്ണനുമായി, പണി അവിടെ നിർത്തി തിരിച്ചു പോയി. പിന്നീട് ചതി മനസ്സിലായ ബാലം അതീവ സങ്കടത്തോടെ ദേവതകളോട് ആക്ഷേപം പറഞ്ഞു. ദേവതകൾ രാജ്ഞിയെയും, കുന്വാരി കന്യയെയും ശപിച്ചു കല്ലാക്കിത്തീർത്തു. ബാലം രൂക്ഷമായ കോപത്തോടെ വന്ന് രാജ്ഞിയുടെ കല്ലിലുള്ള രൂപം വികൃതമാക്കി. കുമാരിയുടെ ശിലാരൂപത്തിന് മുന്നിൽ തന്റെ രൂപം കൊത്തിവെച്ച് അപ്രത്യക്ഷനായി, എന്നാണ് കഥ. ഇവിടെയാണത്രെ ആ ക്ഷേത്രം ഉയർന്നത്. അതെ ഞങ്ങൾ നേരത്തെകണ്ട, പ്രണയത്തിന്റെ നിത്യസ്മാരകമായ, ആ ക്ഷേത്രം!

ഞങ്ങൾ നക്കി തടാകത്തിന്റെ കരയിലെത്തി. ഇതിന്റെ പേര് 'നഖ് കി ലേക്ക്' (നഖം കൊണ്ട് കുഴിച്ചുണ്ടാക്കിയത്) എന്നത് പറഞ്ഞ് തേഞ്ഞ് തേഞ്ഞ് 'നക്കി ലേക്ക്' എന്നായതാണത്രേ. ഈ സരസ്സിന് എണ്ണൂറു മീറ്ററിലധികം നീളവും നാനൂറ് മീറ്ററോളം വീതിയുമുണ്ട്. ആഴം ഇരുപതടി മുതൽ മുപ്പതടിവരെയുണ്ട് എന്നു പറയുന്നു. തടാകത്തിന് ചുറ്റും നടക്കാൻ പാതയുണ്ട്. ഞങ്ങളിത്തിരി ദൂരം നടന്നു. ഫോട്ടോകളെടുത്തു. ഗാന്ധി ഘാട്ട് കണ്ടപ്പോൾ അതിനെക്കുറിച്ചു ചോദിച്ചു. 1948ൽ ഗാന്ധിജിയുടെ ചിതാഭസ്മം ഇവിടെയും നിമഞ്ജനം ചെയ്തിട്ടുണ്ടത്രെ. അതിന്റെ സ്മരണയായിട്ടാണ് ഈ ഗാന്ധി ഘട്ട് എന്നു പറഞ്ഞു. തടാകത്തിൽ ധരാളം സഞ്ചാരികൾ ബോട്ടിംഗ് നടത്തുന്നുണ്ട്. പിഛോലയിലെ നൗകായാത്ര ഉള്ളിൽ നിറഞ്ഞു നില്ക്കുന്ന ഞങ്ങൾക്കാർക്കും ഒരു ബോട്ടിംഗ് വേണമെന്ന് തോന്നിയില്ല. തടാകത്തിൽ സന്ധ്യവന്നു നിറയുകയാണ്. വായുവിൽ കുളിരുണ്ട്. അയ്യപ്പപ്പണിയ്ക്കരു മാഷടെ 'പകലുകൾ രാത്രി

കൾ' എന്നകവിതയിലെ വരികൾ ഓർമ്മവന്നു.

'നിൻ കണ്ണിൽ നിറയുന്നു നിബിഡാന്ധകാരം
നിൻ ചുണ്ടിലുറയുന്നു ഘന ശൈത്യഭാരം
നിന്നിൽ പിറക്കുന്നു രാത്രികൾ പകലുകൾ
നിന്നിൽ മരിയ്ക്കുന്നു സന്ധ്യേ'...

ചുറ്റിലും ദീപങ്ങൾ തെളിഞ്ഞു തുടങ്ങിയിരിക്കുന്നു. പ്രണയത്തിന്റെ നിത്യ സ്മാരകമാണ് ഈ തടാകം എന്നു പറയുന്നുവെങ്കിലും ഇത് ചതിയുടെയും, നിത്യ വിരഹത്തിന്റെയും കൂടി സ്മാരകമാണെന്ന് എനിക്ക് തോന്നി.

ഞങ്ങൾ ഇതിനടുത്തുതന്നെയുള്ള 'ഭാരത് മാതാ നമൻ സ്ഥൽ' കൂടി കണ്ട് ഭാരതമാതാവിന് സല്യൂട്ടർപ്പിച്ച് ഏഴരമണിയോടെ നിർത്തിയിട്ട ബസ്സിലേയ്ക്ക് പതിയെ തിരിച്ചു നടന്നു. നേരത്തെ ബുക്ക് ചെയ്തിരുന്ന ഹോട്ടൽ കർണാവതിയിൽ, എട്ടുമണിയോടെ എത്തി. എല്ലാവരും 9 മണിക്ക് അത്താഴത്തിനെത്തി. സമൃദ്ധമായ അത്താഴം, മേശകൾക്ക് ഇരുപുറവുമായിരുന്ന്, ഭാസീടെ അമ്മ പറയാറുള്ളതു പോലെ 'വർത്തമാനം കൂട്ടിക്കഴിച്ച്' എഴുന്നേറ്റപ്പോൾ പത്തു മണിയായി. (ഊണിന് കൂട്ടിക്കഴിക്കാൻ ഒന്നുല്യാച്ചാലും നമ്മക്ക് വർത്തമാനം കൂട്ടി കഴിയ്ക്കാം എന്ന്, ഭാസി എന്ന ആത്മമിത്രത്തിന്റെ സ്നേഹമയിയായ അമ്മ എപ്പോഴും പറയുമായിരുന്നു അമ്മയുടെ ഓർമ്മകൾക്ക് മുമ്പിൽ സ്നേഹാഞ്ജലി!) ഹോട്ടലിന്റെ മുറ്റത്ത് തന്നെ അല്പം നടന്ന് ഞങ്ങൾ പത്തരയോടെ ഉറങ്ങുവാനായി റൂമിൽ കയറി. പ്ലാൻ പ്രകാരം നാളെ രാവിലെ പ്രാതൽ കഴിഞ്ഞ് ഞങ്ങളുടെ സംഘം ജോധ്പൂരിലേയ്ക്ക് യാത്ര തിരിയ്ക്കും.

05-04-2022- ഉറക്കമുണർന്നു മൊബൈലെടുത്തു സമയം നോക്കി. നാലരയായിരിക്കുന്നു. കുറച്ചു സുഹൃത്തുക്കൾക്കൊക്കെ വാട്സാപ്പിൽ 'മൗണ്ട് ആബുവിൽനിന്നുള്ള സുപ്രഭാതം' ആശംസിച്ചുകൊണ്ടുള്ള സന്ദേശങ്ങൾ അയച്ചു. പതിയെ എണീറ്റ് മോണിങ് എ ബി സി ഡികളിലേയ്ക്ക് തിരിഞ്ഞു. എല്ലാം കഴിഞ്ഞ് ഞാൻ റെഡിയായപ്പോഴും ഏട്ടൻ ഉറക്കത്തിലാണ്. ശബ്ദമില്ലാതെ മുറി തുറന്ന് ഞാൻ പുറത്തു കടന്നു. ആഹാ! നല്ല കുളിരുള്ള സുന്ദരൻ സുപ്രഭാതം! വെളിച്ചം പരക്കുന്നതേയുള്ളൂ. പാതയോരത്തെ വിളക്കുകാലിൽ മഞ്ഞ വെളിച്ചത്തിനുചുറ്റും പുക പോലെ മഞ്ഞ്! ആറരയോടടുത്താണ് സൂര്യോദയം. മുണ്ടും ടീഷർട്ടും ധരിച്ച് ഇത്തിരിനേരം പുറത്തു മുറ്റത്ത് നിന്നപ്പോഴേയ്ക്കും തണുപ്പ് കൂടുന്നുവോ എന്നു തോന്നി. ഞാൻ തിരികെ മുറിയ്ക്കകത്തേയ്ക്ക് തന്നെ കയറി വാതിലടച്ചു. ശബ്ദം കേട്ടിട്ടാവണം ഏട്ടൻ ഉണർന്നു സമയമെത്രയായി എന്നു ചോദിച്ചു. ആറുമണി കഴിഞ്ഞു എന്ന് ഞാനുത്തരം പറഞ്ഞു. ഏട്ടനും കൈയെത്തിച്ച് മൊബൈലെടുത്തു ചാർജ്ജറിൽനിന്നു വേർപെടുത്തി! ഇപ്പൊഴൊരുവിധം എല്ലാവരുടേയും ശീലം ഉണർന്ന ഉടനെ മൊബൈൽ ഫോൺ എടുക്കുക എന്നതായിട്ടുണ്ട്. പഴയൊരു പാഠമാല ഓർമ്മ വന്നു 'പുലരും മുമ്പുണരണം, ഉണർന്നാലേറ്റിരിയ്ക്കണം, കണ്ണടച്ചുള്ളിൽ പരദൈവത്തെയോർക്കണം' പുറകെത്തന്നെ പുതിയ കാലത്തേക്കായി, എന്റെ ഉള്ളിലൊരു പാരഡി വന്നു 'ഉണരുംമുമ്പ് പുലരണം ഉണർന്നാൽ കൈയെത്തിച്ച് മൊബൈലെടുത്ത് തോണ്ടണം' ഏട്ടൻ എഴുന്നേറ്റ് പല്ലുതേക്കാൻ പോയി. ഞാൻ എലക്ട്രിക് കെറ്റ്ൽ കണക്റ്റ് ചെയ്തു ഏട്ടനുള്ള കട്ടൻ ചായ തയ്യാറാക്കി. ഇന്നു പ്രാതൽ കഴിഞ്ഞാൽ ജോധ്പൂരിലേയ്ക്കാണ് യാത്രയാവുന്നത്. എൺപതുകളിലാവും, ജോധ്പൂരിലുള്ള അച്യുതൻ എന്ന മകന് കത്തെഴുതാറുള്ള, വളാഞ്ചേരിക്കടുത്തുള്ള വൃദ്ധനെ ഓർമ്മ വന്നു. വളാഞ്ചേരി തപാലാപ്പീസിൽ വന്ന് ഒരു കവർ വാങ്ങി, അതിൽ എന്നെക്കൊണ്ട് മേൽവിലാസമെഴുതിച്ച് വീട്ടിൽ നിന്ന് എഴുതിക്കൊണ്ടു വന്ന കത്ത് അടക്കം ചെയ്ത്, ഒട്ടിച്ച്, പോസ്റ്റ് ചെയ്ത്, ഒന്നുകൂടി വന്ന് ചിരിച്ചു യാത്ര പറഞ്ഞാണ് പോവുക. അദ്ദേഹത്തിന് എപ്പോഴും കൈകൾക്ക് വിറയലായിരുന്നു. പാവം! മരിച്ചിട്ട് ഇപ്പോൾ ഇരുപത്തഞ്ചു കൊല്ലമെങ്കിലുമായിക്കാണും. ആ അച്യുതൻ ഇപ്പോൾ എവിടെയോ എന്തോ? എന്റെ ഓർമ്മയിൽ ആ ജോധ്പൂർ വിലാസം ഒട്ടുമേ തെളിയുന്നില്ല. വിലാസം ഉണ്ടെങ്കിൽ തേടിപ്പിടിച്ച് 'സുഹൃത്തേ താങ്കൾക്കുള്ള കത്തുകളിലെ മേൽവിലാസം ഒരുപാടു തവണ എഴുതിയതാണ് ഞാൻ' എന്നു പറഞ്ഞ് പരിചയപ്പെടുന്നത് സങ്കല്പ്പിച്ചപ്പോൾ ഉള്ളിലൊരു ചിരിയൂറി.

ഇതിനിടയിൽ ഏട്ടനും കുളിയൊക്കെ കഴിഞ്ഞ് തയ്യാറായി. ഞങ്ങൾ പ്രാതലിനായി മുറിവിട്ടിറങ്ങി. സംഘാംഗങ്ങൾ ഓരോരുത്തരായി വന്നു. സമൃദ്ധമായ പ്രാതൽ വിഭവങ്ങൾ തയ്യാറായിരുന്നു. നല്ല ദോശയുണ്ടായിരുന്നു. ഞാൻ ദോശൈകദൃക്കായി! ചൂടോടെ ദോശകിട്ടുമെങ്കിൽ എനിക്ക് വേറെയൊന്നിലും ശ്രദ്ധ പോവില്ല. ഞാൻ ദോശ മാത്രം കഴിച്ചെഴുന്നേറ്റു. ഉദയ്പ്പൂരിലെ ഇഡ്ഡലി പോലെയല്ല! ഇവരുടെ ദോശ നന്നായിരിക്കുന്നു. കർണാവതി ഹോട്ടലിലെ താമസവും, ഭക്ഷണവും, അവരുടെ പെരുമാറ്റവും സേവനങ്ങളും വളരെ ഹൃദ്യമായിരുന്നു. ശിവജിയേട്ടന്റെ ഉത്സാഹത്തിൽ ഞങ്ങളുടെ സംഘം, ഹോട്ടലിലെ സ്റ്റാഫിനൊപ്പം നിന്ന് ഫോട്ടോയെടുത്തു. എട്ടേമുക്കാലോടെ 'കർണാവതി'യോട് വിട പറഞ്ഞു. മൗണ്ട് ആബുവിനോടും! 'ബബൈ മൗണ്ട് ആബു! ചലോ ജോധ്പൂർ..'

**തുടരും...**

# സ്മരണാഞ്ജലികൾ

## 2–ാം ചരമവാർഷികം (22.03.2025)



## കല്ലിൽ പിഷാരത്ത് രോഹിണി

**ജനനം: 22.11.1957 – മരണം: 22.03.2023**

**സ്നേഹസ്മരണകളോടെ....**
**സന്തപ്ത കുടുംബാംഗങ്ങളും**
**ബന്ധുമിത്രാദികളും.**

# സ്മരണാഞ്ജലികൾ
## 8–ാം ചരമവാർഷികം



# മൂങ്ങത്ത് സത്യഭാമ പിഷാരസ്യാർ

ജനനം: 10 – 06 – 1945　　　　മരണം: 20 – 03 – 2017

ദുഃഖസ്മരണകളോടെ,

ഭർത്താവ്: ആറ്റൂർ നാരായണ പിഷാരോടി

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ |
|---|---|---|
| സുജിത്ത്കുമാർ | പ്രീതി | ദേവ്, വരുൺ |
| അനിത | അജിത്ത്കുമാർ | ആദിത്യ, ഊർമിള |
| ശ്രീജിത്ത് | പ്രീതി | അനിരുദ്ധൻ |

# സ്നേഹസ്മരണയിൽ



## മാധവ പിഷാരോടി
തിരുവത്ര പിഷാരം
15 – 02 – 1922 – 29 – 10 – 2016

## അമ്മിണി പിഷാരസ്യാർ
കാറളം കൈനില പിഷാരം
28 – 06 – 1925 – 16 – 03 – 2014

| മക്കൾ | മരുമക്കൾ |
|---|---|
| വത്സല | രാജൻ |
| ശ്രീകുമാർ | ഗിരിജ |
| മോഹൻദാസ് | ഗിരിജ |
| ഗിരിജ | സേതുമാധവൻ |

പേരക്കുട്ടികൾ

# സ്മരണാഞ്ജലികൾ



## കെ. എ. അച്ചുതൻ പിഷാരോടി

**ആനായത്ത് കാട്ടുതൃക്കോവിൽ പിഷാരം**
**പുലാമന്തോൾ**

ജനനം: 14.04.1937 – മരണം: 12.01.2007



## ലക്ഷ്മിക്കുട്ടി പിഷാരസ്യാർ

**അഴകത്ത് പിഷാരം**
**കുഴൽമന്ദം**

ജനനം: 01.04.1947 – മരണം: 16.03.2023



മക്കൾ: സുനിൽകുമാർ അച്ചുതൻ, സുധീർ അച്ചുതൻ പിഷാരോടി

മരുമക്കൾ: രേഖ സുനിൽകുമാർ, ശ്രീരഞ്ജിനി സുധീർ പിഷാരോടി

പേരക്കുട്ടികൾ: അനഘ സുനിൽകുമാർ, അനയ സുധീർ പിഷാരോടി, അവ്യ സുധീർ പിഷാരോടി

ലേഖനം

# സംശയങ്ങൾ



വേണു വീട്ടിക്കുന്ന്

**ഞാ**നെന്താ ഇങ്ങനെ?

എന്നും എപ്പോഴും എനിക്ക് എന്നോടു ചോദിക്കാനുള്ള സംശയമാണ്, അല്ലെങ്കിൽ സംശയമായിരുന്നു തുടക്കത്തിലെ ചോദ്യം.

നന്മതിന്മകളെ തിരിച്ചറിഞ്ഞ്, ശരികളിലേക്കുള്ള പടവുകൾ മനസ്സിലാക്കി ഓരോ കാൽവെപ്പുകളും ശ്രദ്ധാപൂർവ്വം മുന്നോട്ടുവച്ചു കൊണ്ട് ഔന്നത്യത്തിലേക്കുള്ള യാത്രയാണ് യഥാർത്ഥ വിദ്യാഭ്യാസമെന്നൊരു തെറ്റിദ്ധാരണ (അതോ ശരിയായ ധാരണയോ) ചെറുപ്പം മുതലേ ഉള്ളിൽ കടന്നു കൂടിയിട്ടുണ്ട്. എന്റെ മാത്രം അവസ്ഥയല്ല ഇതൊന്നുമെന്നത് എന്നുമെപ്പോഴും എന്നെ സമാധാന ചിത്തനാക്കി നിർത്താൻ സഹായിക്കാറുമുണ്ട്.

എങ്ങനെയെന്നല്ലേ?

സന്നിഗ്ധാവസ്ഥകളിൽ സഹായത്തിനായി രാഷ്ട്രപിതാവു മുതൽ പലരും മാതൃകാ പുരുഷോത്തമന്മാരായി കടന്നു വരും. സത്യാന്വേഷണ പരീക്ഷണങ്ങളിലൂടെയാണ് മോഹൻദാസ് കരംചന്ദ് ഗാന്ധി ഭാരതത്തിന്റെ രാഷ്ട്രപിതാവാവാനുള്ള ശാന്ത ഗംഭീരമായ വ്യക്തിത്വത്തിനുടമയാവുന്നത്.

ദയയിലൂടെ, അഹിംസയിലൂടെ, ലാളിത്യത്തിലൂടെയുള്ള ജീവിതയാത്ര ചെയ്താണ് സിദ്ധാർത്ഥ രാജകുമാരൻ ഗൗതമ ബുദ്ധനായി മാറി തീർന്നത്. താനാരാണെന്ന സംശയ നിവാരണത്തിനായി ഏകാന്തമായി യാത്രകൾ ചെയ്താണ് അദ്വൈത ചിന്തകനായ ശങ്കരാചാര്യർ പോലും സർവ്വജ്ഞ പീഠം കയറിയത്.

ഇതെല്ലാം എന്റെ സംശയങ്ങൾക്ക് ഞാനെനിക്കു തന്നെ അനുവദിച്ചു കൊടുക്കുന്ന ഇളവുകളാണ്. ചെറുപ്പം മുതൽ എന്നുമെപ്പോഴും കൂടെ കൊണ്ടു നടന്ന, അഥവാ കൊണ്ടു നടക്കുന്ന സംശയങ്ങളുടെ ഒരു വലിയ പട്ടിക തന്നെയുണ്ട്.

എന്ത്, എന്തിന്, എപ്പോൾ, ആര്, ആരെ, എങ്ങിനെ.....

സംശയങ്ങളുടെ പട്ടിക നീളുന്നു. അതിന് എവിടെയും അവസാനമില്ല. എന്തിനും ഏതിനും സംശയങ്ങൾ...

ഭാരതത്തിന്റെ തെക്കേതലക്കലെ കൊച്ചു സംസ്ഥാനമായ കേരളത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തായാണ് ഞാൻ കഴിയുന്നത്. തെക്കോട്ടു യാത്ര ചെയ്യാതെ വടക്കോട്ടു യാത്ര ചെയ്യുകയായിരുന്നെങ്കിൽ കൂടുതൽ കാണുവാനും കേൾക്കുവാനും പഠിക്കുവാനുമൊക്കെയുണ്ടാവുമായിരുന്നു. മാത്രവുമല്ല ദീർഘയാത്രകൾക്ക് സൗകര്യപ്രദവും അതു തന്നെയാവുമായിരുന്നു. എന്നാൽ ചെറുപ്പം മുതൽ എന്നെ ആകർഷിച്ചത് തെക്കുഭാഗമായിരുന്നു.

അങ്ങിനെ ആവാനെന്തായിരുന്നിരിക്കാം കാരണമെന്ന ഒരു സംശയം അപ്പോഴേക്ക് മനസ്സിൽ സ്ഥാനം പിടിക്കും.

'തെക്കേ തലക്കിലെതിർത്ത രിപുക്കളെ വാനരനായകന്മാരൊടുക്കിനാൻ' എന്ന ഭാഷാപിതാവിന്റെ പ്രയോഗത്തിൽ നിന്നാണോ?

സാധ്യത കുറവാണ്.

കാരണം ആ വരികൾ പോലും ആദ്യം മനസ്സിലാക്കിയിരുന്നത് തെറ്റായാണ്.

'തെക്കേത്തലയ്ക്കലെ
തൃത്താരി പൂക്കളെ
വാനരനായ
കമ്മാരനൊടുക്കിനാൻ'

എന്നാണാദ്യം പഠിച്ചത്. അഥവാ പദം മുറിക്കാൻ ശ്രമിച്ചത്.

എന്തായാലും അതുകൊണ്ടു മാത്രമൊന്നുമല്ല തെക്കിന്റെ പ്രാധാന്യം എന്നിൽ കുടിയേറിയത്.

പിന്നെയോ?

തെച്ചിക്കോട്ടു രാമചന്ദ്രന്റെ തെക്കോട്ടിറക്കത്തിന്റെ പ്രാധാന്യം കൊണ്ടാണോ?

ഒരിക്കലുമല്ല.

എന്നുമെപ്പോഴും വടക്കിന്റെ തെയ്യങ്ങളേക്കാൾ എന്നെ ആകർഷിച്ചത് തെക്കിന്റെ പടയണി തന്നെയായിരുന്നു.

വെള്ളാട്ടിലുത്ഭവിച്ച് തോറ്റങ്ങളിലൂടെ വളർന്ന് തെയ്യങ്ങളായി മാറി കെട്ടിയാടി, കളിയാട്ടങ്ങളും പെരുങ്കളിയാട്ടങ്ങളുമായി നാടിനെയും നാട്ടാരെയും ഒരേ പോലെ ഭയഭക്തി വിശ്വാസങ്ങളിലധിഷ്ഠിതമായി കഴിയാൻ പ്രേരിപ്പിക്കുന്ന ഒരു ജീ

വിത സംസ്കാരം തന്നെ തെയ്യാട്ടങ്ങളിൽ കാണാം.

എന്നാൽ പടയണി കോലങ്ങൾ തെയ്യങ്ങളേക്കാൾ ജീവിതഗന്ധികളായി പരിണമിക്കുന്നത് അവതരണത്തിലെ നാടകീയത കൊണ്ടും നാടോടി ശൈലികളോടുള്ള താദാത്മ്യഭാവം കൊണ്ടും ആണെന്നുള്ള തിരിച്ചറിവും കടമ്മനിട്ടക്കാവിലെ പടയണി കണ്ടതുകൊണ്ടുള്ള നേട്ടങ്ങൾ കൊണ്ടുണ്ടായതാണെന്നും ഞാൻ തിരിച്ചറിയുന്നു.

തെക്കോട്ടുള്ള യാത്ര എന്നത് അവസാനയാത്രയായി സാഹിത്യകാരന്മാർ ചിത്രീകരിക്കാറുണ്ട്.

മനുഷ്യനായതു കൊണ്ടു തന്നെ സ്വാഭാവികമായ സ്വാർത്ഥത പത്തിൽ നിന്നു നൂറിലേയ്ക്കും, നൂറിൽ നിന്ന് ആയിരത്തിലേയ്ക്കുമൊക്കെയായി ആശാപാശത്തിൽ പിടിച്ചു കയറാൻ പ്രേരിപ്പിച്ചു കൊണ്ടേയിരിക്കുന്നു.

പക്ഷേ സുദാമാവിന്റെ നിസ്സഹായത പലപ്പോഴും എന്നെയും ബാധിക്കുന്നു. സ്വാർത്ഥതയിൽ നിന്നും അഹങ്കാരവും, അഹങ്കാരത്തിൽ നിന്നുണ്ടാവുന്ന അജ്ഞതയും പേടികളിൽ മുമ്പനായ മരണഭയത്തിലെത്തിക്കുകയും തളച്ചിടുകയും ചെയ്യുന്നു. 'ഇന്നു ഞാൻ നാളെ നീ' എന്ന ബോധം 'തത്ത്വമസി'യിൽ നിന്ന് അകറ്റി നിർത്തുന്നു.

ഒന്നും പുതിയത് ആയി ഉണ്ടാവുന്നില്ലെന്നതും, ഇവിടെയുള്ളതെല്ലാം പണ്ടു മുതലേ ഉണ്ടായിരുന്നതാണെന്നും, അതിനൊരിക്കലും നാശമുണ്ടാവില്ലെന്നുമുള്ള വേദസൂക്ത ശാന്തിമന്ത്രം ഇന്നും എനിക്കന്യമായി തുടരുന്നു.

'ഓം പൂർണ്ണമദഃ പൂർണ്ണമിദം
പൂർണ്ണാത് പൂർണ്ണമുദച്യതേ
പൂർണസ്യ പൂർണ്ണമാദായ
പൂർണ്ണമേവാവശിഷ്യതേ
ഓം ശാന്തി! ശാന്തി! ശാന്തിഃ'

പക്ഷേ ഇതുകൊണ്ടൊന്നും ശാന്തി ലഭിക്കാതെ, എന്റെ അജ്ഞാന ഭാണ്ഡവും പേറി ഞാനെന്റെ യാത്ര തുടർന്നു കൊണ്ടേയിരിക്കുന്നു.

'ഈ യാത്ര തുടങ്ങിയതെവിടെ നിന്നോ
ഇനിയൊരു വിശ്രമമെവിടെ ചെന്നോ....'

എന്നറിയാതെ, സംശയങ്ങൾ അവസാനിയ്ക്കാതെ...

തുടർ യാത്രകൾക്കിടയിൽ ലക്ഷ്യമില്ലാതെ അലയുന്ന പല സഹയാത്രികർ...

ഔത്സുക്യം കൊണ്ട് എപ്പോഴോ ഒരാളോടു ചോദിച്ചു.

എവിടുന്നാ?

എങ്ങോട്ടാ?

രസകരമായൊരു മറുപടിയാണ് ലഭിച്ചത്.

'കോഴിക്കോട്ടേക്കാണു പോകേണ്ടിയിരുന്നത്. അറിയാതെ വണ്ടി മാറി കയറി. പരിചയമില്ലാത്ത വഴികളും സ്റ്റേഷനുകളും കണ്ടപ്പോഴാണറിഞ്ഞത് തെറ്റായ വഴിക്കാണു പോയിക്കൊണ്ടിരിക്കുന്നതെന്ന്. അതു കൊണ്ട് ഇവിടെയിറങ്ങി. ഇനി ഷൊർണൂർ പോയി വണ്ടി മാറിക്കയറണം.'

അപ്പോൾ ഞാനാലോചിച്ചു. യഥാർത്ഥത്തിൽ ഞാൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതൊക്കെ ശരിയായ മാർഗ്ഗത്തിലാണോ? ലക്ഷ്യത്തിലെത്തും വരെ യാത്ര തുടരാനാവുമോ?

തെറ്റായ മാർഗ്ഗമാണെന്നറിഞ്ഞിട്ടും കുറുക്കുവഴികളിലൂടെ യാത്ര ചെയ്യുവാനും പല കുടുക്കുകളിലും അകപ്പെട്ട് ജീവിതം തന്നെ നശിച്ചുപോകുവാനും വിധിക്കപ്പെട്ടവരെ കുറിച്ചോർത്തു. സ്വയം സമാധാനിക്കാൻ ശ്രമിച്ചു.

ഇല്ല. അറിഞ്ഞു കൊണ്ട് ഇന്നേ വരെ ഒരു തെറ്റും ചെയ്തിട്ടില്ല. ആരേയും ബുദ്ധിമുട്ടിക്കണമെന്ന് മനസ്സാ വാചാ കർമ്മണാ കരുതിയിട്ടു പോലുമില്ല.

'പരോപകാരമേ പുണ്യം
പാപമേ പര പീഢനം'

എന്ന ആപ്തവാക്യത്തെ മുൻനിർത്തി തന്നെയാണ് ഇതുവരെ ജീവിച്ചു പോന്നത്. അതു കൊണ്ടു തന്നെ അറിഞ്ഞു കൊണ്ട് ആർക്കുമൊരു ദ്രോഹവും ചെയ്തിട്ടില്ലെന്നു മാത്രമല്ല കഴിയുന്നതു പോലെയൊക്കെ അശരണർക്ക് സഹായകമാകാൻ സ്വയം ശ്രമിച്ചിട്ടുമുണ്ട്.

മുക്കവലകളിൽ പലപ്പോഴും വഴികളെ കുറിച്ചു സംശയം തോന്നാറുണ്ട്.

അപ്പോഴെല്ലാം കക്കാട് വന്ന് ചെവിയിലോതും.

'ഇരു വഴിയിൽ പെരുവഴി നല്ലൂ,
പെരുവഴി പോ ചങ്ങാതീ'

അങ്ങനെ പലപ്പോഴും പൂർവ്വസൂരികളുടെ നിർദ്ദേശങ്ങൾക്കും ഉപദേശങ്ങൾക്കുമനുസരിച്ചാണ് ഇന്നു വരെ യാത്ര ചെയ്തിരുന്നതെന്നു കൊണ്ടു തന്നെ വലിയ മാർഗ്ഗ വിഘ്നങ്ങളൊന്നും ഇതുവരെയുണ്ടായിട്ടില്ല. ഇനിയും വലിയ പരീക്ഷണങ്ങളൊന്നും കൂടാതെ യാത്ര മുഴുമിപ്പിയ്ക്കാനാവുമെന്നു കരുതുന്നു. പ്രശസ്ത കവി പി.ഭാസ്കരന്റെ 'വണ്ടിക്കാള'യിലെ ചില വരികൾ ഓർമ്മയിൽ പൊങ്ങി വന്നു.

'മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി–
ട്ടറ്റത്തുവണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി.'

മന്ദം മന്ദം തോളത്തു കനം പേറി മുന്നേറുന്ന കാളകളെ മനസ്സാ സ്മരിച്ചു കൊണ്ട്, മനസ്സാ നമിച്ചു കൊണ്ട് എന്റെ യാത്ര വഴിതെറ്റാതെ ലക്ഷ്യത്തിലെത്താൻ വ്യഗ്രതയോടെ തുടരുന്നു. തുടർന്നുകൊണ്ടേയിരിക്കുന്നു...

●

# വൈവാഹികം

| | | | |
|---|---|---|---|
| | ശി | | ച |
| മ | ഗ്രഹനില | | ക |
| ല | | | |
| | മാ | ബുഗു ശുസ | ര |

Seeking alliance from parents of Pisharody Girls, working preferably in IT sector for a 30 year old Pisharody Boy (B.Tech, MBA, 178 cm). Currenly working as consultant in a reputed IT MNC in Bangalore.

**Contact: 91 9322670584**

കൊല്ലം 1170 കന്നി 13 (29-09-1994), വ്യാഴാഴ്ച 2:30 PM നു, അന്ന് സൂര്യോദയാദി 20 നാഴിക 32 വിനാഴിക ചെന്നസമയം പുണർതം നക്ഷത്രം മൂന്നാം പാദം തൃശൂർ എരുമപ്പെട്ടിയിൽ പുരുഷജനനം. ലഗ്നാൽ 7 ൽ കർക്കടകത്തിൽ വർഗ്ഗോത്തമാംശത്തിൽ കുജൻ.

---

| | | | | | |
|---|---|---|---|---|---|
| | ബു | | ലശി | ഗു | |
| | മമാ | | | | |
| കുശു | ലശി | ഗ്രഹനില അകത്ത് അംശകം പുറത്ത് | | | |
| മ | ഗു | | | ചസ | ച |
| ര | | കുശു | രബു | | |
| | | സ | | മാ | |

Proposals are invited as we are seeking a suitable match for our son, aged 27. He is 5 feet 6 inches tall (170 cm, B-Tech CSE graduate. He is currently working as a Computer Programmer in the financial industry in the State of Qatar. Interested families may contact us at

**Contact: +974 66322312 / +91 7620495860 / 916282269620** with further details.

കൊല്ലവർഷം 1173 തുലാം 10 (1997 ഒക്ടോബർ 26) ഞായറാഴ്ച ഉദയാൽപരം 22 നാഴിക 23 വിനാഴികക്ക് 3:24 PM പൂരം നക്ഷത്രത്തിൽ പ്രഥമ പാദവും കൃഷ്ണ പക്ഷ ഏകാദിശിയിൽ സിംഹക്കരണവും ബ്രാഹ്മനാമനിത്യയോഗവും കൂടിയ സമയെ കുംഭലഗ്നം കൊണ്ട് ഷാർജയിൽ പുരുഷജനനം. ശിഷ്ടദശ: 17 വർഷവും 1 മാസവും 30 ദിവസവും ശുക്രദശ.

---

| | | | | | |
|---|---|---|---|---|---|
| | | ചശു | കുഗു സമാ | രമ | |
| | | ചമ ലമാ | | | |
| | ഗുശി | ഗ്രഹനില അകത്ത് അംശകം പുറത്ത് | | | |
| | | | | കുസ | |
| | | | | രബു ശു | |
| | | ശി | | ബുല | |

Seeking alliance from parents of Pisharody Boys for a 26 years old Pisharody Girl (M.Sc Chemistry, 164 cm) currently working as Asst. Professor in a Private College, Kerala).

**Contact: 7025316139 / 9947217295**

1998 ഒക്ടോബർ 6 (1174 കന്നിമാസം 20) ചൊവ്വാഴ്ച 7:51 PM നു അശ്വതി നക്ഷത്രത്തിൽ (പ്രഥമ, കൃഷ്ണപക്ഷം) സ്ത്രീ ജനനം. കേതു ശിഷ്ടം - 06-11-30.

---

Proposals invited from parents of well educated and professionally qualified girls for a Menon boy (pure Vegetarian), aged 29, height 178 cms. B. Tech. (CS) from NIT Calicut and MBA from IIM Indore, working in a senior position in Goldman Sachs at Bangalore. Interested parents may contact **7012020631 or 8589019448**. Horoscope mandatory and will be provided in case interested.

# ശാഖാവാർത്തകൾ

## ചെന്നൈ ശാഖ
## വാർഷിക പൊതുയോഗം

ശാഖയുടെ വാർഷിക പൊതുയോഗം ഫെബ്രുവരി 2 ഞായറാഴ്ച 10:30 AMനു അണ്ണാനഗറിലുള്ള ശ്രീ. രാംദാസിൻറെ വസതിയിൽ വച്ച് ശ്രീ പി.ആർ. രാമചന്ദ്രന്റെ ആദ്ധ്യക്ഷത്തിൽ കൂടി. ഗൃഹനാഥ ശ്രീമതി രത്നം പിഷാരസ്യാരുടെ ദീപപ്രോജ്ജ്വലനത്തോടെ ആരംഭിച്ച യോഗത്തിലേക്ക് ശ്രീ. രാംദാസ് എല്ലാവരെയും സഹർഷം സ്വാഗതം ചെയ്തു. സുവിൻ സൂരജ്, ശിവ സൂരജ് എന്നിവരുടെ ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. അംഗങ്ങളുടെ നാരായണീയ പാരായണത്തിന് ശേഷം ശ്രീമതി തങ്കം പിഷാരസ്യാർ ഒരു കൃഷ്ണഭക്തിഗാനം ആലപിച്ചു.

സെക്രട്ടറി ശ്രീ. പി.ആർ. രാമചന്ദ്രൻ നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിൽ, സമാജം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ കുറിച്ച് സംസാരിച്ചു. സമാജയോഗങ്ങൾ കൃത്യമായി നടക്കാത്തതിലും, നടക്കുന്ന യോഗങ്ങളിൽ പങ്കെടുക്കാൻ പലരും താൽപര്യം പ്രകടിപ്പിക്കാത്തതിലും ഉള്ള വിഷമം അംഗങ്ങൾ പരസ്പരം പങ്കുവച്ചു. ചെന്നൈ ശാഖയുടെ പുതിയ ഡയറക്ടറി ഇറക്കുവാൻ തീരുമാനിച്ചു.

ശാഖയുടെ ഇപ്പോഴത്തെ ഭരണസമിതിയിൽ ചില ചെറിയ വ്യത്യാസങ്ങൾ വരുത്തിക്കൊണ്ട് അടുത്ത രണ്ടു വർഷത്തേക്ക് ഉള്ള ഭരണസമിതിയെ തിരഞ്ഞെടുത്തു.

പ്രസിഡണ്ട്: രാംദാസ് രാമൻ, വൈസ് പ്രസിഡണ്ട്: ഗീതാ ധനശേഖരൻ, സെക്രട്ടറി: രാമചന്ദ്രൻ പി.ആർ.

ജോയിൻറ് സെക്രട്ടറി: ഗോപിനാഥൻ മുങ്ങത്ത്, ട്രഷറർ: അജിത് കൃഷ്ണൻ .ടി., ജോ. ട്രഷറർ: വിനീത ഗോപിനാഥൻ. കമ്മിറ്റി അംഗങ്ങൾ: ജയശ്രീ അജിത്ത്, കവിത ഗോപിനാഥൻ, മിനി രാംദാസ്, ധനലക്ഷ്മി രാമചന്ദ്രൻ, രമ്യ മോഹൻ.

തുടർന്ന് കുട്ടികളുടെ കലാപരിപാടികൾ ആരംഭിച്ചു. സുവിൻ സൂരജ്, ശിവ സൂരജ്, അനാമിക പ്രവീൺ, ആരാധിക പ്രവീൺ, പല്ലവി ഗോപിനാഥൻ എന്നിവർ അവതരിപ്പിച്ച ഡാൻസുകളും കൃഷ്ണപ്രിയ അവതരിപ്പിച്ച പാട്ടും ഏറെ മനോഹരമായിരുന്നു. പുതിയ തലമുറയ്ക്ക് അധികം പരിചയമില്ലാത്ത പഴയ മലയാള ഗാനശകലങ്ങൾ കോർത്തിണക്കിക്കൊണ്ട്, ഏറ്റവും ചെറിയ കുട്ടികളായ ശിവയും സുവിനും തങ്ങളുടെ അച്ഛച്ഛനോടും അച്ഛമ്മയോടും ഒപ്പം ആലപിച്ചത് ഏറെ ഹൃദ്യമായിരുന്നു.

യോഗത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും സമ്മാനങ്ങളും കഴിഞ്ഞ വർഷത്തെ പത്താം ക്ലാസ് പരീക്ഷയിൽ നല്ല മാർക്ക് വാങ്ങിയ ആകാശ്, പല്ലവി എന്നിവർക്കുള്ള സ്കോളർഷിപ്പുകളും ശ്രീമതി രത്നം പിഷാരസ്യാർ കൈമാറി. രസകരമായ തംബോലക്കു ശേഷം ശ്രീ. സുകുമാരന്റെ നന്ദി പ്രകടനത്തോടെ യോഗം സമാപിച്ചു.

## എറണാകുളം

ഡിസംബർ മാസത്തെ യോഗം 08-12-2024നു 3 PMന് വടുതലയുള്ള ശ്രീ. നാരായണന്റെ വസതിയിൽ വെച്ച് നടന്നു. ഗൃഹനാഥ ശ്രീമതി ലീല നാരായണൻ ഭദ്രദീപം കൊളുത്തി. ലീല നാരായണനും, കുമാരി അനന്യയും ചേർന്ന് ചൊല്ലിയ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. കഴിഞ്ഞ കാലയളവിൽ സമുദായത്തിൽ നമ്മെ വിട്ടുപോയവർക്ക് വേണ്ടി ഒരു നിമിഷം മൗനപ്രാർത്ഥന നടത്തി. ഗൃഹനാഥൻ ശ്രീ. നാരായണൻ എല്ലാവരെയും സ്വാഗതം ചെയ്തു. പ്രസിഡണ്ട് ശ്രീ. ദിനേശ് പിഷാരോടി അദ്ധ്യക്ഷത വഹിച്ചു.

സെക്രട്ടറി നവംബർ മാസത്തെ റിപ്പോർട്ട് വായിച്ചതു പാസാക്കി. ട്രഷറർ ശ്രീ. എം.ഡി. രാധാകൃഷ്ണൻ കണക്കു അവതരിപ്പിച്ചതും പാസാക്കി. തുടർന്ന് അംഗങ്ങൾ തമ്മിൽ വിവിധ വിഷയങ്ങളിൽ ചർച്ച നടന്നു. ക്ഷേമനിധി നറുക്കെടുത്തു.

മാസ്റ്റർ സത്യജിത് ഒരു ഗാനം ആലപിച്ചു. കമ്മിറ്റി അംഗം, ശ്രീ. ജി. രഘുനാഥിന്റെ നന്ദി പ്രകടനത്തോടെ യോഗം പര്യവസാനിച്ചു.

* * * * * * * * * * * *

എറണാകുളം ശാഖയുടെ ജനുവരി മാസ യോഗം 12-01-2025നു 3.30 PMന് തൃപ്പൂണിത്തുറയിലുള്ള ശ്രീ. സന്തോഷ് കൃഷ്ണന്റെ ഭവനം, സന്തോഷത്തിൽ വെച്ച് നടന്നു. ഗൃഹനാഥ ശ്രീമതി അനു ഭദ്രദീപം കൊളുത്തി, കുമാരി ശ്രീലക്ഷ്മിയുടെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ഈയിടെ നിര്യാതനായ ഗായകൻ ശ്രീ. പി. ജയചന്ദ്രനേയും, കഴിഞ്ഞ കാലയളവിൽ സമുദായത്തിൽ നമ്മെ വിട്ടു പോയവരെയും സ്മരിച്ചുകൊണ്ട് മൗനപ്രാർത്ഥന നടത്തി. ഗൃഹനാഥൻ ശ്രീ. സന്തോഷ് കൃഷ്ണൻ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. പ്രസിഡണ്ട് ശ്രീ. ദിനേശ് പിഷാരോടി അദ്ധ്യക്ഷത വഹിച്ചു. 2025ലെ ആദ്യ യോഗത്തിൽ കൂടുതൽ പങ്കാളിത്തം ഉള്ളത് സന്തോ

ഷകരമാണെന്നും വരിസംഖ്യ കുടിശ്ശികയുള്ളവർ കഴിവതും വേഗം നൽകണമെന്നും പ്രസിഡണ്ട് അഭിപ്രായപ്പെട്ടു. ഗൃഹസന്ദർശനം കൂടുതൽ ഊർജ്ജിതമാക്കണമെന്നു രക്ഷാധികാരി ശ്രീ. ഋഷികേശ് പിഷാരടിയും, ട്രഷറർ ശ്രീ. എം. ഡി. രാധാകൃഷ്ണനും അഭിപ്രായപ്പെട്ടു. സെക്രട്ടറിയുടെ അഭാവത്തിൽ പ്രസിഡണ്ട് റിപ്പോർട്ട് വായിച്ചു പാസാക്കി. ഒരു ദിവസത്തെ ടൂർ സംഘടിപ്പിക്കുന്നതിനെക്കുറിച്ചു ചർച്ച നടന്നു. തുടർന്ന് നടന്ന ക്ഷേമനിധി നടന്നു.

തിരുവാതിര ആഘോഷത്തിന്റെ ഭാഗമായി ശ്രീമതിമാർ ജ്യോതി സോമചൂഡൻ, കുമാരി രവീന്ദ്രൻ, സൗമ്യ ബാലഗോപാൽ, രഞ്ജിനി സുരേഷ്, സൗമ്യ മണി, ദീപ്തി സാജൻ, സുജ രവി, അശ്വതി സന്തോഷ്, പ്രീതി ദിനേശ്, ശാലിനി രഘുനാഥ് തുടങ്ങിയവർ അവതരിപ്പിച്ച തിരുവാതിരകളി ഗംഭീരമായി. പറവൂർ കളിയരങ്ങിന്റെ ഈ വർഷത്തെ കഥകളി പുരസ്ക്കാരം ലഭിച്ച അഡ്വ. രഞ്ജിനി സുരേഷിനെ യോഗം അഭിനന്ദിച്ചു. മറുപടി പ്രസംഗത്തിൽ അവർ നന്ദി അറിയിച്ചു.

അടുത്ത യോഗം പിറവം പാഴൂരിലെ തന്റെ വസതിയിൽ വച്ച് നടത്താൻ ശ്രീ. നന്ദകുമാർ സന്നദ്ധത അറിയിച്ചത് അപ്രകാരം തീരുമാനിച്ചു. കൂടാതെ അടുത്ത മാസങ്ങളിൽ വരുന്ന യോഗങ്ങൾ നടത്താൻ ശാഖ അംഗങ്ങളായ ശ്രീ. ടി.പി. പ്രഭാകരൻ ഫോർട്ട്കൊച്ചി, സി.പി. രവീന്ദ്രൻ ചേരാനെല്ലൂർ, സി.പി. രഘുനാഥ് തൃപ്പൂണിത്തുറ എന്നിവർ സന്നദ്ധതയും പ്രകടിപ്പിച്ചു. ശ്രീമതി സതി ജയരാജിന്റെ സ്വന്തം കവിതയ്ക്ക് ശേഷം ശ്രീ. സോമചൂഢന്റെ നന്ദി പ്രകടനത്തോടെ യോഗം പര്യവസാനിച്ചു.

* * * * * * * * * * *

എറണാകുളം ശാഖയുടെ ഫെബ്രുവരി 2025 മാസയോഗം 09-02-2025നു 3:30 PM ന് പിറവം പാഴൂർ പെരുംതൃക്കോവിൽ മഹാദേവ ക്ഷേത്രത്തിനടുത്തുള്ള ശ്രീ. നന്ദകുമാറിന്റെ ഭവനത്തിൽ വച്ച് പ്രസിഡണ്ട് ശ്രീ. ദിനേശ് പിഷാരോടി അദ്ധ്യക്ഷതയിൽ നടന്നു. ഗൃഹനാഥ ശ്രിമതി ശൈലജ നന്ദകുമാർ ഭദ്രദീപം കൊളുത്തി കുമാരി പാർവ്വതി നന്ദകുമാറിന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. കഴിഞ്ഞ കാലയളവിൽ സമുദായത്തിൽ നിര്യാതരായവർക്ക് അനുശോചനം രേഖപ്പെടുത്തി. ഗൃഹനാഥൻ ശ്രീ. നന്ദകുമാർ അല്പം ദൂരെ സ്ഥിതി ചെയ്യുന്ന തന്റെ ഭവനത്തിൽ വരാൻ സന്മനസ്സു കാണിച്ച എല്ലാവരെയും സ്വാഗതം ചെയ്തു. പാഴൂർ ഐതിഹ്യങ്ങളുടെ നാടാണെന്നും അവിടത്തെ പടിപ്പുരയും പെരുംതൃക്കോവിൽ മഹാദേവ ക്ഷേത്രവും അതി പ്രശസ്തമാണെന്നും യോഗശേഷം ഇതെല്ലം കാണാൻ അവസരമുണ്ടെന്നും പറഞ്ഞു.

സെക്രട്ടറി ശ്രീ. സന്തോഷ് കുമാർ ജനുവരി മാസ റിപ്പോർട്ട് വായിച്ചത് പാസ്സാക്കി. ട്രഷറർ ശ്രീ. എം.ഡി. രാധാകൃഷ്ണൻ വരിസംഖ്യ കഴിവതും വേഗം നൽകണമെന്ന് ഓർമിപ്പിച്ചു. കേന്ദ്ര വാർഷികം മെയ് മാസം 25നു ഇരിങ്ങാലക്കുട ശാഖയുടെ ആഭിമുഖ്യത്തിൽ ഗായത്രി ഹാളിൽ വച്ചാണെന്നും അതിനു മുൻപായി എറണാകുളം ശാഖ വാർഷികം നടത്തേണ്ടതുണ്ടെന്നും സെക്രട്ടറി അറിയിച്ചു. തുടർ ചർച്ചയിൽ ശാഖാ വാർഷികം മെയ് മാസം 11 നു രാവിലെ 10 മണി മുതൽ വൈകീട്ട് 5 വരെ നടത്താൻ തീരുമാനിച്ചു. വാർഷികത്തിൽ ശാഖയിലെ 50 വർഷം പൂർത്തിയായ ദമ്പതികളെ ആദരിക്കാമെന്നും തീരുമാനിച്ചു. വാർഷിക പൊതുയോഗത്തിന്റെ ചിലവിലേക്കായി ഓരോ കുടുംബത്തിൽ നിന്നും കുറഞ്ഞത് 500 രൂപയെങ്കിലും സമാഹരിക്കാമെന്ന് തീരുമാനിച്ചു. ഹാൾ ബുക്ക് ചെയ്യാനും, കേന്ദ്ര/ സമീപ ശാഖ പ്രതിനിധികളെ ക്ഷണിക്കാൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി. ചർച്ചക്ക് ശേഷം ആവ്യാ സുധീർ അവതരിപ്പിച്ച ആക്ഷൻ സോങ് ഹൃദ്യമായി. തുടർന്ന് ക്ഷേമനിധി നടന്നു. ശ്രീ. സന്തോഷ് കൃഷ്ണന്റെ നന്ദി പ്രകടനത്തോടെ യോഗം പര്യവസാനിച്ചു.

യോഗത്തിനുശേഷം ഗൃഹനാഥൻ ശ്രീ. നന്ദകുമാർ അംഗങ്ങളെ എല്ലാവരെയും കൂട്ടി തൂക്കുപാലം, പെരുംതൃക്കോവിൽ മഹാദേവ ക്ഷേത്രം, പാഴൂർ പടിപ്പുര എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. ഇത്തവണത്തെ പ്രതിമാസ യോഗം ഒരു ടൂറിന്റെ പ്രതീതി ഉളവാക്കിയതായും അതിനു എറണാകുളത്തു നിന്നും വാഹനം ഏർപ്പെടുത്തിയ ട്രഷറർ ശ്രീ. എം.ഡി. രാധാകൃഷ്ണനെയും പാഴൂർ ശ്രീ. നന്ദകുമാറിനെയും അംഗങ്ങൾ ഐക്യകണ്ഠം പ്രശംസിച്ചു.

## വടക്കാഞ്ചേരി

ശാഖയുടെ പുതുവർഷത്തെ യോഗം 26-01-25നു 3 PMനു പഴയന്നൂരിലുള്ള മനോരമ പിഷാരസ്യാരുടെ ഭവനത്തിൽ വെച്ച് നടന്നു. ഭദ്രദീപ പ്രകാശനത്തിനു ശേഷം മനോരമ പിഷാരസ്യാർ പ്രാർത്ഥന ചൊല്ലി. ശ്രീകലാദേവി (ഗീത) സ്വാഗതം ആശംസിച്ചു. കേന്ദ്ര സെക്രട്ടറി ഗോപകുമാറും കുടുംബവും തുളസീദളം മാനേജർ രഘുനന്ദനനും കുടുംബവും വിശിഷ്ടാതിഥികളായിരുന്നു. പെരിങ്ങോട് രാഘവപിഷാരടിയുടെയും മ

റ്റ് അന്തരിച്ച സമുദായ അംഗങ്ങളുടെയും ആത്മ ശാന്തിക്കായി ഒരു മിനിറ്റ് മൗനം ആചരിച്ചു. കേന്ദ്ര സെക്രട്ടറി ശ്രീ. ഗോപകുമാർ അദ്ധ്യക്ഷൻ ആയി. അദ്ധ്യക്ഷ പ്രസംഗത്തിൽ കേന്ദ്രത്തിന്റെ വിവിധ ഉദ്ദേശങ്ങളെക്കുറിച്ച് സംസാരിക്കുകയും ഓരോ ശാഖകൾക്കും ഓരോ ചെറിയ സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ട സഹായങ്ങൾ കേന്ദ്രത്തിൽ നിന്ന് നൽകാമെന്നും അതിന്റെ ഭാഗമായി വടക്കാഞ്ചേരി ശാഖയും ഒരു ചെറിയ യൂണിറ്റ് തുടങ്ങണമെന്നും അഭ്യർത്ഥിച്ചു. കേന്ദ്ര വാർഷികം ഇരിഞ്ഞാലക്കുടയിൽ വച്ചാണ് നടത്തുന്നതെന്നും അതിനുവേണ്ട എല്ലാ സഹകരണവും, ശാഖയുടെ കലാകാരന്മാരും കലാകാരികളും ചേർന്ന് ഒരു പരിപാടി അവതരിപ്പിക്കണമെന്നും പറഞ്ഞു.

തുടർന്ന് സംസാരിച്ച തുളസീദളം മാനേജർ അദ്ദേഹം തുടങ്ങാനിരിക്കുന്ന ഒരു സ്വയംതൊഴിൽ യൂണിറ്റിനെ കുറിച്ച് സംസാരിക്കുകയും അതുപോലുള്ള ഏതെങ്കിലും സംരംഭങ്ങൾ തുടങ്ങുവാൻ അംഗങ്ങളോട് പറയുകയും ചെയ്തു. തുടർന്ന് നടന്ന ചർച്ചയിൽ ശാഖാ അംഗങ്ങൾ എല്ലാവരും പങ്കെടുക്കുകയും ശാഖയുടെ ഒരു പരിപാടി വാർഷികത്തിൽ അവതരിപ്പിക്കാൻ രണ്ടംഗസമിതിയെ (ഗീത, ശ്രീശൈല) ചുമതലപ്പെടുത്തുകയും ചെയ്തു. ശ്രീ. എൻ.പി. കൃഷ്ണനുണ്ണിയുടെ നന്ദി പ്രകാശനത്തോടെ യോഗം സമാപിച്ചു.

## കോങ്ങാട്

ഫെബ്രുവരി മാസ യോഗം 15-02-2025നു 1 PM നു ശാഖാ മന്ദിരത്തിൽ പ്രസിഡണ്ട് ശ്രീ. പ്രഭാകര പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. പി.പി. നാരായണ പിഷാരോടി പ്രാർത്ഥന ചൊല്ലി. ശ്രീ. കെ.പി. ഗോപാല പിഷാരോടി പുരാണ പാരായണം നിർവ്വഹിച്ചു. ശ്രീ. കെ.പി. രാമചന്ദ്ര പിഷാരോടി സ്വാഗതം ആശംസിച്ചു. 03-02-2025ന് ദിവംഗതയായ സരോജിനി പിഷാരസ്യാർക്ക് അനുശോചനം രേഖപ്പെടുത്തി. കാലിക്കറ്റ് യുണിവേഴ്സിറ്റി എ സോൺ കലോത്സവത്തിൽ കലാ പ്രതിഭ പുരസ്കാരം നേടിയ ആദിത്യ കൃഷ്ണനെ അനുമോദിച്ചു.

പ്രസിഡണ്ട് ശ്രീ. പ്രഭാകര പിഷാരോടി കേന്ദ്ര യോഗ കാര്യങ്ങൾ വിശദീകരിച്ചു. ശാഖയുടെ സ്ഥിര നിക്ഷേപം തുടങ്ങിയ കണക്കുകൾ ശ്രീ. എം.പി. ഹരിദാസിന്റെ സഹായത്തോടെ തയ്യാറാക്കി കേന്ദ്രത്തിന് നൽകുവാൻ തീരുമാനിച്ചു. ഒരു അംഗത്തിന് കേന്ദ്രത്തിൽ നിന്നും ചികിത്സ ധന സഹായം അനുവദിച്ചു കിട്ടിയത് അവർക്ക് കൈമാറിയതായി അറിയിച്ചു. തുടർ ചികിത്സക്കായി ശാഖ കഴിവനുസരിച്ച് സഹായം ചെയ്യാം എന്നും തീരുമാനിച്ചു. ജനുവരി മാസത്തെ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചത് പാസാക്കി.

വിഷുവിന് ശേഷം നെല്ലിയാമ്പതിയിലേക്ക് ഏകദിന ഉല്ലാസയാത്ര നടത്താൻ തീരുമാനിച്ചു. ആയതിനുവേണ്ട സജ്ജീകരണങ്ങൾ നടത്താൻ ശ്രീ. അനിൽകൃഷ്ണൻ കെ.പി., ശ്രീ. സുരേഷ് കുമാർ കെ.കെ., ശ്രീ. ഗോവിന്ദൻ കെ.പി., ശ്രീ. ഹരീഷ് വി.പി., ശ്രീമതി ഉഷ എം.പി., ശ്രീമതി ഗീത കെ.പി. എന്നിവരെ ചുമതലപ്പെടുത്തി.

ശ്രീ. ഹരീഷ് യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തിയതോടെ യോഗം പര്യവസാനിച്ചു.

## തൃശൂർ

പ്രതിമാസ യോഗം 16-02-2025 ന് പിഷാരോടി സമാജം ആസ്ഥാന മന്ദിരത്തിൽ പ്രസിഡണ്ട് ശ്രീ. വിനോദ് കൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ശ്രീമതി ശൈലജ രാധാകൃഷ്ണന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ശ്രീമതി ഉഷ ചന്ദ്രൻ, ശ്രീ. സി.പി. അച്യുതൻ എന്നിവരുടെ നേതൃത്വത്തിൽ നാരായണീയം ഒമ്പതാം ദശകം എല്ലാവരും ചേർന്ന് ചൊല്ലി. സെക്രട്ടറി ശ്രീ. എ.പി. ജയദേവൻ സ്വാഗതം പറഞ്ഞു. അദ്ധ്യക്ഷ പ്രസംഗത്തിൽ ശ്രീ. വിനോദ് കൃഷ്ണൻ കഴകക്കാരുടെ ആദരവ് പ്രോഗ്രാമിനെ കുറിച്ചും പിരിവുകളെ കുറിച്ചും സംസാരിച്ചു. കഴിഞ്ഞ മാസത്തെ റിപ്പോർട്ടും കണക്കുകളും യഥാക്രമം സെക്രട്ടറിയും ട്രഷററും വായിച്ചത് എല്ലാവരും കയ്യടികളോടെ പാസ്സാക്കി.

തുടർന്ന് നടന്ന ചർച്ചയിൽ ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ, ശ്രീ. വിനോദ്, ശ്രീ. സി.പി. അച്യുതൻ, ശ്രീ. കെ.പി. ബാലകൃഷ്ണ പിഷാരോടി, ശ്രീ. സി.പി. അച്യുതൻ എന്നിവർ പങ്കെടുത്തു. യോഗങ്ങൾക്ക് എത്തിപ്പെടാൻ അസൗകര്യമുള്ള അംഗങ്ങൾക്ക് പകരം പ്രതിനിധി സഭയിലേക്ക് പുതിയതായി 4 പേരെ കൂടി ചേർത്തു. ക്ഷേമ നിധി നടത്തി.

ശ്രീ. സി.പി. അച്യുതൻ നന്ദി പറഞ്ഞതോടെ യോഗം സമാപിച്ചു.

മാർച്ച് മാസ യോഗം 16-03-2025 ഞായറാഴ്ച 4 PM ന് കോലഴി ചേന്ദതൃക്കോവിൽ പിഷാരത്ത് ശ്രീ. പി. ഗോപിയുടെ ഭവനത്തിൽ (വിലാസം: നക്ഷത്ര-ചേന്ദതൃക്കോവിൽ പിഷാരം, വിനായക നഗർ, കോലഴി. ഫോൺ : 8156963467, 8281378702) വെച്ച് നടക്കുന്നതാണ്. എല്ലാവരും പങ്കെടുക്കണം എന്നഭ്യർത്ഥിക്കുന്നു.

## തിരുവനന്തപുരം

ഫെബ്രുവരി മാസ കുടുംബസംഗമം 16-02-2025ന് പൊങ്ങമൂട് പ്രശാന്ത് നഗർ റോഡ് കാർമൽ ഹൈറ്റ്സിലെ ശ്രീ. പി.പി. അനൂപിന്റെയും, ഡോ. കീർത്തിയുടെയും വസതിയിൽ നടന്നു. ശ്രീ. അനൂപ് അംഗങ്ങളെ സ്വാഗതം ചെയ്തു. സംവൃത സന്ദീപ് പ്രാർത്ഥന ചൊല്ലി. ഈയിടെ നിര്യാതരായവർക്ക് അനുശോചനം രേഖപ്പെടുത്തി.

സമാജത്തിന്റെ കേന്ദ്ര വാർഷികം ഇരിങ്ങാലക്കുടയിൽ നടത്താനുള്ള തീരുമാനം ശ്രീ. ജഗദീഷ് പിഷാരടി അംഗങ്ങളെ അറിയിച്ചു. ജനുവരി റിപ്പോർട്ട് ശ്രീമതി വിദ്യ കെ.എൻ. വായിച്ചു, കണക്കുകൾ ശ്രീ. പി. പി. അനൂപ് അവതരിപ്പിച്ചു. ശ്രീ. കെ.കെ. പിഷാരടി, ശ്രീ. ടി.പി. രാമൻകുട്ടി, ശ്രീ. പി.പി. ഹരിദാസ് എന്നിവർ കഴിഞ്ഞ നിരവധി വർഷത്തെ ശാഖ പ്രവർത്തനങ്ങളെ അനുസ്മരിച്ചു. ശ്രീ. ദിലീപ് വിജയൻ (മാനേജർ, ബാങ്ക് ഓഫ് ഇന്ത്യ, ബാലരാമപുരം), തോണമംഗത്ത് പിഷാരം, തൃശൂർ, അമ്മ ശ്രീമതി ഭവാനി വിജയന്റെ 84-ാം ജന്മദിനത്തോടനുബന്ധിച്ച് കേന്ദ്ര പെൻഷൻ ഫണ്ടിലേക്ക് 10,000 രൂപ സംഭാവന ചെയ്തു.

ശ്രീമതി പത്മാവതി പിഷാരസ്യാർ ശിവരാത്രിയുടെ പ്രാധാന്യത്തെക്കുറിച്ച് പ്രഭാഷണം നടത്തി, ഒരു ഭക്തിഗാനവും ആലപിച്ചു. ശ്രീ. രാമൻകുട്ടിയും, ശ്രീമതി ഉഷാദേവിയും സംസ്കൃത ശ്ലോകം ആലപിച്ചു. ശ്രീമതി ഹേമ എൻ.എസ്., ഹർഷിത് വിഷ്ണു എന്നിവർ ചലച്ചിത്ര ഗാനങ്ങൾ ആലപിച്ചു. അടുത്ത കുടുംബസംഗമം മാർച്ച് 9 ഞായറാഴ്ച 11 AMനു ശ്രീ. പി.പി. മുരളീധരന്റെ വെള്ളയമ്പലത്തെ വസതിയിൽ നടത്താൻ തീരുമാനിച്ച്, ആതിഥേയത്വം വഹിച്ച ശ്രീ. അനൂപിനും ഡോ. കീർത്തിക്കും ശ്രീ. സന്ദീപ് എം.പി. നന്ദി പറഞ്ഞു യോഗം പര്യവസാനിച്ചു.

## ചൊവ്വര

ഫെബ്രുവരി മാസത്തെ യോഗം 16-02-2025നു 3.30 PMന് മേക്കാട് ശ്രീ ദേവശ പിഷാരോടിയുടെ വസതി, നന്ദനം റോസ് ഗാർഡൻസിൽ വെച്ച് പ്രസിഡണ്ട് ശ്രീ. കെ. വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ ശ്രീമതി ജയശ്രീയുടെ ഈശ്വര പ്രാർത്ഥന, ശ്രീമതിമാർ തങ്കമണി, മിനി, ജയശ്രീ, ജ്യോത്സ്ന എന്നിവരുടെ നാരായണീയ പാരായണം എന്നിവയോടെ ആരംഭിച്ചു. അനുശോചനത്തിന് ശേഷം ഗൃഹനാഥൻ ശ്രീ. ദേവേശൻ സന്നിഹിതരായ എല്ലാ സ്വജനങ്ങളെയും യോഗത്തിലേക്കു സ്വാഗതം ചെയ്തു. അദ്ധ്യക്ഷ പ്രസംഗത്തിനു ശേഷം കഴിഞ്ഞ മാസത്തെ റിപ്പോർട്ട്, കണക്കുകൾ എന്നിവ ശ്രീ. വിജയൻ, മധു എന്നിവർ വായിച്ചു അവതരിപ്പിച്ചത് യോഗം പാസ്സാക്കി. മെയ് മാസത്തിൽ ഇരിങ്ങാലക്കുട നടക്കുന്ന കേന്ദ്ര വാർഷികത്തെ കുറിച്ച് യോഗം ചർച്ച ചെയ്തു ഉചിതമായ തീരുമാനങ്ങൾ എടുത്തു. കലാപരിപാടികൾ അവതരിപ്പിക്കുന്ന കാര്യങ്ങൾക്കായി ശ്രീ. വിജയനെ ചുമതലപ്പെടുത്തി. ശാഖ വാർഷികം മെയ് 4ന് നടത്തുവാൻ തീരുമാനിച്ചു. അടുത്ത മാസത്തെ യോഗം മാർച്ച് 9ന് ആലങ്ങാട് ശ്രീ. വിജയന്റെ വസതി, വിപഞ്ചികയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു. ശ്രീ. കെ.പി. രവിയുടെ നന്ദി പ്രകടനത്തോടെ യോഗം സമാപിച്ചു.

## ഇരിങ്ങാലക്കുട

ഫെബ്രുവരി മാസ യോഗം 22-02-2025നു 4 PMനു ഇരിങ്ങാലക്കുട PWD OFFICE ന് സമീപത്തുള്ള നമ്പൂതിരിസ് കോളേജിൽ വെച്ച് ശാഖാ പ്രസിഡണ്ട് ശ്രീമതി മായാ സുന്ദരേശ്വരന്റെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീമതി ശ്രീകുമാരി മോഹൻ ഈശ്വര പ്രാർത്ഥന ചൊല്ലി. കഴിഞ്ഞ മാസക്കാലയളവിൽ അന്തരിച്ച സമുദായ അംഗങ്ങൾക്കും, മറ്റുള്ളവർക്കും യോഗം ആദരാഞ്ജലികൾ അർപ്പിച്ചു. അദ്ധ്യക്ഷ ശ്രീമതി മായാ സുന്ദരേശ്വരൻ കേന്ദ്ര വാർഷികം ഇരിങ്ങാലക്കുട ശാഖ നടത്തുവാൻ തീരുമാനിച്ചതിന്റെ വിശദ വിവരങ്ങളും 9-2-2025ന് കേന്ദ്ര സംയുക്ത ഭരണ സമിതിയിൽ ചർച്ച ചെയ്ത കാര്യങ്ങളും യോഗത്തിൽ പങ്കുവെച്ചു.

സെക്രട്ടറി സി.ജി. മോഹനൻ അവതരിപ്പിച്ച മുൻ യോഗ മിനിട്ട്സ് യോഗം പാസ്സാക്കി. ട്രഷറർ കെ.പി. മോഹൻദാസ് വരവ്, ചിലവ് കണക്കുകൾ അവതരിപ്പിച്ചതും യോഗം പാസ്സാക്കി. 2025 ലെ കേന്ദ്ര വാർഷിക ഒരുക്കങ്ങളിലേക്ക് ഇതുവരെ ചെയ്ത കാര്യങ്ങൾ സെക്രട്ടറി യോഗത്തിൽ പങ്കുവെച്ചു.

1) പ്രവർത്തനത്തിൽ ഉള്ള എല്ലാ ശാഖകളുടെ പ്രസിഡണ്ട് , സെക്രട്ടറിമാർക്കും , കേന്ദ്ര വാർഷികത്തിന്റെ വിവരങ്ങൾ കത്ത് മുഖേന തപാൽ വഴിയും, നേരിട്ടും അറിയിച്ചുട്ടുണ്ട്.

2) ശാഖകൾ നടത്തുവാൻ ഉദ്ദേശിക്കുന്ന കലാപരിപാടികൾക്ക് എത്ര സമയം വേണ്ടി വരും, എത്ര പേർ വാർഷികത്തിൽ പങ്കെടുക്കും എന്നതിന്റെ ഒരു ഏകദേശ രൂപ രേഖ മാർച്ച് 31-ാം തിയ്യതിക്കുള്ളിൽ ഇരിങ്ങാലക്കുട ശാഖാ സെക്രട്ടറിയെ അറിയിക്കുവാനും, കൂടാതെ ശാഖകൾക്ക് വിതരണത്തിന് ആവശ്യമായ നോട്ടീസ്, ബുക്ക് ലെറ്റ്, സംഭാവന കൂപ്പൺ എന്നിവ എത്ര എണ്ണം വീതം ആവശ്യമുണ്ടാകും എന്നതിന്റെ കണക്കും മാർ

ച്ച് 31 ന് ഉള്ളിൽ അറിയിക്കണം എന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ഇരിങ്ങാലക്കുട ശാഖ വാർഷികം 2025 ഏപ്രിൽ 20 ഞായറാഴ്ച നടത്തുവാൻ തീരുമാനിച്ചു. ശാഖയുടെ 9 പ്രതിനിധി അംഗങ്ങളെ തിരഞ്ഞെടുത്തു. അവരുടെ പേരും അഡ്രസ്സും കേന്ദ്ര ജനറൽ സെക്രട്ടറിക്ക് അയച്ചു കൊടുക്കുവാൻ യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി.

യോഗത്തിൽ വേണ്ട സൗകര്യങ്ങൾ ചെയ്ത് തന്ന നമ്പൂതിരിസ് മാനേജ്മെന്റിനും, റാണി രാധാകൃഷ്ണനും മുരളി പിഷാരോടി നന്ദി പ്രകാശിപ്പിച്ചതോടെ യോഗം 6.30 മണിക്ക് പര്യവസാനിച്ചു

## മുംബൈ

ശാഖയുടെ 448-ാമത് ഭരണസമിതി യോഗം 23-02-2025നു ശ്രീ. വി.പി. മുരളീധരന്റെ സാന്താക്രൂസിലുള്ള വസതിയിൽ വെച്ച് 10.30 AMനു പ്രസിഡണ്ട് ശ്രീ. എ.പി. രഘുപതിയുടെ അദ്ധ്യക്ഷതയിൽ കൂടി. മാസ്റ്റർ ആദിത്യ പ്രമോദിന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ഇക്കഴിഞ്ഞ കാലയളവിൽ അന്തരിച്ച ശാഖാ അംഗങ്ങൾക്കും സമുദായാംഗങ്ങൾക്കും അനുശോചനം രേഖപ്പെടുത്തി. സെക്രട്ടറി മുൻ യോഗ റിപ്പോർട്ട് അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. ഖജാൻജി അവതരിപ്പിച്ച കണക്കുകളും അംഗീകരിച്ചു. ഫെബ്രുവരി 28നു മുമ്പായി ഈ വർഷത്തെ വരിസംഖ്യാ സമാഹരണം പൂർണ്ണമാക്കുവാൻ അംഗങ്ങളോട് അഭ്യർത്ഥിച്ചു.

ശാഖയിലെ ഒരംഗത്തിൽ നിന്നും ലഭിച്ച ചികിത്സാ സഹായാഭ്യർത്ഥന യോഗം ചർച്ച ചെയ്യുകയും ഇത്തരുണത്തിൽ ഏരിയ അംഗം നടത്തിയ പരിശോധനയിൽ മേൽപ്പറഞ്ഞ സഹായാഭ്യർത്ഥന പരിഗണിക്കപ്പെടേണ്ടതാണെന്നറിഞ്ഞതിനാൽ ശാഖയുടെ സാമ്പത്തിക പരിമിതിയിൽ ചെയ്യാവുന്ന ഒരു തുക അംഗത്തിന് നൽകാൻ തീരുമാനിച്ചു. കൂടാതെ കേന്ദ്രത്തോടും അദ്ദേഹത്തിന് കഴിയുന്ന ഒരു സഹായം നൽകുവാൻ അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

പിക്നിക് ജൂൺ-ജൂലൈ മാസങ്ങളിൽ നടത്തിയാൽ മതിയെന്ന അഭിപ്രായം ഉരുത്തിരിഞ്ഞു.

കേന്ദ്രവാർഷികത്തെക്കുറിച്ച് ഇരിഞ്ഞാലക്കുട ശാഖാ സെക്രട്ടറിയുടെ കത്ത് യോഗം ചർച്ച ചെയ്യുകയും അടുത്ത യോഗത്തിന് മുമ്പായി അംഗങ്ങളോട് ആരാഞ്ഞ് അവതരിപ്പിക്കുവാനുള്ള പരിപാടികളെക്കുറിച്ച് അറിയിക്കാൻ കലാവിഭാഗത്തെ ചുമതലപ്പെടുത്തി. തുടർന്ന് അടുത്ത യോഗം മാർച്ച് 23നു ഓൺലൈൻ വഴി ചേരുവാൻ തീരുമാനിച്ച്, ജോ. സെക്രട്ടറിയുടെ നന്ദിപ്രകാശനത്തോടെ യോഗം സമാപിച്ചു.

## കൊടകര

ഫെബ്രുവരി യോഗം 23-02-2025നു 3 PMനു കൊടുങ്ങ പിഷാരത്ത് കെ.പി വിശ്വനാഥന്റെ ഭവനത്തിൽ വി.പി. ജയന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. അങ്കിത രാജുവിന്റെ ഈശ്വര പ്രാർത്ഥനയോടെ യോഗ നടപടികൾ ആരംഭിച്ചു. കഴിഞ്ഞ മാസം നമ്മെ വിട്ടുപിരിഞ്ഞ ചെങ്ങാനിക്കാട്ട് പിഷാരത്ത് നാരായണൻകുട്ടി പിഷാരടി, കീഴടൂർ പിഷാരത്ത് മോഹനൻ, മറ്റു സമുദായ അംഗങ്ങൾ എന്നിവർക്ക് അനുശോചനം രേഖപ്പെടുത്തി. ഗൃഹനാഥൻ യോഗത്തിന് എത്തിച്ചേർന്ന എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പ്രസിഡണ്ട് കേന്ദ്ര തീരുമാനങ്ങൾ യോഗത്തെ അറിയിച്ചു.

ജനുവരി 16ന് ശാഖ നടത്തിയ വിനോദയാത്ര തീർത്ഥയാത്ര എന്നിവയുടെ വിവരണം എം. പി. വിജയൻ നടത്തി. യാത്രയ്ക്ക് പങ്കെടുത്തവർ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു. എല്ലാവർഷവും ഇത്തരം യാത്രകൾ സംഘടിപ്പിക്കണമെന്ന് സമാജ അംഗങ്ങൾ ആവശ്യപ്പെട്ടു.വിനോദയാത്ര മനോഹരമാക്കാൻ മുൻകൈയെടുത്ത എം പി വിജയൻ, സി പി രാമചന്ദ്രൻ എന്നിവരെ യോഗം പ്രത്യേകം അഭിനന്ദിച്ചു. സെക്രട്ടറി രമ്യാ രാധാകൃഷ്ണൻ അവതരിപ്പിച്ച ജനുവരി മാസ റിപ്പോർട്ടും ട്രഷറർ എം. പി. വിജയൻ അവതരിപ്പിച്ച കണക്കുകളും യോഗം അംഗീകരിച്ചു. വരിസംഖ്യ പിരിവ്, ഗൃഹ സന്ദർശനം എന്നിവ ഈ മാസം പൂർത്തിയാക്കുവാൻ തീരുമാനിച്ചു.

അന്തരിച്ച ഭാവഗായകൻ പി. ജയചന്ദ്രന്റെ സ്മരണാർത്ഥം ചന്ദ്രികാ വസന്തരാഗം ഗാനാലാപന മത്സരം, സാഹിത്യ കുലപതി എം.ടി. വാസുദേവൻ നായരുടെ സ്മരണാർത്ഥം കാലമേ സാക്ഷി കഥാകഥനം എന്നീ രണ്ടു പരിപാടികൾ നടത്തി. ചന്ദ്രികാ വസന്തം ഗാനാലാപന മത്സരത്തിൽ ശ്രീലത വിജയൻ ഒന്നാം സ്ഥാനവും, അങ്കിതാ രാജു, ശ്രീകല രാമചന്ദ്രൻ എന്നിവർ രണ്ടാം സ്ഥാനവും കൃഷ്ണകുമാർ കെ.പി. മൂന്നാം സ്ഥാനവും നേടി. മാസ്റ്റർ അദ്വൈത് കൃഷ്ണകുമാർ, രമാ രാംകുമാർ എന്നിവർ പ്രത്യേക സമ്മാനത്തിന് അർഹരായി. കഥാകഥന മത്സരത്തിൽ മാധുരി മോഹനൻ, ജയശ്രീ രാജൻ എന്നിവർ ഒന്നാം സ്ഥാനവും അമ്പിളി ശശി രണ്ടാം സ്ഥാനവും എം.പി. രാജൻ, കെ.പി. മോഹനൻ എന്നിവർ മൂന്നാം സ്ഥാനവും പങ്കിട്ടു. മാസ്റ്റർ ആദിദേവ് പീയൂഷ് പ്രത്യേക സമ്മാനത്തിന് അർഹനായി. ഗാനാലാപനത്തി

നു വിധികർത്താക്കൾ ആയിരുന്ന ശ്രീ. രാജു കലാലയം, ശ്രീ. ബിനോജ് പാലക്കൽ കഥാകഥന മത്സരത്തിന് വിധികർത്താക്കൾ ആയിരുന്ന ശ്രീ. സത്യൻ ടി.എസ്., ശ്രീമതി സുഷമ ടി ശാന്തൻ എന്നിവർക്കും ഹൃദ്യമായ നന്ദി അറിയിച്ചു.

മാതൃഭാഷയെ കുറിച്ച് ടി.പി. രാമചന്ദ്രന്റെ നേതൃത്വത്തിൽ നടത്തിയ പ്രശ്നോത്തരിയിൽ അംഗങ്ങളെല്ലാം ഉത്സാഹത്തോടെ പങ്കെടുക്കുകയും കെ.പി. വിശ്വനാഥൻ ഒന്നാം സ്ഥാനം നേടുകയും ചെയ്തു. 2025 ലെ ശാഖാ വാർഷികപൊതുയോഗം ഏപ്രിൽ 20 ന് നടത്താമെന്ന് ഏകദേശ ധാരണയായി, തീരുമാനം അടുത്ത യോഗത്തിലേക്ക് നീട്ടിവെച്ചു. കേന്ദ്ര വാർഷികത്തിൽ കൊടകര ശാഖയിൽ നിന്നും എത്ര അംഗങ്ങൾ പങ്കെടുക്കും എന്നതും കലാപരിപാടികൾ എന്തൊക്കെ വേണമെന്നുള്ളതും ചർച്ച ചെയതു. കൊടകര ബ്ലോക്കിന്റെ വജ്ര ജൂബിലി ഫെല്ലോഷിപ്പ് നേടിയ ഹരിത മണികണ്ഠനെ യോഗം അനുമോദിച്ചു.

ശാന്ത ഹരിഹരൻ യോഗത്തിന് എത്തിച്ചേർന്ന എല്ലാവർക്കും യോഗം നടത്താൻ സൗകര്യമൊരുക്കിത്തന്ന കെ.പി. വിശ്വനാഥനും കുടുംബത്തിനും നന്ദി പറഞ്ഞു. കൂട്ടായ്മയുടെ പ്രതീകമായ ഫോട്ടോ സെഷന് ശേഷം കൃത്യം 5:15 ന് യോഗം അവസാനിച്ചു. ●

## മുതിർന്ന അംഗത്തെ ആദരിച്ചു



**പാ**ലക്കാട് ശാഖയിലെ (80 വയസ്സ് തികഞ്ഞ) മുതിർന്ന അംഗമായ ശ്രീ. എം.പി. രാമ പിഷാരടിയെ ശാഖയിലെ ഭാരവാഹികൾ അദ്ദേഹത്തിന്റെ വസതിയായ കൗസ്തുഭം, രമാദേവി നഗർ, കാവിൽപാടിലെത്തി ആദരിച്ചു. അദ്ദേഹത്തിന് എല്ലാവിധ ആയുരാരോഗ്യ സൗഖ്യങ്ങളും നേർന്നു.

## പെൻഷന് അപേക്ഷ ക്ഷണിക്കുന്നു

PET-2000 പെൻഷൻ പദ്ധതിയിൽ ഒഴിവു വന്ന ഒരു സ്ഥാനത്തേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. വെള്ളക്കടലാസിൽ എഴുതിയ പൂർണ്ണ വിവരങ്ങൾ അടങ്ങിയ അപേക്ഷകൾ അതാത് ശാഖ സെക്രട്ടറിമാർക്ക് സമർപ്പിക്കേണ്ടതാണ്. ശാഖകൾ അവ പരിശോധിച്ച് ചർച്ച ചെയ്തു അവരുടെ ശുപാർശയോടുകൂടി കേന്ദ്ര PE & WS സെക്രട്ടറിക്കു തുടർനടപടികൾക്കായി അയച്ചു കൊടുക്കേണ്ടതാണ്. അപേക്ഷകൾ 2025 ഏപ്രിൽ 30 നു മുമ്പേ കേന്ദ്ര PE & WS സെക്രട്ടറിക്ക് കിട്ടിയിരിക്കേണ്ടതാണ്.

**സെക്രട്ടറി – PE & WS**

## കാൻസർ ചികിത്സക്ക് അപേക്ഷ ക്ഷണിക്കുന്നു

### പി.എ പിഷാരോടി കാൻസർ ചികിത്സാ സഹായം

മുംബൈ ശാഖ വർഷത്തിൽ രണ്ട് പ്രാവശ്യം 10,000 രൂപ വീതം നൽകുന്ന പി.എ പിഷാരോടി കാൻസർ ചികിത്സാസഹായ അപേക്ഷ ക്ഷണിയ്ക്കുന്നു. ആയതിലേക്ക് പ്രത്യേക അപേക്ഷാഫോറം ഉള്ളതിനാൽ വെബ്സൈറ്റിൽ നിന്നും അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ചു വേണം അപേക്ഷിക്കാൻ. അപേക്ഷകളിൽ ശാഖകളുടെ സെക്രട്ടറിയുടെ, പ്രസിഡന്റിന്റെ ഒപ്പ് വെച്ചുള്ള ശുപാർശ വേണ്ടതാണ്. ശാഖ പ്രവർത്തിക്കാത്ത മേഖലയിൽ മറ്റുശാഖകളുടെ സാക്ഷ്യ പത്രം നൽകേണ്ടതാണ്. ചികിത്സക്ക് ചിലവായ തുകയുടെ ബില്ലുകൾ/രസീതുകൾ എന്നിവ അടക്കം ചെയ്യേണ്ടതാണ്.

എന്ന്, സെക്രട്ടറി, PE & WS

**അപേക്ഷ അയക്കേണ്ട വിലാസം: ഡോ.രാംകുമാർ പി.ബി., 'രാംനിവാസ്', പടിഞ്ഞാറെ പിഷാരം, സൗത്ത് ചിറ്റൂർ, കൊച്ചി–682027. Phone: 9947746160, Email: - ramkumar_pb@rajagiritech.edu.in**

അപേക്ഷാഫോറം വെബ്സൈറ്റിലെ
https://www.pisharodysamajam.com/homepage/pisharody-educational-welfare-society/
പേജിലെ ലിങ്കിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

# ആദരാഞ്ജലികൾ

### ഡോ. കൃഷ്ണകുമാരി

വിജയപുരത്ത് പിഷാരത്ത് ഡോ. കൃഷ്ണകുമാരി (69), സുദർശനം, തിരുവാർപ്പ് 02-02-2025നു നിര്യാതയായി. ഭർത്താവ്: പിരപ്പൻകോട് പിഷാരത്ത് പരേതനായ വേണുഗോപാല പിഷാരോടി. മക്കൾ: ജ്യോത്സ്ന, ജ്യോതി. മരുമക്കൾ: മാധവൻ, സുനിൽ. സഹോദരങ്ങൾ: ബി സുരേഷ്കുമാർ, ദേവി മോഹൻ, ബി രമേഷ്കുമാർ, ഡോ. മായ അരുൺ.

### സരോജിനി പിഷാരസ്യാർ

കർക്കടാംകുന്നു പിഷാരത്ത് സരോജിനി പിഷാരസ്യാർ (95) 03-02-2025നു നിര്യാതയായി. ഭർത്താവ്: കുറുവട്ടൂർ പിഷാരത്ത് പരേതനായ നാരായണ പിഷാരോടി. മക്കൾ; പരേതനായ സത്യകൃഷ്ണൻ, വിജയലക്ഷ്മി, ശോഭന, രമാദേവി. മരുമക്കൾ: മാലതി, പരേതരായ രാമചന്ദ്രൻ, രാധാകൃഷ്ണൻ, ഭരതനുണ്ണി.

### കെ.പി. മോഹനൻ

കാവശ്ശേരി പിഷാരത്ത് മോഹനൻ (65), കീഴഡൂർ പിഷാരം, മാള 07-02-2025നു നിര്യാതനായി. ഭാര്യ: സുമ. മക്കൾ: മഞ്ജു, മനു. മരുമകൻ: സന്ദീപ്.

### സി. നാരായണ പിഷാരോടി

ചെങ്ങാനിക്കാട്ട് പിഷാരത്ത് നാരായണ പിഷാരോടി (87) 08-02-2025 നു നിര്യാതനായി. ഭാര്യ: പോട്ടയിൽ പിഷാരത്ത് തങ്കം പിഷാരസ്യാർ. മക്കൾ: രാധാകൃഷ്ണൻ (ബാബു-ഗുരുവായൂർ ദേവസ്വം), ബിന്ദു, സിന്ധു. മരുമക്കൾ: രമ്യ (കൊടകര ശാഖാ സെക്രട്ടറി), കൃഷ്ണകുമാർ, അച്യുതനുണ്ണി.

### എസ്. കേശവ പിഷാരോടി

തൃപ്പൂണിത്തുറ പൂത്രിക്കൽ പിഷാരത്ത് എസ്. കേശവ പിഷാരോടി (92-റിട്ട.റെയിൽവേ ജീവനക്കാരൻ, ബാംഗ്ളൂർ) 09-02-2025നു നിര്യാതനായി. ഭാര്യ: കോട്ടയം കുഴിഞ്ഞാലിൽ പിഷാരത്ത് ലക്ഷ്മിക്കുട്ടി. മക്കൾ: ജയകൃഷ്ണൻ, ഹരികൃഷ്ണൻ. മരുമക്കൾ: രഞ്ജിനി എം.പി., കവിത ടി.പി., സഹോദരങ്ങൾ: അമ്മിണി പിഷാരസ്യാർ, RLV ദാമോദര പിഷാരോടി.

### കരുണാകര പിഷാരോടി

അലനല്ലൂർ അയ്യപ്പൻകാവ് പിഷാരത്ത് കരുണാകര പിഷാരോടി (88) 18-02-2025നു നിര്യാതനായി. ഭാര്യ: കാവിൽ പിഷാരത്ത് വിജയലക്ഷ്മി പിഷാരസ്യാർ. മക്കൾ: ഗോവിന്ദൻകുട്ടി, രഘു, ഗീത, ബാബു. മരുമക്കൾ: സിന്ധു, രേഖ, കൃഷ്ണമോഹൻ, സൗമ്യ.

### രാമദാസ്

ചെന്നൈ ശാഖാ പ്രസിഡണ്ട് തൃശൂർ പടിഞ്ഞാറേ തൊണ്ണങ്ങാമത്ത് പിഷാരത്ത് രത്നം രാമന്റെ മകൻ രാമദാസ് (63) 27-02-2025നു ചെന്നൈയിൽ നിര്യാതനായി. ഭാര്യ: കോങ്ങാട് മുണ്ടയിൽ പിഷാരത്ത് മിനി. മകൻ: നിഖിൽ. സഹോദരൻ: രാമചന്ദ്രൻ. ●

## പെൻഷൻ ഫണ്ടിലേക്ക് സംഭാവന നൽകിയവർ

| | | |
|---|---|---|
| (1) | ആനായത്ത് പിഷാരത്ത് രാധാകൃഷ്ണപിഷാരടിയുടെ ചരമവാർഷികത്തോട് അനുബന്ധിച്ച് കുടുംബം | - 2,500.00 |
| (2) | പരേതനായ കെ.പി. മോഹൻ (കീഴാഡൂർ പിഷാരം)ന്റെ ഓർമ്മക്കായി മകൾ മഞ്ജു | - 10,000.00 |
| (3) | തൊണ്ണങ്ങാമത്ത് പിഷാരത്ത് ശ്രീമതി ഭവാനി വിജയന്റെ 84 ാം പിറന്നാൽ പ്രമാണിച്ച് മകൻ ദിലീപ് വിജയൻ | - 10,000.00 |
| (4) | കുമാരി നവിക അജയ് പിഷാരോടി, പറളി | - 2,000.00 |

എല്ലാവർക്കും നന്ദി അറിയിക്കുന്നു. **സെക്രട്ടറി, PE & WS**

# പ്രസവിക്കാൻ ഒരു പുതിയ വീട്




A Unit of EDAPPAL HOSPITALS SINCE 1990

The birthplace of first ICSI baby of Kerala (1998)

## OUR DEPARTMENTS

- Reproductive Medicine
- Fetal Medicine
- Gynaecology
- Paediatrics & Neonatology
- Anaesthesiology & Pain management
- Casualty
- Physiotherapy & Rehabilitation
- Clinical nutrition
- Psychology
- Andrology & Urogynaecology
- Orthopaedics
- Cardiology
- Plastic surgery
- E.N.T
- Dentistry
- Dermatology & Cosmetology

സൈമർ
ദി വിമൻസ് ഹോസ്പിറ്റൽ | തൃശൂർ
കണിമംഗലം

+91 98466 00554 / +0487 222 4555

THULASEDALAM

Title No. KERMAL04598
RNI Reg: No.36078/1981

Posted at RMS, Thrissur

Published on 07-03-2025
March 2025, Price-15.00



SAROJA SINCE 1967
MULTI SPECIALITY HOSPITAL
A UNIT OF SAROJA NURSING HOME

PATIENT SAFETY & QUALITY OF CARE
NABH
CERTIFIED

നിങ്ങളുടെ സേവനത്തിന് 24 സ്പെഷ്യാലിറ്റികളോടെ

57 YEARS OF CARE AND TRUST

വർഷത്തെ സേവനപാരമ്പര്യവുമായി

# സരോജ

മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ, Ph: 0487 2335 145 / 2325 185
sarojanursinghome@gmail.com | www.sarojahospital.com



SAROJ
HOME CARE
A UNIT OF SAROJA NURSING HOME

Care & Trust
SINCE 1967

ആരോഗ്യ സംരക്ഷണം നിങ്ങളുടെ വീട്ടിലേക്ക്
നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് നിങ്ങൾ
കൊടുക്കുന്ന സ്നേഹ സംരക്ഷണം പോലെ

തൃശ്ശൂരിലെ പ്രധാന സ്ഥലങ്ങളിൽ സേവനം

വീട്ടിൽ പരിശോധന
പിക്കപ്പ് സംവിധാനം
ഡോക്ടറുടെ സേവനം വീടുകളിൽ
എമർജൻസി 24 x 7 പിക്കപ്പ്

അപ്പോയ്മെന്റിനായി
വിളിക്കുക / വാട്സാപ്പ് ചെയ്യുക
+91 81380 19090
+91 73563 99116

sarojhomecare@sarojahospital.com
sarojhomecare



Printed and Published by Sri. K.P. Gopakumar, General Secretary
For Pisharody Samajam at Kala Offset Printers, Punkunnam, Thrissur
Chief Editor: Smt. A.P. Saraswathy